# നന്മയുടെ ഗീതകങ്ങൾ

(ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ – ലഘു ജീവചരിത്രം)

ഫാ. തോമസ് പന്തപ്ലാക്കൽ സി. എം. ഐ



പ്രസാധകർ :

ക്രിസ്തു ജ്യോതി ഗ്രൂപ്പ്

ചെത്തിപ്പുഴ, ചങ്ങനാശ്ശേരി

# നന്മയുടെ ഗീതകങ്ങൾ

(ധർമ്മപാഠ്യം)

# NANMAYUDE GEETHAKANGAL

KR 865 / 15776

ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.

ഒരു ക്രിസ്തുജ്യോതി പ്രസിദ്ധീകരണം

# നന്മയുടെ ഗീതകങ്ങൾ (ധർമ്മപാഠ്യം)
# Nanmayude Geethakangal

---


*Author* : Fr. Thomas Panthaplackal CMI

*Published By* : KRISTU JYOTHI PUBLICATIONS

*First Published By* : 2007

*Cover Design* :

*Printed at* : Apple Graphics,Chry., Ph: 2429294.

*Price* :

**Kristu Jyoti Publicatio**

Chethipuzl

Kurisummoodu P.

Changanacher

# സന്ദേശം

വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം ഓരോരുത്തരെയും ബൗദ്ധികവും, ആത്മീയവും, ശാരീരികവുമായ തലങ്ങളിൽ അറിവും കഴിവും ഉള്ളവരാക്കി കുടുംബത്തിലും, സമൂഹത്തിലും സത്യവും നീതിയും നടപ്പിലാക്കി ദൈവത്തെയും സഹജീവികളെയും ആദരിക്കുന്ന വ്യക്തികളാക്കി തീർക്കുക എന്നതാണ്. ഈ ലക്ഷ്യപ്രാപ്തിക്കായി നടത്തുന്ന സംവിധാനമാണ് വിദ്യാലയങ്ങൾ. കുടുംബം കഴിഞ്ഞാൽ ഏറ്റം അധികം ആദരിക്കപ്പെടേണ്ട സ്ഥലമാണ് വിദ്യാലയം. ഇവിടെ നിന്നു സ്വീകരിക്കുന്ന പരിശീലനത്തിലൂടെയാണ് ഓരോ വ്യക്തിയും വ്യക്തിത്വ വികാസം പ്രാപിക്കുന്നവരായിത്തീരുന്നത്.

വിദ്യാലയങ്ങളിലെത്തുന്ന ഇളം മനസ്സുകളിൽ നന്മയുടെയും ശത്രു സ്നേഹത്തിന്റെയും, സഹിഷ്ണതയുടെയും, നീതിബോധത്തിന്റെയും, ത്യാഗത്തിന്റെയും, ദൈവാശ്രയബോധത്തിന്റെയും, വിത്തുകൾ പാകി അവരെ അമൂല്യനിധികളാക്കി ജീവിതത്തിലേയ്ക്ക് കൈപിടിച്ചുയർത്തുക എന്നത് അറിവുള്ളവർ ചെയ്തു കൊടുക്കേണ്ട വലിയ നന്മയുടെ ഭാവമാണ്.

കുട്ടികളിലുള്ള അടിസ്ഥാന പ്രവണതകളിൽ ഒന്നാണ് അനുകരണസ്വഭാവം. അനുകരണീയമെന്നു തോന്നുന്നതിനെ അവർ വേഗം ഉൾക്കൊള്ളും. സമുന്നതവ്യക്തികളുടെ ജീവിത മാതൃകകൾ ആകർഷണീയമായ വിധത്തിൽ അവരുടെ മുമ്പിൽ അവതരിപ്പിച്ചു കൊടുക്കണം. കുട്ടികൾക്ക് എല്ലാമേഖലകളിലും അനുകരണീയമായ വിധം, നമ്മുടെ നാട്ടിൽ തന്നെ ജനിച്ചുവളർന്ന് ജീവിതത്തെ പങ്കുവെച്ച, കുട്ടികളുടെ സർവ്വോന്മുഖമായ വളർച്ചയെ ആഗ്രഹിച്ച് പ്രോത്സാഹിപ്പിച്ച വ്യക്തിയാണ് ചാവറകുര്യാക്കോസ് ഏലിയാസച്ചൻ. കുട്ടികളുടെ പരിശീലനത്തിന് വ്യക്തമായ മാർഗ്ഗരേഖകൾ തന്ന ചാവറയച്ചനെ തന്നെ പഠന വിഷയമാക്കിക്കൊണ്ട് അദ്ദേഹത്തിന്റെ ജീവിതത്തിലൂടെ പങ്കുവെച്ച മൂല്യങ്ങൾ പാഠപുസ്തക രൂപേണ കുട്ടികൾക്ക് വേണ്ടി തയ്യാറാക്കിയിരിക്കുന്നു എന്നു കാണുന്നതിൽ അതിയായ സന്തോഷമുണ്ട്. ഇതിന് നേതൃത്വമെടുത്ത ബഹുമാനപ്പെട്ട ഫാ. പോൾ

താമരശ്ശേരിയച്ചനും, തോമസ് പന്തപ്ലാക്കലച്ചനും അഭിനന്ദനങ്ങ
അർപ്പിക്കുന്നു. കാലോചിതവും കുട്ടികളുടെ മനസ്സുകളിൽ ആദ്യം
പ്പിക്കേണ്ടതുമായ ചില മൂല്യങ്ങളാണ് ഈ ചെറു ഗ്രന്ഥത്തിൽ ചർ
വിഷയമാക്കിയിരിക്കുന്നത് എന്നതും പ്രശംസനീയം തന്നെ.

ലളിതമായ ഭാഷയിലും ചുരുങ്ങിയ പേജുകളിലുമായി അവത
പ്പിച്ചിരിക്കുന്ന പ്രഥമ മൂല്യങ്ങളുടെ സമാഹാരം കുട്ടികൾക്കുമാത്ര
കുട്ടികളെ പഠിപ്പിക്കേണ്ട അദ്ധ്യാപകർക്കും, മാതാപിതാക്കൾക
ഒരുപോലെ ഉപകാരപ്രദമാണ്. ഏതു മതസ്ഥർക്കും സ്വീകാര്യമാ
സദ്ചിന്തകൾ ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥം, ചാവറയച്ചൻ സൂചിപ്പിക്ക
ന്നതുപോലെ, എല്ലാ കുട്ടികളുടെയും ഗ്രന്ഥ ശേഖരത്തിൽ പെ
ത്തുവാൻ സ്നേഹപൂർവ്വം നിർദ്ദേശിക്കുന്നു. കുട്ടികളുടെ സ്വഭാ
വത്ക്കരണത്തിന് ഈ പുസ്തകത്തിലെ ചിന്തകൾ സഹായക
കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ചാവറ ഹിൽസ്
കാക്കനാട്

ഫാ. ആന്റണി കരിയിൽ സി.എം.ഐ
പ്രിയോർ ജനറ

# ആമുഖം

ജീവിതത്തെ നന്മയിലേക്കും വിശുദ്ധിയിലേയ്ക്കും നയിക്കുന്ന മൂല്യങ്ങൾ ഏതാണ് എന്ന് തിരിച്ചറിയാൻ പ്രയാസമാംവിധം തിന്മകളും തിന്മകൾ ചെയ്യാനുള്ള പ്രവണതകളും ലോകത്തിൽ പെരുകുകയാണ്. കൂടുതൽ സന്തോഷവും സമാധാനവും ഉള്ളവരായിത്തീരണം എന്നാണ് എല്ലാവരും ആഗ്രഹിക്കുന്നതും അതിനു വേണ്ടിയാണ് പരിശ്രമിക്കുന്നതും എന്നാൽ തിന്മകളെ തിരിച്ചറിയാൻ സാധിക്കാത്ത വിധം നന്മയുടെ ഭാവത്തിൽ കടന്നു വരുന്ന തിന്മകൾ മനുഷ്യന്റെ അതും കുട്ടികളുടെ സന്തോഷത്തെയും സമാധാനത്തെയും കെടുത്തികളയുകയാണ് ചെയ്യുന്നത്.ഇതിനു പ്രധാന കാരണം നല്ല മാതൃകകൾ കണ്ടെത്തുവാൻ കുട്ടികൾക്ക് കഴിയുന്നില്ല എന്നതാണ്.നിമിഷം കൊണ്ട് എല്ലാം നേടിയെടുക്കണം എന്ന വ്യഗ്രതയിൽ സുഖലോലുപതയ്ക്കും, അധാർമ്മിക സംതൃപ്തിക്കും പ്രാധാന്യമേറുന്നതുകൊണ്ട് ത്യാഗമൂർത്തികളുടെ ജീവിതം കുട്ടികൾക്ക് അനാകർഷകമായിത്തീരുന്നു. പ്രാർത്ഥിക്കണമെന്നോ, പ്രായം ചെന്നവരെ ബഹുമാനിക്കണമെന്നോ, ജീവിതം നീതിനിഷ്ടമായിരിക്കണമെന്നോ, സാഹോദര്യവും സൗഹൃദവും നിറഞ്ഞതായിരിക്കണമെന്നോ ഉള്ള ചിന്തകൾ മനുഷ്യഹൃദയങ്ങളിൽ നിന്ന് അകന്നകന്നു പൊയ്ക്കൊണ്ടിരിക്കുന്നു.

കർമ്മയോഗിയും, കുട്ടികളുടെ സ്നേഹിതനുമായ ചാവറയച്ചൻ ഈ രംഗത്ത് പ്രത്യാശയുടെ കിരണങ്ങളുമായി കടന്നു വരുന്നു. ദൈവസ്നേഹത്തിൽ നിന്നുരുത്തിരിഞ്ഞ, സഹോദരരുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കാവശ്യമായ നന്മകൾ ചെയ്തുകൊണ്ട് നമ്മുടെ നാട്ടിൽ തന്നെ മഹനീയ മാതൃകകളിലൂടെ സ്വജീവിതത്തെ പങ്കുവെച്ച ചാവറയച്ചനെ എല്ലാവരും പ്രത്യേകിച്ച് കുട്ടികൾ അറിഞ്ഞിരിക്കണം; മാതൃകയാക്കണം. ഈ ഉദ്ദേശത്തോടെ ചാവറയച്ചനെ ഈ ചെറുഗ്രന്ഥത്തിലൂടെ പരിചയപ്പെടുത്തുന്നു.ഒരു വ്യക്തിയെ കൂടുതൽ സ്നേഹിക്കയും അനുകരിക്കുകയും ചെയ്യണമെങ്കിൽ ആ വ്യക്തിയെ കൂടുതലായി അറിയുക ആവശ്യമാണ്. ഇതിന് ചാവറയച്ചന്റെ ലഘു ജീവചരിത്രം നമ്മെ സഹായിക്കും.അതുപോലെ ഒരു വ്യക്തിയിലൂടെ ലഭിച്ചനന്മകളെ വേർതിരിക്കണമെങ്കിൽ അയാൾ ജീവിച്ചിരുന്ന കാലഘട്ടത്തിന്റെ പ്രത്യേകതകൾ തിരിച്ചറിയണം.

19-ാം നൂറ്റാണ്ടിന്റെ തുടക്കത്തിലെ കേരളത്തിന്റെ പ്രത്യേകതകളെ മനസ്സിലാക്കുക ചാവറയച്ചനെക്കുറിച്ചുള്ള അറിവിനാവശ്യമാണ്.

തുടർന്നുള്ള മൂന്ന് ചെറു അദ്ധ്യായങ്ങളിലൂടെ ചാവറയച്ചനെ മാതൃകയാക്കി നിർത്തിക്കൊണ്ട് അറിവു സമ്പാദിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ചും, ആത്മ നിയന്ത്രണം പാലിക്കുന്നതിന്റെ ഉപകാരം എന്തെന്നും, പ്രാർത്ഥനയിലൂടെ നീതിനിഷ്ടമായ ജീവിതത്തെ എങ്ങിനെ വളർത്തിയെടുക്കണമെന്നും, ശത്രുക്കളെപ്പോലും മനുഷ്യൻ സ്നേഹിക്കേണ്ടവനാണെന്നും, മാതാപിതാക്കളെയും തന്നെക്കാൾ മുതിർന്നവരെയും അനുസരിക്കേണ്ടതിന്റെ ആവശ്യം എന്താണെന്നും വ്യക്തമാക്കിയിരിക്കുന്നു. അതിന്റെ പിന്നാലെയുള്ള മൂന്നദ്ധ്യായങ്ങളിലൂടെ ഒരു നേതാവ് ആരായിരിക്കണമെന്നും, മത സൗഹാർദ്ദം ഭാരതീയന്റെ മുഖമുദ്രയായിരിക്കണമെന്നും, ജീവിതസഹനങ്ങളോട് നാം എങ്ങിനെയാണ് പ്രതികരിക്കേണ്ടത് എന്നും വ്യക്തമാക്കുന്നു.

മാസത്തിലെ ഓരോ ദിവസത്തിനും പറ്റിയ പ്രത്യേക ചിന്താവിഷയങ്ങളായി ചാവറയച്ചൻ കുട്ടികൾക്ക് നല്കുന്ന 31 സൂക്തങ്ങളാണ് പ്രതിപാദ്യ വിഷയം. ഓരോ സൂക്തങ്ങളും ജീവിതഗന്ധിയായ മൂല്യങ്ങളാണ്. ഇവ നമ്മുടെ ജീവിതത്തിൽ പ്രായോഗികമാക്കാൻ സാധിച്ചാൽ ഒരു നല്ല മനുഷ്യനെ കണ്ടെത്തുവാൻ വേറൊരിടത്തും അന്വേഷിക്കേണ്ടതില്ല.

പ്രായോഗിക ജിവിതത്തിൽ കുട്ടികളെ ധാർമ്മിക മൂല്യങ്ങൾ പഠിപ്പിക്കുവാൻ പറ്റിയ വിധം ചാവറയച്ചന്റെ ജീവിതമൂല്യങ്ങളെ അടിസ്ഥാനപ്പെടുത്തി ഒരു ചെറു പാഠ്യപുസ്തകം തയ്യാറാക്കി കൊടുക്കണം എന്ന് ബഹുമാനപ്പെട്ട ഫാ. പോൾ താമരശ്ശേരി സി.എം.ഐ. ആവശ്യപ്പെട്ടതുകൊണ്ടാണ് ഇങ്ങിനെ ഒരു ചെറു ഗ്രന്ഥം രൂപപ്പെടുത്തുവാൻ ഞാൻ പ്രേരിതനായത്. വളരെ നാളുകളായി എന്റെ മനസ്സിൽ ആഗ്രഹിച്ചു സൂക്ഷിച്ചിരുന്ന ചാവറയച്ചന്റെ ജീവിതമൂല്യങ്ങളെ എഴുത്തു രൂപത്തിൽ പുറത്തുകൊണ്ടുവരുവാൻ ഇതൊരു നിമിത്തമായി.പോളച്ചനെ നന്ദിയോടെ ഓർക്കുന്നു. മലയാളികളുടെ ആത്മീയ പിതാവു കൂടിയായ ചാവറയച്ചൻ സകല മലയാളി കുട്ടികളുടെയും ഹൃദയത്തിൽ ചിരപ്രതിഷ്ഠ നേടുവാൻ ഈ ചെറു ഗ്രന്ഥം സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.

# ഉള്ളടക്കം

1. ചാവറയച്ചന്റെ ലഘുജീവചരിത്രം

2. കേരളം - ചാവറയച്ചന്റെ കാലഘട്ടത്തിൽ

3. അറിവിന്റെ വഴികളിലെ ചാവറയച്ചൻ

4. ആത്മനിയന്ത്രണം എന്നതിലെ മഹത്വം

5. ദൈവം നമ്മുടെ കൂട്ടുകാരനാണ്

6. നീതിയുടെ നിയമം

7. ശത്രുക്കളെ എങ്ങനെ സ്നേഹിക്കാം

8. അനുസരണത്തിന്റെ മഹനീയത

9. ആരാണ് നേതാവ്

10. മതസൗഹാർദ്ദവും മതസഹിഷ്ണുതയും ഭാരതീയന്റെ പൈതൃകം.

11. ജീവിത സഹനങ്ങളോട് എങ്ങനെ പ്രതികരിക്കാം.

12. ചാവറയച്ചൻ കുട്ടികളോട് സംസാരിക്കുന്നു.

# അദ്ധ്യായം - 1

# ചാവറയച്ചന്റെ ലഘുജീവചരിത്രം

ഒരു വ്യക്തിയെ കൂടുതൽ ഇഷ്ടപ്പെടുവാനും സ്നേഹിക്കുവാനും നമ്മുടെ മുമ്പിൽ വ്യക്തമായ ചില ന്യായങ്ങളുണ്ടായിരിക്കണം. ഇവ സൗന്ദര്യമോ കഴിവോ സ്വഭാവമോ പെരുമാറ്റമോ തുടങ്ങി എന്തുമാവാം. പലതും പെട്ടെന്ന് ആകർഷകമായി തോന്നിയാലും അവ നിലനില്ക്കുന്ന ഗുണങ്ങളായിരിക്കണമെന്നില്ല. മഹാത്മാഗാന്ധിയും മദർതെരേസയുമൊക്കെ നമ്മുടെ മനസ്സിൽ ചിരപ്രതിഷ്ഠ നേടിയവരാണ്. കാരണം അവരുടെ വാക്കുകളും പ്രവൃത്തികളും നമുക്കു നല്ല മാതൃകയാണെന്നതു തന്നെ. ഇത്തരത്തിലുള്ളവരെക്കുറിച്ച് കൂടുതൽ അറിയുവാൻ നമുക്ക് ആഗ്രഹം തോന്നും. അവരുടെ ജീവിതത്തിൽ നിന്നും അനേകം കാര്യങ്ങൾ നമുക്ക് പഠിക്കാനുണ്ട്.

കേരളത്തിൽ നമ്മുടെ പൂർവ്വികരുടെയിടയിൽ ജനിച്ചു വളർന്ന് നമ്മുടെ നാടിന്റെ സർവ്വതോമുഖമായ വളർച്ചയ്ക്കുവേണ്ടി പലതും ചെയ്യുകയും അതിനു വഴിതുറക്കുകയും ചെയ്ത ഒരാളാണ് ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. ഇന്നത്തെ കേരളത്തെ സാക്ഷര കേരളമാക്കി മാറ്റുന്നതിന് അദ്ദേഹം ചെയ്ത സംഭാവന വിലപ്പെട്ടതായിരുന്നു. നിരാലംബരെ സംരക്ഷിക്കുകയും പാവപ്പെട്ടവരെയും അധഃകൃതരെയും ഉദ്ധരിക്കുകയും മതസഹിഷ്ണുതയുടെയും ശത്രുസ്നേഹത്തിന്റെയും മാതൃകകൾ കാട്ടിത്തരുകയും ചെയ്ത ഒരു മഹദ്‌വ്യക്തിയായിരുന്നു ചാവറയച്ചൻ. അദ്ദേഹത്തിന്റെ ജീവചരിത്രം ലഘുവായിട്ടെങ്കിലും അറിഞ്ഞിരിക്കുക നമ്മുടെ കടമയാണ്.

## ചാവറയച്ചന്റെ കുടുംബപശ്ചാത്തലം

താഴ്ന്ന ജാതിക്കാർ തൊട്ട് അശുദ്ധമാക്കിയ വസ്തുക്കൾ നസ്രാണിക്രിസ്ത്യാനികൾ തൊട്ടാൽ ശുദ്ധമാകും എന്നൊരു വിശ്വാസം പണ്ടു കാലത്തുണ്ടായിരുന്നു. മാത്രമല്ല അവർ പൊതുവെ ധീരരും ശക്തരും കൂടിയായിരുന്നു. ഈ കാരണങ്ങളാൽ രാജകൊട്ടാരങ്ങളോടും ബ്രാഹ്മണ കുടുംബങ്ങളോടും ചേർന്ന് ക്രിസ്ത്യാനികളെ ആശ്രിതരായി താമസി

പ്പിച്ചിരുന്നു. ഈ പതിവനുസരിച്ച് കൈനകരിയിലെ മുക്കാട്ടുമഠം ഇല്ലക്കാർ കുറുവിലങ്ങാട് പകലോമറ്റം കുടുംബത്തിലെ ഒരു വീട്ടുകാരെ ഇവിടെ കൊണ്ടുവന്നു താമസിപ്പിച്ചു. മുക്കാട്ടുമഠം കുടുംബത്തിന്റെ ആശ്രിതരായി മാറിയ ഇവർ പിന്നീട് ആ കുടുംബപ്പേരിൽ തന്നെ അറിയപ്പെടുവാൻ തുടങ്ങി. ഇവിടെ നിന്ന് പിന്നീട് ചിലർ പുതിയ വീടുകളിലേയ്ക്ക് മാറിത്താമസിച്ചപ്പോൾ മീനപ്പള്ളി, കാളാശ്ശേരി എന്നീ വീട്ടുപേരുകളിൽ അറിയപ്പെട്ടു. മീനപ്പള്ളി കുടുംബം വീണ്ടും വിഭജിച്ച് മാമ്പ്ര, ചാവറ, കളിപ്പറമ്പ്, വള്ളോൻതറ എന്നീ പേരുകളിൽ തുടർന്നു.

ഏതാണ്ട് 225 വർഷങ്ങൾക്ക് മുമ്പായിരിക്കണം കിഴക്കേ ചാവറയുടെ ആരംഭം. കൈനകരി പമ്പാനദിയുടെ പടിഞ്ഞാറെക്കരയിൽ താമസിച്ചിരുന്ന മീനപ്പള്ളിൽ നിന്ന് ഒരു മകൻ കുര്യാക്കോസ്, നദിയുടെ കിഴക്കേ കരയിലേയ്ക്ക് താമസം മാറ്റി. കുര്യാക്കോസും ഭാര്യ മറിയവും ചെന്നുതാമസിച്ചത് ചാവറ എന്നപേരിൽ അറിയപ്പെട്ടിരുന്ന ഹൈന്ദവകുടുംബത്തിന്റെ കിഴക്കുവശത്തായിരുന്നു. നാട്ടുകാർക്ക് പരിചയപ്പെടുത്തുവാൻ എളുപ്പത്തിനായി കുര്യാക്കോസിന്റെ കുടുംബത്തെ കിഴക്കേചാവറക്കാർ എന്നു വിളിച്ചു. പിന്നീടത് ചാവറയച്ചന്റെ കുടുംബപ്പേരായി മാറി.

## ചാവറയച്ചന്റെ ജനനവും ബാല്യകാലവും

തോമ്മാശ്ലീഹായാൽ സ്നാനം സ്വീകരിച്ച പകലോമറ്റം കുടുംബത്തിന്റെ തായ്വഴിയിൽ കുര്യാക്കോസിന്റെയും മറിയത്തിന്റെയും ആറാമത്തെ സന്താനമായി കൊച്ചുകുര്യാക്കോസ് 1805 ഫെബ്രുവരി 10-ാം തീയതി ഭൂജാതനായി. ഒരു സഹോദരനും നാലു സഹോദരിമാരുമായിരുന്നു ചാവറയച്ചനുണ്ടായിരുന്നത്. ജനിച്ച് 8-ാം ദിവസം ഇടവകയായ ചേന്നങ്കരി പള്ളിയിൽ വച്ച് ശിശുവിന് ജ്ഞാനസ്നാനം നല്കി. മാതാവിന്റെ നാമത്തിൽ പ്രസിദ്ധമായ വെച്ചൂർ പള്ളിയിൽ സെപ്റ്റംബർ 8-ാം തീയതി അമ്മ മറിയം കര്യാക്കോസിനെ മാതാവിനടിമവെച്ചു. ഇനിമേൽ ഞാനല്ല, മാതാവാണ് നിന്റെ അമ്മ എന്നു പറഞ്ഞ് മാതാവിനു സമർപ്പിച്ചിട്ടുള്ള കാര്യം മകൻ വളർന്നുവന്നപ്പോൾ അമ്മ ഓർമ്മിപ്പിക്കുമായിരുന്നു.

കനിഷ്ഠപുത്രനായിരുന്നതിനാലും ശിശുപ്രായത്തിൽ തന്നെ കോമള ഗാത്രനായിരുന്നതിനാലും മാതാപിതാക്കന്മാരുടെ ഓമന മകനായി കുര്യാക്കോസ് വളർന്നു. ഭക്തയായ മാതാവ് മുലപ്പാലോടു കൂടിത്തന്നെ ആത്മീയ ഭക്ഷണവും കൊടുത്താണ് മകനെ വളർത്തിയത്.

'ആത്മാനുതാപം' എന്ന കൃതിയിൽ തന്റെ കുട്ടിക്കാലത്തെക്കുറിച്ചുള്ള ഓർമ്മകൾ അച്ചൻ തന്നെ സൂചിപ്പിക്കുന്നുണ്ട്. പാതിരാവിൽ അമ്മയോടൊപ്പം ഉണർന്നിരുന്ന് സുകൃതജപങ്ങൾ ചൊല്ലിയിരുന്നു അദ്ദേഹം. വാത്സല്യ നിധിയായിരുന്ന അമ്മയുടെ തറപ്പിച്ചുള്ള നോട്ടമായിരുന്നു കൊച്ചുകുര്യാക്കോസിനുള്ള വലിയ ശിക്ഷ.

അഞ്ചാം വയസ്സിൽ ആശാൻ കളരിയിൽ ചേർന്ന് വിദ്യാഭ്യാസം ആരംഭിച്ചു. അമ്മയോടും സഹോദരങ്ങളോടുമൊത്ത് സുകൃതജീവിതം മാത്രം കണ്ടറിഞ്ഞു വളർന്നുവന്ന കുര്യക്കോസിന് കൂട്ടുകാർ ഉച്ചരിക്കുന്ന ചീത്തവാക്കുകളും പരസ്പരമുള്ള വഴക്കുകളും അസഹനീയമായിരുന്നു. ഈ സാഹചര്യത്തിൽ ജീവിച്ചാൽ ദൈവസ്നേഹത്താൽ നിറയപ്പെടേണ്ട തന്റെ ഹൃദയം മാലിന്യത്താൽ നിറയും എന്നതായിരുന്നു അദ്ദേഹത്തിന്റെ ഏറ്റവും വലിയ ദുഃഖം. എന്തുവിലകൊടുത്തും പാപത്തെയും സ്നേഹമില്ലായ്മയെയും അതിജീവിക്കുകയെന്ന ചാവറയച്ചന്റെ മരണം വരെയുള്ള പരിശ്രമത്തിൽ അദ്ദേഹം വിജയിക്കുക തന്നെ ചെയ്തു.

## ദൈവവിളിയുടെ വഴികൾ തുറക്കുന്നു.

ആശാൻ കളരിയിൽ തുടർച്ചയായ അഞ്ചുവർഷത്തെ പഠനം പൂർത്തിയാക്കുന്നവർ അക്കാലത്ത് വിരളമായിരുന്നു. കുര്യാക്കോസ് അഞ്ചുവർഷം കൊണ്ട് മലയാളത്തിലും കണക്കിലും പ്രാവീണ്യം നേടി. ഒപ്പം തമിഴും സംസ്കൃതവും കൈവശമാക്കുകയും ചെയ്തു. ആയിടയ്ക്കാണ് പള്ളിപ്പുറത്തുള്ള ഇടവക സെമിനാരിയിലെ റെക്ടർ മല്പാൻ തോമസ് പാലയ്ക്കൽ കൈനകരിയിലെത്തിയത്. ദൈവം കുര്യാക്കോസിൽ വിതച്ചുവച്ചിരുന്ന ദൈവവിളിയുടെ വിത്ത് പൊട്ടിവിടരാൻ ഇതു നിമിത്തമായി. ശാന്തനും സൽസ്വഭാവിയുമായ കുര്യാക്കോസിനെ മല്പാനച്ചന് ഒറ്റനോട്ടത്തിൽ തന്നെ ഇഷ്ടമായി. തന്റെ ഇംഗിതം മാതാപിതാക്കളെ അറിയിച്ചെങ്കിലും ഓമനപുത്രനെ അകലേയ്ക്കയയ്ക്കുവാൻ അവർ വിസ്സമ്മതിച്ചു. മറ്റു ബന്ധുമിത്രാദികളുടെയും വികാരിയച്ചന്റെയും ഉപദേശത്തെമാനിച്ച്, ദൈവദാനമായ പുത്രനെ ദൈവശുശ്രൂഷയ്ക്കായി വിട്ടുകൊടുക്കുവാൻ അവസാനം അവർ തയ്യാറായി.

സെമിനാരി ജീവിതത്തിന്റെ ആദ്യപടിയായി ചേന്നങ്കരി പള്ളിയിൽ വികാരിയച്ചനോടുകൂടി താമസിച്ചു കൊണ്ട് ആദ്യപരിശീലനം ആരംഭിച്ചു. ദിവ്യബലിയിൽ സംബന്ധിക്കാനും ആവശ്യമായ ശുശ്രൂഷചെയ്യാനും ഒപ്പം വിശുദ്ധിയിൽ ജീവിക്കാനും തെറ്റുകൾ തിരുത്താനും

ഗുരുശ്രേഷ്ഠൻ തന്നെ സഹായിച്ചെന്ന് പില്ക്കാലത്ത് ചാവറയച്ചൻ അനുസ്മരിക്കുന്നുണ്ട്.

## ജീവിതത്തിലെ വിളിയും വെല്ലുവിളിയും

രണ്ടു വർഷത്തെ ഇടവക പരിശീലനത്തിനുശേഷം 1818-ൽ 13-ാം വയസ്സിൽ പള്ളിപ്പുറം സെമിനാരിയിൽ ചേർന്ന് പാലയ്ക്കലച്ചനോടൊപ്പം വൈദികപഠനം ആരംഭിച്ചു. അറിവിലും കഴിവിലും വിശുദ്ധിയിലും അതിശയനീയമാം വിധം വളർന്നുകൊണ്ടിരിക്കെ ജീവിതത്തിൽ വലിയ ഒരു പ്രതിസന്ധിയെ അദ്ദേഹത്തിനു നേരിടേണ്ടതായിവന്നു. കൈനകരി പ്രദേശത്ത് പടർന്നുപിടിച്ചപകർച്ചവ്യാധിമൂലം കുര്യാക്കോസിന്റെ അപ്പനും അമ്മയും ഏകസഹോദരനും മരണമടഞ്ഞു. പകർച്ചവ്യാധിപടർത്തിയ ഭീതി മൂലം മാതാപിതാക്കളെയും സഹോദരനെയും അവസാനമായി ഒന്നു കാണുവാൻ പോലും അദ്ദേഹത്തിന് അനുവാദം ലഭിച്ചില്ല. എന്നാൽ അവശേഷിക്കുന്ന ഏകമകൻ എന്നനിലയ്ക്ക് കുടുംബത്തിന്റെ ചുമതല ഏറ്റെടുക്കുവാനുള്ള വെല്ലുവിളിയുടെ മുമ്പിൽ കൊച്ചു കുര്യാക്കോസ് ഉത്തരമില്ലാതെ പകച്ചുനിന്നു. കുടുംബം നിലനിർത്തുവാനായി വൈദികജീവിതം ഉപേക്ഷിക്കുവാൻ ബന്ധുമിത്രാദികൾ നിർബന്ധിച്ചു. ജ്യേഷ്ഠന്റെ ശിശുപ്രായം വിടാത്ത ഏകമകളെയും അവളുടെ അമ്മയെയും ആരു സംരക്ഷിക്കും. സ്വതന്ത്രമായ ഒരു തീരുമാനമെടുക്കുവാൻ നിർബന്ധിതനായ കുര്യാക്കോസ് മാതാവിലാശ്രയിച്ചു. കണ്ണുനീരോടെ പ്രാർത്ഥിച്ചു. തന്റെ സഭയെ ശുശ്രൂഷിക്കാനായി കുര്യാക്കോസിനെ തിരഞ്ഞെടുത്ത ദൈവം ആ പ്രാർത്ഥന കേട്ടു. മൂത്ത സഹോദരിയും ഭർത്താവും കുടുംബഭാരം ഏറ്റെടുത്തു. ശാന്തമായ ഹൃദയവുമായി കുര്യാക്കോസ് സെമിനാരി ജീവിതം തുടർന്നു. 1829 നവംബർ 29-ാം തീയതി അർത്തുങ്കൽ പള്ളിയിൽവച്ച് പൗരോഹിത്യം സ്വീകരിച്ചു. അടുത്ത ദിവസം തന്നെ ചേന്നങ്കരി പള്ളിയിൽ പ്രഥമബലി അർപ്പിച്ചു.

## ചാവറയച്ചനും സി.എം.ഐ സഭയും

ചാവറയച്ചൻ സെമിനാരിയിലായിരുന്നപ്പോൾ തന്നെ വളർന്നുവന്ന ചിന്തയാണ് സന്യാസജീവിതം എന്നത്. പാലയ്ക്കലച്ചന്റെയും സുഹൃത്തായ പോരൂക്കര തോമ്മാച്ചന്റെയും സഹായത്തോടെ ഭാരതത്തിലെ പ്രഥമ ദേശീയസഭയായ സി.എം.ഐ (അമലോത്ഭവ മാതാവിന്റെ കർമ്മല സഭ) സഭയ്ക്കു രൂപം നല്കി. 1831 മെയ് 11-ാം തീയതി മാന്നാനത്ത് സന്യാസജീവിതം ആരംഭിച്ചെങ്കിലും 1855-ലാണ് നിയമപ്രകാരം സന്യാ

സവ്രതം അനുഷ്ഠിക്കുവാൻ അനുവാദം ലഭിച്ചത്. 1855 ഡിസംബർ 8 ന് അമലോത്ഭവ മാതാവിന്റെ ദാസസംഘത്തിൽ ചാവറയച്ചന്റെ നേതൃത്വത്തിൽ 11 പേർ വ്രതം സ്വീകരിച്ചു. അദ്ദേഹം സഭയുടെ ഔദ്യോഗിക സുപ്പീരിയറായി സ്ഥാനമേറ്റെടുത്തു. പിന്നീട് സഭയുടെ പേര് കർമ്മലീത്താ നിഷ്പാദുക മൂന്നാം സഭ എന്നും 1958 മുതൽ സി.എം.ഐ സഭ എന്ന പേരിലും അറിയപ്പെടുന്നു.

പിന്നീട് ചാവറയച്ചൻ ശ്രദ്ധ പതിപ്പിച്ചത് വൈദികർക്ക് താമസിച്ചു പഠിക്കുന്നതിനായി ഒരു സെമിനാരി സ്ഥാപിക്കുന്നതിലായിരുന്നു. അങ്ങനെ 1833 ൽ മാന്നാനത്ത് സീറോ മലബാർ സഭയിലെ ആദ്യത്തെ പൊതു സെമിനാരി ആരംഭിച്ചു. 1844 ൽ അന്നത്തെ മെത്രാൻ ചാവറയച്ചനെ സെമിനാരിയുടെ മല്പാനായി ഉയർത്തിക്കൊണ്ട് പ്രത്യേക അധികാരങ്ങൾ ഏല്പിച്ചു. ചാവറയച്ചന്റെ കാലത്തുതന്നെ 150 പേർക്കുവരെ ഒരുമിച്ചു താമസിച്ചു പഠിക്കുവാനുള്ള സൗകര്യം മാന്നാനം സെമിനാരിക്കുണ്ടായിരുന്നു.

## ചാവറയച്ചനും വിദ്യാഭ്യാസരംഗവും

വൈദികരംഗത്തെ നിസ്തുലമായ നേട്ടങ്ങൾക്കു ശേഷം ചാവറയച്ചന്റെ അടുത്ത ശ്രമം കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് ചലനാത്മകമായ വിപ്ലവം സൃഷ്ടിക്കുന്നതിലായിരുന്നു. വരേണ്യ വർഗ്ഗത്തിനായി വിദ്യാഭ്യാസത്തെ ഒതുക്കിനിർത്തിയിരുന്ന സമൂഹത്തിൽ ക്രൈസ്തവരുടെ നില തുലോം ദയനീയമായിരുന്നു. തീണ്ടലും തൊടീലും ഉച്ചനീചത്വങ്ങളും കാരണം വിദ്യാഭ്യാസം നിഷിദ്ധമായ അവസ്ഥ. സമുദായോദ്ധാരണത്തിനായി യത്നിച്ച ചാവറയച്ചനു മുന്നിൽ തെളിഞ്ഞ ഏക മാർഗ്ഗം സംസ്കൃത വിദ്യാഭ്യാസം സമൂഹത്തിൽ നടപ്പിലാക്കുക എന്നതായിരുന്നു. മറ്റുള്ളവരുടെ എതിർപ്പുകളെ മറികടന്ന് 1846 ൽ ചാവറയച്ചൻ മാന്നാനത്തു ഒരു സംസ്കൃതസ്കൂൾ സ്ഥാപിച്ചു. തൃശൂര് നിന്നുള്ള ഒരു വാര്യരെ അദ്ധ്യാപകനായി നിയമിക്കുകയും ചെയ്തു. പഠിക്കാൻ താല്പര്യമുള്ള ഏതു മതസ്ഥർക്കും പ്രവേശനം നല്കി.

എല്ലാ പള്ളികളോടും ചേർന്ന് പള്ളിക്കൂടങ്ങൾ സ്ഥാപിക്കണമെന്ന തന്റെ ആശയം മെത്രാൻ വഴി സമൂഹത്തിൽ എത്തിക്കുവാൻ ചാവറയച്ചനു കഴിഞ്ഞു. താൻ സ്ഥാപിച്ച എല്ലാ സന്യാസസഭകളോടും ചേർന്ന് അദ്ദേഹം സ്കൂളുകൾ സ്ഥാപിക്കുകയും ചെയ്തു. കുട്ടികൾക്ക് ആഹാരം, വസ്ത്രം, പഠനോപകരണങ്ങൾ ഇവ സൗജന്യമായി വിതരണം

ചെയ്തു. തിരുവിതാംകൂർ സർക്കാർപോലും 1936 ലാണ് സ്കൂളുകളിൽ ഉച്ചക്കഞ്ഞി സമ്പ്രദായം ആരംഭിച്ചത്. അതിനു പ്രചോദനമായത് ചാവറയച്ചൻ സ്ഥാപിച്ച സ്കൂളുകൾ തന്നെയായിരുന്നുവെന്ന് കേരളചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. വിദ്യാഭ്യാസ രംഗം കാര്യക്ഷമമായി തുടർന്നു പോകണമെങ്കിൽ അച്ചടി വിദ്യ വികസിപ്പിക്കുകയേ നിവൃത്തിയുള്ളൂ എന്നു മനസ്സിലാക്കിയ ചാവറയച്ചൻ 1846-ൽ അന്നത്തെ സർക്കാരിന്റെ അനുമതിയോടെ മാന്നാനത്ത് ഒരു പ്രസ്സ് ആരംഭിച്ചു. മലയാളത്തിലെ ആദ്യത്തെ ദിനപ്പത്രമായ നസ്രാണി ദീപിക - ഇന്നത്തെ ദീപിക - ദിനപത്രം - ആദ്യമായി ജന്മമെടുത്തത് ഈ പ്രസ്സിലായിരുന്നു.

## കേരളസഭയുടെ ഐക്യം

കത്തോലിക്കാസഭയെ മാതൃതുല്യം സ്നേഹിച്ചിരുന്ന ചാവറയച്ചന്റെ ജീവിതത്തിലെ പ്രതിസന്ധിയുടെ നിമിഷങ്ങളായിരുന്നു ബാഗ്ദാദിൽ നിന്നുള്ള റോക്കോസ് മെത്രാന്റെ ആഗമനവും തുടർന്നുള്ള സംഭവങ്ങളും. സ്വന്തം റീത്തിൽപ്പെട്ട ഒരു മെത്രാനുവേണ്ടി ആഗ്രഹിച്ചു കഴിഞ്ഞിരുന്ന ആളുകളുടെയിടയിലേക്ക് വന്ന അദ്ദേഹം താൻ മാർപ്പാപ്പയാൽ അയയ്ക്കപ്പെട്ട, സുറിയാനിക്കാരുടെ മെത്രാനാണെന്ന് ആളുകളെയും വൈദികരെയും തെറ്റിദ്ധരിപ്പിച്ചു. എല്ലാവരും അദ്ദേഹത്തിന്റെ പിന്നാലെ പോയി. കേരളത്തിൽ 154 സുറിയാനിപ്പള്ളികൾ ഉണ്ടായിരുന്നതിൽ 86 എണ്ണം പൂർണ്ണമായും 30 എണ്ണം ഭാഗികമായും ചുരുങ്ങിയ മാസങ്ങൾക്കുള്ളിൽ റോക്കോസ് മെത്രാനോടു ചേരുകയും ചെയ്തു. വരാപ്പുഴ മെത്രാന്റെ നേതൃത്വത്തിൽ ജനങ്ങളെയും വൈദികരെയും സത്യാവസ്ഥ ബോധ്യപ്പെടുത്താൻ നടത്തിയ ശ്രമങ്ങൾ പരാജയപ്പെട്ടപ്പോൾ സർവ്വാദരണീയനായ ചാവറയച്ചനെ സീറോമലബാർ സഭയുടെ മുഴുവൻ വികാരി ജനറാളായി മെത്രാൻ പ്രഖ്യാപിച്ചു. റോക്കോസ് മെത്രാനെ മാർപ്പാപ്പ അയച്ചതല്ലെന്ന് അദ്ദേഹത്തിൽ നിന്നു നേരിട്ടറിഞ്ഞ ചാവറയച്ചൻ മാർപ്പാപ്പയുടെ കത്തുമായി പള്ളികൾതോറും കയറിയിറങ്ങി സത്യാവസ്ഥ എല്ലാവരെയും അറിയിച്ചു. അങ്ങനെ കത്തോലിക്കാസഭയെ അനൈക്യത്തിൽ നിന്നും അദ്ദേഹം രക്ഷിച്ചു.

## സന്യാസിനീ സഭാസ്ഥാപനം

അകത്തളത്തിൽ ഒതുങ്ങിക്കഴിഞ്ഞിരുന്ന സ്ത്രീജനങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള ശ്രമമായിരുന്നു 1857 മുതൽ ചാവറയച്ചന്റേത്. സ്ത്രീജനങ്ങൾക്കു നേതൃത്വം നല്കുവാനായി

സ്ത്രീകളെ തന്നെ ഉത്തരവാദിത്വം ഏല്പിക്കുകയും അവർക്കായി സന്യാസ ജീവിതത്തിന്റെ പാതതുറക്കുകയും ചെയ്തു. 1859ൽ ഇവർക്കായി വരാപ്പുഴയിൽ ഒരു മഠം പണിയുവാനുള്ള ശ്രമം ആരംഭിച്ചെങ്കിലും റോക്കോസ് മെത്രാന്റെ വരവ് അതിനു ഭംഗം വരുത്തി. കാലക്രമത്തിൽ അവിടം സെമിനാരിയായി.

പിന്നീട് 1866 ൽ ലയോപോൾഡ്മിഷനറിയുടെ സഹായത്തോടെ കൂനമ്മാവിൽ ആദ്യത്തെ സന്യാസിനി മഠത്തിനും സന്യാസിനി സമൂഹത്തിനും രൂപം നല്കാൻ ചാവറയച്ചനു കഴിഞ്ഞു. ഇന്നത്തെ സി.എം.സി. സഭയുടെ തുടക്കം ഇപ്രകാരമായിരുന്നു. ആത്മീയ കാര്യങ്ങളോടൊപ്പം സാമൂഹികരംഗത്തും ചാവറയച്ചന്റെ ശ്രദ്ധ പതിഞ്ഞിരുന്നു. പെൺകുട്ടികൾക്കായി മഠങ്ങളോടു ചേർന്ന് സ്കൂളുകൾ സ്ഥാപിച്ചു. തൊഴിൽ കേന്ദ്രങ്ങൾ അവർക്കായി തുറന്നു.

## ഉപവി ശാലകളുടെ ആരംഭം

വാർദ്ധക്യത്തിലേക്കും മരണത്തിലേക്കും അടുത്തുകൊണ്ടിരിക്കുന്നു എന്നു മനസ്സിലാക്കിയ ചാവറയച്ചന്റെ മറ്റൊരാഗ്രഹമായിരുന്നു വൃദ്ധർക്കും രോഗികൾക്കും, അഗതികൾക്കുമായുള്ള ഒരഭയകേന്ദ്രം. മറ്റുള്ളവരെ പ്രബുദ്ധരാക്കി താൻ ആഗ്രഹിക്കുന്ന നല്ലപദ്ധതികൾ അവരെക്കൊണ്ട് നടപ്പിലാക്കിക്കുക എന്നതായിരുന്നു അച്ചന്റെ പ്രവർത്തനശൈലി. ഇതിനായി കൈനകരിയിലെ വീട്ടുകാരും നാട്ടുകാരുമായ ആളുകളെ അദ്ദേഹം പ്രേരിപ്പിച്ചു. ഒരു സന്നദ്ധ സംഘടനയ്ക്കു രൂപം നല്കി അതിലൂടെ ഒരു ആശാകേന്ദ്രം നിർമ്മിക്കുക എന്നതായിരുന്നു പദ്ധതി. ഇതിലെ നന്മതിരിച്ചറിഞ്ഞ ജനങ്ങൾ ആവേശത്തോടെ ഒരു സന്നദ്ധ സംഘടനയുണ്ടാക്കി അതിന്റെ നേതൃത്വത്തിൽ ഒരു പക്ഷേ ഭാരതത്തിൽ തന്നെ ആദ്യമായുണ്ടായ ഉപവിശാലയ്ക്കു രൂപം നല്കി.

## സാഹിത്യപ്രതിഭയായ ചാവറയച്ചൻ

പുതിയ പ്രസ്ഥാനങ്ങൾക്കായി നെട്ടോട്ടമോടുന്നതിനിടയിൽ മലയാള സാഹിത്യരംഗത്ത് ചിരപ്രതിഷ്ഠങ്ങളായ അനേകം സംഭാവനകൾ നല്കാനും ചാവറയച്ചനു കഴിഞ്ഞു. പദ്യശാഖയിൽ മൂന്നു ഗ്രന്ഥങ്ങളും ഗദ്യശാഖയിൽ പലകൃതികളും അദ്ദേഹം രചിച്ചു. അദ്ദേഹത്തിന്റെ കൃതികൾ ആത്മീയോന്നതിയെ ലക്ഷ്യമാക്കിയുള്ളതായിരുന്നു. അദ്ദേഹം രചിച്ച അനസ്താസ്യയുടെ രക്തസാക്ഷിത്വമാണ് മലയാള ഭാഷയിലെ ആദ്യത്തെ

ഖണ്ഡകാവ്യം. ആത്മാനുതാപം, നാളാഗമങ്ങൾ, ഒരു നല്ല അപ്പന്റെ ചാവരുൾ തുടങ്ങി ഒട്ടനവധി കൃതികൾ അദ്ദേഹത്തിന്റെതായി മലയാള സാഹിത്യത്തിനു ലഭിച്ചിട്ടുണ്ട്.

## അന്ത്യദിനങ്ങൾ

ജീവിത സായാഹ്നത്തിലെത്തിയ ചാവറയച്ചനെ രോഗങ്ങൾ ഓരോന്നായി കീഴടക്കി. വാതപ്പനിയും കണ്ണിന്റെ തകരാറുകളും അദ്ദേഹത്തെ ഏറെ ബുദ്ധിമുട്ടിച്ചു. തുടർന്ന് അദ്ദേഹം ദൈവികചിന്തയിൽ മാത്രം ഒതുങ്ങി ജീവിച്ചു. മാമ്മോദീസായിലൂടെ തനിക്കു ലഭിച്ച പ്രസാദവരം തിരുക്കുടുംബത്തിന്റെ സംരക്ഷണത്താൽ ഒരിക്കലും തനിക്കുനഷ്ടമായിട്ടില്ലെന്ന് അന്ത്യദിനങ്ങളിൽ അദ്ദേഹം തന്നെ തുറന്നു പറഞ്ഞു. തനിക്കു ചുറ്റും പ്രാർത്ഥനാ നിർഭരരായി കൂടി നിന്നവരെ ദുഃഖത്തിലാഴ്ത്തിക്കൊണ്ട് 1871 ജനുവരി മൂന്നാം തീയതി രാവിലെ 7.30 ന് അദ്ദേഹം തന്റെ ആത്മാവിനെ ദൈവകരങ്ങളിൽ സമർപ്പിച്ചു കൊണ്ട് 65 വർഷത്തെ ഇഹലോകവാസം അവസാനിപ്പിച്ചു. ചാവറയച്ചന്റെ ഭൗതിക ശരീരം ആദ്യം കൂനമ്മാവിൽ അടക്കം ചെയ്തെങ്കിലും ഭൗതികാവശിഷ്ടങ്ങൾ 1889 ൽ മാന്നാനം ആശ്രമദേവാലയത്തിലേയ്ക്ക് മാറ്റി സ്ഥാപിച്ചു. ജീവിതകാലത്ത് സുകൃതജീവിതം നയിച്ച് ദൈവേഷ്ടം പൂർത്തിയാക്കിയ ആളായതുകൊണ്ട് ചാവറയച്ചൻ ദൈവസന്നിധിയിൽ മദ്ധ്യസ്ഥശക്തിയുള്ളവനായി. അദ്ദേഹം വഴി ദൈവത്തോട് പ്രാർത്ഥിക്കുന്നവർക്ക് അനുഗ്രഹങ്ങൾ ധാരാളമായി ലഭിക്കുന്നു. അദ്ദേഹത്തിന്റെ ജീവിത മാതൃക അനേകർക്ക് പ്രചോദനാത്മകമാണ് എന്ന് തിരിച്ചറിഞ്ഞ കത്തോലിക്കാ തിരുസ്സഭ, ദൈവസന്നിധിയിലുള്ള അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ ശക്തിയെ അത്ഭുതകരമായ അനുഭവങ്ങളിലൂടെ വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നതും കണക്കിലെടുത്ത് ചാവറയച്ചനെ വിശുദ്ധരുടെ പട്ടികയിലെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേയ്ക്കുയർത്തി. 1986 ഫെബ്രുവരി 8-ാം തീയതി മാർപ്പാപ്പ കോട്ടയത്തുവച്ച് ഈ ഔദ്യോഗിക പ്രഖ്യാപനം നടത്തി.

ഭാരത സമൂഹത്തിനു വേണ്ടിയുള്ള ചാവറയച്ചന്റെ വിലപ്പെട്ട സംഭാവനകളെ പരിഗണിച്ച് 1987 ൽ ഭാരതസർക്കാർ ചാവറയച്ചന്റെ പേരിൽ തപാൽ സ്റ്റാമ്പ് ഇറക്കുകയുണ്ടായി. അദ്ദേഹത്തിന്റെ സാഹിത്യസംഭാവനകളെ പരിഗണിച്ച് കേരളസാഹിത്യ അക്കാദമി 2006 ൽ തൃശൂരുള്ള അക്കാദമിഹാളിൽ ചാവറയച്ചന്റെ എണ്ണച്ഛായാചിത്രം അനാച്ഛാദനം ചെയ്തു. 2006 ജൂലൈയിൽ നടന്ന സാഹിത്യസംഗമം കേരള നവോത്ഥാന ജ്യോതിസ് എന്ന ബഹുമതി നല്കി ചാവറയച്ചനെ ആദരിച്ചു.

***

## അദ്ധ്യായം - 2

# കേരളം - ചാവറയച്ചന്റെ കാലഘട്ടത്തിൽ

**ചാ**വറയച്ചന്റെ വ്യക്തി ജീവിതത്തെക്കുറിച്ച് അറിയുന്നതുപോലെ തന്നെ പ്രധാനമാണ് അദ്ദേഹത്തിന്റെ നാടിനെക്കുറിച്ചും അവിടുത്തെ ജീവിത സാഹചര്യങ്ങളെക്കുറിച്ചും അറിയുന്നത്. ചാവറയച്ചനിലൂടെ നമ്മുടെ നാടിനുണ്ടായ നന്മകൾ തിരിച്ചറിയുവാൻ ഇത്തരത്തിലൊരു സാമാന്യ അവബോധം അത്യാവശ്യമാണ്.

ജനപദങ്ങൾ കൊണ്ടും സംസ്കാരങ്ങൾകൊണ്ടും മതവിശ്വാസങ്ങൾ കൊണ്ടും നാനാത്വം നിറഞ്ഞ കൊച്ചു കേരളത്തിന് ലോകഭൂപടത്തിൽ ശ്രദ്ധപിടിച്ചുപറ്റത്തക്ക പ്രത്യേകതകളും തനിമകളും ഉണ്ട്. അതുകൊണ്ടാണ് മറുനാട്ടുകാർ കേരളത്തെ `ദൈവത്തിന്റെ സ്വന്തം നാടെ'ന്നു വിശേഷിപ്പിക്കുന്നത്.

ബി.സി. 5000 നും 3000നും ഇടയ്ക്ക് കാലപ്പഴക്കം കല്പിക്കുന്ന കേരളം ദശാവതാരമൂർത്തികളിൽ ആറാമനായ പരശുരാമൻ ഗോകർണ്ണത്തുനിന്ന് (മംഗലാപുരം) കന്യാകുമാരിയെ ലക്ഷ്യം വച്ച് അറബിക്കടലിനു മീതെ കൂടി മഴു എറിഞ്ഞ് നേടിയെടുത്തതാണെന്ന് ഐതീഹ്യം. മഴുപോയ ഭാഗത്തെ കടൽ കരയായി ഉയർന്നുവന്നുവെന്നും, ആഴിയിൽ നിന്നും ജനിച്ചതിനാലും കേരവൃക്ഷങ്ങൾ നിറഞ്ഞ നാടായതിനാലും ഈ സ്ഥലത്തിന് കേരളം എന്ന പേര് വന്നുവെന്ന് വിശ്വസിക്കപ്പെടുന്നു.

സഹ്യപർവ്വതനിരകൾ കേരളത്തെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വേർതിരിച്ച് നിർത്തുന്നു. നീലിമയാർന്ന അറബിക്കടലും പച്ചപ്പരവതാനി വിരിച്ച പശ്ചിമഘട്ടവും മറ്റു ജനതകളിൽ നിന്ന് കേരളത്തെ മാറ്റി നിർത്തിയപ്പോൾ അതിന് തന്റേതായ തനിമയും സംസ്കാരവും ഉണ്ടായി. വിഭവസമൃദ്ധമായ കേരളത്തിലേക്ക് പുരാതനകാലം മുതല്ക്കേ സഞ്ചാരികൾ എത്തിയിരുന്നു. അവരിലൂടെ വിവിധ മതങ്ങളും ജനതകളും, അവരുടെ സംസ്കാരജീവിത ശൈലികളും കേരളത്തിന്റെ ഭാഗമായി മാറി. ബുദ്ധ, ജൈന, ഇസ്ലാം മതങ്ങളുടേയും ഹൈന്ദവ മതത്തിന്റെയും, യഹൂദമതത്തിന്റെയും ക്രിസ്തുമതത്തിന്റെയും വേരുകൾ നൂറ്റാണ്ടുകൾക്കു മുൻപ് മുതലേ കേരളത്തിലുണ്ടായിരുന്നു. വിവിധ തത്വസംഹിതകളോ മതവി

ശ്വാസങ്ങളോ ഒറ്റക്കെട്ടായി താമസിച്ചിരുന്ന ഈ ജനതയുടെ സൗഹൃദ ത്തെയും സാഹോദര്യത്തെയും തകർത്തില്ല. അതിനുദാഹരണമാണ് മതമൈത്രിയുടെ പ്രതീകങ്ങളായി പണ്ടുമുതല്ക്കേ അറിയപ്പെട്ടിരുന്ന ശബ രിമലയും, മലയാറ്റൂരും, അഴീക്കോടും, കൊടുങ്ങല്ലൂർ ചേരമാൻ മസ്ജിദും, ശ്രീമൂലവാസവും എല്ലാം.

ക്രിസ്ത്യാനികളും മുസൽമാൻമാരും സംഭാവനചെയ്ത ഏക ദൈവ വിശ്വാസം, ഇവിടെ നിലനിന്നിരുന്ന വിവേകാനന്ദന്റെ അദ്വൈത ചിന്ത യ്ക്കും, ശ്രീനാരായണഗുരുവിന്റെ ഒരു ജാതി, ഒരു മതം, ഒരു ദൈവം എന്ന ആശയത്തിനും ആക്കം കൂട്ടിയതേയുള്ളൂ. എല്ലാ മതങ്ങൾക്കും അവരുടെ ദൈവങ്ങൾക്കും ഇവിടെ ഒരുമിച്ചു വസിക്കാൻ കഴിഞ്ഞത് "മത സൗഹാർദ്ദം" ഈ ജനതയുടെ അടിസ്ഥാനഗുണമായിരുന്നതുകൊണ്ടാ ണ്. എന്നാൽ ബ്രിട്ടീഷ് ഭരണകാലത്തും അതിനു മുൻപും കേരളം കൊച്ചു കൊച്ചു നാട്ടുരാജ്യങ്ങളായി വിഭജിക്കപ്പെടുകയും അധികാരദുർമോഹം നാട്ടുരാജാക്കന്മാരുടെ ഭിന്നിപ്പിനിടയാക്കുകയും ചെയ്തു. രാഷ്ട്രീയ പിടിച്ചടക്കലിന്റെ കാലഘട്ടമായിരുന്ന 19-ാം നൂറ്റാണ്ടിന്റെ അവസാനം ജനങ്ങളെ അസ്വസ്ഥരും സമാധാനമില്ലാത്തവരും ആക്കുകയും സാമ്പ ത്തിക ഭദ്രത നഷ്ടമാവുകയും ചെയ്തു.

സമൂഹത്തിലുണ്ടായ ഇത്തരം ദുരവസ്ഥകൾ ഏറെ പ്രതിഫലിച്ചത് വിദ്യാഭ്യാസ രംഗത്തായിരുന്നു. ജാതി വ്യവസ്ഥയെ ആധാരമാക്കിയുള്ള യുക്തിഹീനമായ പല അനാചാരങ്ങളും സമൂഹത്തിൽ നിലവിൽ വന്നു. സവർണർക്ക് സമൂഹത്തിൽ അമിത പ്രാധാന്യം നല്കുകയും അവർണർ എല്ലാ മേഖലയിൽ നിന്നും പിന്തള്ളപ്പെടുകയും ചെയ്തു. വിദ്യാഭ്യാസ മണ്ഡലം കളരിയിലും എഴുത്താശാനിലും മാത്രമൊതുങ്ങി. സ്ത്രീകൾക്ക് കളരിയിൽ പ്രവേശനം പോലുമില്ലായിരുന്നു. തൊട്ടുകൂടായ്മ, തീണ്ടി ക്കൂടായ്മ, കണ്ടുകൂടായ്മ തുടങ്ങിയവ നാട്ടുനടപ്പായി മാറി. സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്ന ആശയങ്ങൾ അപ്രസക്തമായി.

സ്വാശ്രയ മേഖലയിൽ മതസ്ഥാപനങ്ങളോടു ചേർന്നാണ് വിദ്യാ ഭ്യാസം ആരംഭിച്ചത്. അമ്പലങ്ങളോട് ചേർന്ന് ഹിന്ദുക്കൾക്കും മുസ്ലീം പള്ളികളോടുചേർന്ന് മുസ്ലീങ്ങൾക്കും പഠിക്കുവാനുള്ള വേദികൾ തുറന്നു കിട്ടി. ഇവിടങ്ങളിലെ വിദ്യാഭ്യാസം മതപഠനത്തോടനുബന്ധിച്ചായിരു ന്നതിനാൽ മറ്റു മതസ്ഥർക്ക് പ്രവേശനം ലഭിച്ചില്ല. ഈ കാലഘട്ടത്തിൽ തന്നെ ബ്രിട്ടീഷുകാർ പ്രൊട്ടസ്റ്റന്റു മിഷനറിമാരുടെ നേതൃത്വത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനായി ചില സ്കൂളുകൾ ആരംഭിച്ചു. അവിടെ

പഠിക്കാനയച്ചാൽ കത്തോലിക്കാവിശ്വാസത്തിന് ക്ഷതം സംഭവിക്കുമെന്ന് ഭയന്ന് കത്തോലിക്കാ കുട്ടികളെ അവിടെ പഠിപ്പിക്കുവാൻ പാടില്ലെന്ന് മേലധികാരികൾ കല്പിച്ചു. കളരികളിലും വളരെ വിരളമായേ ഇവരെ പ്രവേശിപ്പിച്ചിരുന്നുള്ളു.

വിദ്യാഭ്യാസപരമായി എല്ലാ സമുദായങ്ങളും പിന്നോക്കാവസ്ഥയിലായി. വ്യവസ്ഥാപിത വിദ്യാഭ്യാസസ്ഥാപനങ്ങളുടെ അഭാവം തന്നെയായിരുന്നു കാരണം ഈ വസ്തുതകളുടെ വെളിച്ചത്തിൽ വേണം ചാവറയച്ചന്റെ ജീവിതവും നേട്ടങ്ങളും വിലയിരുത്താൻ.

പോർച്ചുഗീസുകാരുടെ കാലത്ത് ക്രൈസ്തവസമൂഹത്തിൽ പിളർപ്പുണ്ടാകുകയും പല അവാന്തരവിഭാഗങ്ങളുടെ രൂപീകരണം ക്രൈസ്തവ ഐക്യത്തെ തകർക്കുകയും ചെയ്തിരുന്നു. ഇതിനെത്തുടർന്ന് ദേശീയവും അന്തർദേശീയവുമായ വിവിധസ്വാധീന ശക്തികളുടെ സമ്മർദ്ദത്തിൽപ്പെട്ട കേരള ക്രൈസ്തവ സമൂഹത്തിന് പല പിളർപ്പുകളെയും കൂടി നേരിടേണ്ടിവന്നെങ്കിലും കേരളീയ സമൂഹത്തിനും സംസ്ക്കാരത്തിനും സ്വന്തമായ സംഭാവനകൾ നല്കാൻ ഈ മതത്തിനു കഴിഞ്ഞു.

വിശ്വാസത്തിൽ ക്രൈസ്തവരാണെന്നതൊഴിച്ചാൽ മറ്റെല്ലാക്കാര്യങ്ങളിലും ഇവർ അടിസ്ഥാനപരമായി കേരളീയരാണ്. ഈ നാടിന്റെ സംസ്കാരത്തോട് ഇവർക്കുണ്ടായ അഭിനിവേശത്തിന് തുടക്കം കുറിച്ചത് ചാവറയച്ചനാണ്. സമൂഹത്തിൽ വിദ്യാഭ്യാസം നിഷിദ്ധമായിരുന്ന സാഹചര്യത്തിൽ ജീവിച്ച അദ്ദേഹം സ്കൂളുകൾ സ്ഥാപിക്കുകയും വിദ്യാഭ്യാസത്തെ സാർവ്വത്രികമാക്കുകയും ചെയ്തു. കേരളത്തിലെ വിദ്യാഭ്യാസമേഖലയിൽ കത്തോലിക്കാസഭയുടെ ഇന്നത്തെ സ്ഥാനം എന്താണോ അത് ചാവറയച്ചനെന്ന ഒരു വ്യക്തിയുടെ ദീർഘവീക്ഷണത്തിന്റെ ഫലമാണ്.വിദ്യയുടെ അനന്ത സാദ്ധ്യതകൾ കണ്ടറിഞ്ഞ ചാവറയച്ചൻ, സാക്ഷര കേരളത്തിന്റെ രൂപീകരണത്തിൽ സ്തുത്യർഹമായ പങ്കു വഹിച്ചു.

വിദ്യാഭ്യാസത്തെക്കുറിച്ച് ചാവറയച്ചന് വ്യക്തമായ വീക്ഷണമുണ്ടായിരുന്നു. അദ്ദേഹം ഇപ്രകാരം എഴുതി. "തിരിച്ചറിവുണ്ടായാൽ ഉടൻ പൈതങ്ങളെ പള്ളിക്കൂടത്തിൽ അയയ്ക്കണം. ഇതും പോരാ, അവർ പഠിക്കുന്നു എന്നും അവർ എങ്ങനെയുള്ള കൂട്ടുകൂടിയാണ് നടക്കുന്നതെന്നും അന്വേഷിക്കണം. ഞായറാഴ്ച തോറും അവർ പഠിച്ചതിനെ പരിശോധിക്കണം." നിർധനരായ കുട്ടികൾക്ക് പഠനസൗകര്യമൊരുക്കുവാൻ ഇടവകകളേയും സമ്പന്നരേയും അദ്ദേഹം ചുമതലപ്പെടുത്തി.

വിദ്യാഭ്യാസം സമൂഹത്തിന്റെ മേൽഗതിക്ക് അത്യന്താപേക്ഷിതമാ യതിനാൽ അത് നല്കുന്നതിനുള്ള സൗകര്യങ്ങൾ പള്ളികളും ആശ്രമ ങ്ങളും എന്തു ത്യാഗം സഹിച്ചും സംലബ്ധമാക്കിക്കൊടുക്കണമെന്നുള്ള ഒരവബോധം സൃഷ്ടിച്ചു എന്നതാണ് ചാവറയച്ചന്റെ വിദ്യാഭ്യാസ ദർശന ത്തിന്റെ അനന്യത.

സാമൂഹികമായും സാംസ്കാരികമായും വൈജ്ഞാനികമായും ജീർണ്ണതയിലേയ്ക്ക് തകർന്നു വീണ കേരളത്തെ എല്ലാ തലത്തിലും ഉയർത്തിക്കൊണ്ടുവരുവാൻ ക്രാന്ത ദർശിയായിരുന്ന ചാവറയച്ചനു കഴി ഞ്ഞു. ഒരർത്ഥത്തിൽ കാലഘട്ടത്തിന്റെ ആവശ്യമായിരുന്നു ചാവറയച്ചൻ.

## ഗുണപാഠം

സ്വന്തക്കാരുടെയും മറ്റുള്ളവരുടെയും പരിമിതികളെ തന്റെ തന്നെ കുറവുകളായി പരിഗണിക്കുമ്പോൾ അവ പരിഹരിക്കാൻ നാം തന്നെ ശ്രമിക്കും. ജീവിച്ചിരുന്നപ്പോൾ ദൈവത്തെയും സഹജീവികളായ സഹോ ദരങ്ങളെയും സ്വന്തം നാടിനേയും അതിന്റെ അഭിവൃദ്ധിയേയും വളരെ സ്നേഹിച്ച വ്യക്തിയായിരുന്നു ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. അദ്ദേഹത്തിന്റെ കാലത്തെ സമൂഹത്തിന്റെ കുറവുകൾ കണ്ടെത്തി അവ പരിഹരിക്കുവാൻ അദ്ദേഹം നടത്തിയ ശ്രമങ്ങൾ പോലെ ഇന്നത്തെ നമ്മുടെ നാടിന്റെ കുറവുകൾ കണ്ടെത്തി അവ പരിഹരിക്കാൻ നമുക്ക് ശ്രമിക്കാം.

## പ്രായോഗികം

ഇന്നത്തെ നാമായിരിക്കുന്ന സമൂഹം നമ്മുടെ സ്കൂളും അതിന്റെ പരിസരവുമായി കണക്കാക്കി, ഈ സമൂഹത്തിന്റെ കുറവുകൾ എന്തൊക്കെ എന്നു കണ്ടെത്തുക, അവ പരിഹരിക്കുവാൻ എനിക്ക് എന്ത് ചെയ്യാൻ കഴിയും, എന്റെ ക്ലാസ്സിലെ കൂട്ടുകാരുമായി ചേർന്ന് എന്തൊക്കെ ചെയ്യാ നാവും എന്ന് ചർച്ച ചെയ്ത് തീരുമാനമെടുത്ത് നടപ്പിലാക്കുക.

**ചാവറ സൂക്തങ്ങൾ**

- ❖ മടി സർവ്വ ദുർഗുണങ്ങളുടേയും മാതാവാകുന്നു.
- ❖ പരസ്പരം മനുഷ്യർ സഹായിക്കുക എന്നത് ദൈവം തന്ന നിയ മമാകുന്നു. അതിനാൽ ഓരോ ദിവസവും ഉറങ്ങുന്നതിനു മുൻപ് ആർക്കെങ്കിലും നന്മചെയ്യുക.

❖❖❖

## അദ്ധ്യായം - 3

# അറിവിന്റെ വഴികളിലെ ചാവറയച്ചൻ

"ചീത്ത പുസ്തകങ്ങൾ വീട്ടിൽ വെച്ചു സൂക്ഷിക്കുന്നത് വൈക്കോലിൽ തീ ഒളിച്ചുവെക്കുന്നതിനു സമമാകുന്നു. ഭക്തിയെ വർദ്ധിപ്പിക്കുന്ന ജ്ഞാന - തത്വശാസ്ത്ര പുസ്തകങ്ങളും മക്കൾക്കു സമ്പാദിച്ചുവെക്കേണ്ട നിക്ഷേപങ്ങളാകുന്നു. ഇപ്രകാരമുള്ള പുസ്തകങ്ങൾ കഴിവിനനുസരിച്ച് വാങ്ങിച്ചു ശേഖരിക്കുക" (ഒരു നല്ല അപ്പന്റെ ചാവരുൾ- ചാവറയച്ചൻ)

ചാവറയച്ചന്റെ വാക്കുകളാണ് മേലുദ്ധരിച്ചത്. ഉണങ്ങിയ വൈക്കോലിന്റെ അടുത്ത് തീവെച്ചാൽ ഉണ്ടാകാവുന്ന അപകടം നമുക്കറിയാം ഒരു തീപ്പൊരി വീണാലും മതി വൈക്കോൽ മുഴുവൻ കത്തിനശിക്കുമെന്നു മാത്രമല്ല തീപടർന്ന് അടുത്തുള്ള വസ്തുക്കളും വീടുമടക്കം കത്തിനശിച്ചെന്നുവരാം. ഇതുപോലെയാണ് ചീത്തപുസ്തകങ്ങൾ മനുഷ്യമനസ്സിലും അതുവഴി മറ്റനേകരിലും വരുത്തിവെക്കുന്ന വിന.

ആശയങ്ങളാണ് മനുഷ്യരെ നയിക്കുന്നത്. നല്ല ആശയങ്ങൾ സ്വീകരിക്കുന്നവർ നന്മയുള്ളവരാകും. തെറ്റായ ആശയങ്ങൾ സ്വീകരിക്കുന്നവർ തിന്മയിൽ ജീവിക്കുകയും തിന്മപ്രചരിപ്പിക്കുകയും ചെയ്യും. ഒരാൾ പറയുന്ന ആശയം അയാളെ കേൾക്കുന്നവർക്കുമാത്രമെ കിട്ടുകയുള്ളൂ. എന്നാൽ ആ ആശയം എഴുതി പ്രസിദ്ധീകരിച്ചാലോ ആളെ കാണാതെയും കേൾക്കാതെയും തന്നെ അയാളുടെ ആശയം അനേകർക്ക് ലഭിക്കും. ആശയങ്ങളുടെ ശേഖരമാണ് പുസ്തകങ്ങൾ.

നമ്മുടെ ജീവിതത്തിലുണ്ടാകുന്ന ആശയക്കുറവുകളും അനുഭവക്കുറവുകളും പരിഹരിക്കാനുള്ള ഒരു പ്രധാന മാർഗ്ഗമാണ് പുസ്തകവായന. ക്ലാസ്മുറിയിൽ നിന്ന് അദ്ധ്യാപകരിലൂടെ അടിസ്ഥാനപരമായ ചില അറിവുകൾ കിട്ടുന്നു. തുടർപഠനം അധികവും നടക്കേണ്ടത് വായനയിലൂടെയാണ്. തെറ്റായ ആശയങ്ങളാണ് നമ്മൾ വായിച്ചു പഠിക്കുന്നതെങ്കിൽ തെറ്റിൽനിന്ന് തെറ്റിലേക്ക് നയിക്കപ്പെടും എന്നുമാത്രമല്ല നമ്മുടെ ആശയങ്ങൾ സ്വീകരിക്കുന്നവരേയും നമ്മൾ തെറ്റിൽ വീഴിക്കും.

മലയാളികൾക്ക് വളരെ പ്രിയങ്കരനായിരുന്ന കുഞ്ഞുണ്ണിമാഷ് തന്റെ കവിതയിൽ കുറിച്ചു.

വായിച്ചാലും വളരാം
വായിച്ചില്ലെങ്കിലും വളരാം
വായിച്ചു വളർന്നാൽ വിളയും
വായിക്കാതെ വളർന്നാൽ വളയും

ഇവിടെ കുഞ്ഞുണ്ണിമാഷ് നിർദ്ദേശിക്കുന്നത് സദ്ഗ്രന്ഥങ്ങളുടെ വായനയിലൂടെ ധാരാളം സദ്ഫലങ്ങൾ വിളയിക്കാൻ സാധിക്കുമെന്നും വായനാശീലമില്ലാത്തവർ തന്നിലേക്കുതന്നെ വളയുന്നവരാകും എന്നുമാണ്. അവർ സമൂഹത്തിന് കാര്യമായി ഒന്നും തന്നെ കൊടുക്കുവാൻ കഴിവില്ലാത്തവരാകും.

നമ്മുടെ ക്ലാസ്സിലേക്കുതന്നെ തിരിഞ്ഞുനോക്കൂ. ചില കുട്ടികൾ ക്ലാസ്സിൽ പഠിപ്പിക്കുന്നതുവിട്ട് ധാരാളം വായിക്കുന്നവരായിരിക്കും. അവർ പലമേഖലകളിലും കൂടുതൽ അറിവുള്ളവരായിത്തീരുന്നു. ക്രമേണ അവർ ജീവിതത്തിൽ അറിവിന്റെ തലത്തിലും ആശയത്തിന്റെ തലത്തിലും മികവുറ്റവരും സമൂഹത്തിന് കൂടുതൽ സംഭാവനകൾ നൽകുന്നവരും ആകും. വേറെ ചിലരെ കൂട്ടുകാരുടെയിടയിൽ കാണാം, ക്ലാസ്സുവിട്ടാൽ പുതുതായി യാതൊന്നും വായിക്കുന്ന ശീലം അവർക്കില്ല. അവർ കളിച്ചും ഉറങ്ങിയുമൊക്കെ സമയം തീർക്കുന്നു. അവർ പഠനത്തിൽ ഒന്നിനൊന്ന് പുറകോട്ടുപോകും. കൂടുതൽ പഠിക്കുന്നവരെക്കുറിച്ച്, അറിവുള്ളവരെക്കുറിച്ച് അവർക്ക് അസൂയയായിരിക്കും. ഇത് നന്മയുടേയും വളർച്ചയുടേയും അടയാളമല്ല.

ഇനി നമുക്ക് ചാവറയച്ചന്റെ ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കാം. ചെറുപ്പംമുതലെ അദ്ദേഹം വായനയുടെ മാഹാത്മ്യം മനസ്സിലാക്കിയ ആളായിരുന്നു. അറിവുള്ളവർക്കേ സമൂഹത്തെ നയിക്കാൻ സാധിക്കൂ എന്ന തിരിച്ചറിവിന്റെ ഭാഗമായിരിക്കാം അദ്ദേഹം സെമിനാരിയിൽ ആയിരുന്നപ്പോൾ തന്നെ ഗുരുവായ പാലക്കലച്ചന്റെ നിർദ്ദേശത്തോടും സഹകരണത്തോടും കൂടി നല്ല പുസ്തകങ്ങളുടെ പകർപ്പുകളാണ് സെമിനാരി ഗ്രന്ഥശാലയ്ക്കുവേണ്ടി ശേഖരിച്ചത്. പിന്നീട് അദ്ദേഹം വൈദികനായി കഴിഞ്ഞപ്പോൾ താൻ ഉൾക്കൊള്ളുന്ന സുറിയാനിസഭയിലെ പാരമ്പര്യങ്ങൾക്കനുസരിച്ചുള്ള ബുക്കുകൾ കൈയ്യെഴുത്തു പ്രതികളടക്കം ശേഖരിച്ച് തെറ്റുതിരുത്തി പുനഃപ്രകാശനം ചെയ്യുവാൻ ശ്രമിച്ചിരുന്നു. ഇനിയും അദ്ദേഹത്തിന്റെ വ്യക്തിജീവിതത്തിലേക്ക് തിരിയുമ്പോൾ ഏഴു ഭാഷകളിൽ പരിജ്ഞാനം ഉള്ളആളായിരുന്നു എന്നു തെളിയുന്നു. മലയാളം കൂടാതെ തമിഴ്, സംസ്കൃതം, സുറിയാനി, ലത്തീൻ, ഇറ്റാലിയൻ,

പോർട്ടുഗീസ് എന്നീ ഭാഷകൾ അദ്ദേഹത്തിന് അറിയാമായിരുന്നു. മരണനാളുകളോടടുത്ത് രോഗിയായി കിടന്നിരുന്നപ്പോഴും അദ്ദേഹം സ്പാനിഷ് ഭാഷ പഠിക്കാൻ ആഗ്രഹിച്ചിരുന്നു എന്ന് അദ്ദേഹത്തെ അടുത്ത് പരിചരിച്ചിരുന്നവർ രേഖപ്പെടുത്തുന്നു. ഈ ഭാഷാപഠനങ്ങളുടെയെല്ലാം പ്രധാനഉദ്ദേശ്യം രണ്ടായിരുന്നു. അതാതു ഭാഷകളിലുള്ള നല്ല ഗ്രന്ഥങ്ങൾ വായിക്കുവാൻ കഴിയണം, കൂടാതെ ആ ഭാഷകൾ അറിയാവുന്നവരോട് സംസാരിക്കുവാൻ സാധിക്കണം. വായനയിലൂടെയുള്ള അദ്ദേഹത്തിന്റെ വിജ്ഞാനതൃഷ്ണ എത്രയോ വലുതായിരുന്നു എന്ന് ഇവയൊക്കെ തെളിയിക്കുന്നു.

സ്വാശ്രയമേഖലയിൽ ഭാരതീയരുടെ മാത്രം നേതൃത്വത്തിൽ മലയാളത്തിൽ ആദ്യമായുണ്ടായ അച്ചടിശാലയായിരുന്നു 1846 ൽ ചാവറയച്ചൻ മാന്നാനത്തു സ്ഥാപിച്ച അച്ചടിശാല. 1896 ൽ ഈ അച്ചടിശാല തുടങ്ങിയതിന്റെ 50-ാം വാർഷികം ആചരിച്ചപ്പോൾ ദീപിക പത്രത്തിന്റെ മുഖപ്രസംഗത്തിൽ ചാവറയച്ചന്റെ സാഹസികതയെക്കുറിച്ച് ഇപ്രകാരം എഴുതി.

"അന്നത്തെ കാലാവസ്ഥയ്ക്ക് കേവലം അപൂർവ്വവും വിസ്മയകരവുമായിരുന്നു ഈ കാര്യത്തിനായുള്ള പരിശ്രമവും ആലോചനയും. അന്ന് ഒരു വിധം ബുദ്ധിമാന്മാരായ ജനങ്ങൾപോലും പരിച്ഛേദം അസാദ്ധ്യമായ പരിശ്രമം ആണെന്ന് നിർണ്ണയിച്ചു. എന്നാലും ചാവറയച്ചൻ അവരുടെ നിർണ്ണയങ്ങളേയും ആലോചനകളേയും അഗണ്യമാക്കി . അതുനിമിത്തം സാധാരണക്കാരായ മറ്റു ജനങ്ങൾ ഇദ്ദേഹത്തിന്റെ ശ്രമം ബുദ്ധിഭ്രമത്തിന്റെ ആരംഭമാണെന്ന് കൂടി പറഞ്ഞുതുടങ്ങി. പക്ഷെ, ഇതൊന്നും കൊണ്ട് സ്ഥിരോത്സാഹിയായ ഈ മനുഷ്യന്റെ അഭിപ്രായത്തിന് യാതൊരു ഭേദഗതിയും ഉണ്ടായില്ല. ഇതുസംബന്ധമായ ഓരോ ജോലികൾ ആരംഭിക്കുകയും ചെയ്തു."

മനുഷ്യന്റെ സംസ്ക്കാരത്തെ രൂപപ്പെടുത്തുവാൻ നല്ല പുസ്തകങ്ങൾ എന്തുമാത്രം സഹായകമാണ് എന്ന് ചാവറയച്ചനു നല്ല ബോദ്ധ്യമായിരുന്നു. അതുകൊണ്ടാണ് എന്തു ത്യാഗം സഹിച്ചും നല്ല പുസ്തകങ്ങൾ അച്ചടിക്കാനുള്ള അച്ചടിശാല ഉണ്ടാക്കുവാൻ അദ്ദേഹം തീരുമാനിച്ചത്. വിശുദ്ധരുടേയും മഹത്‌വ്യക്തികളുടേയും ജീവചരിത്രം വായിക്കുന്നത് സ്വഭാവരൂപവൽക്കരണത്തിന് വളരെ സഹായകമാണ്, പ്രത്യേകിച്ചും ദൈവഭക്തിയിൽ വളരുന്നതിന് എന്നദ്ദേഹം സമർത്ഥിച്ചു. വൈക്കോലിനടുത്തു തീകൊണ്ടു പോയിവെയ്ക്കുന്നതുപോലെയാണ്

ചീത്തപുസ്തകങ്ങൾ വീട്ടിൽ സൂക്ഷിക്കുന്നത് എന്നദ്ദേഹം പറയുന്നതിനോടൊപ്പം നല്ല പുസ്തകങ്ങൾ വാങ്ങി വീടുകളിൽ സൂക്ഷിക്കുവാൻ മാതാപിതാക്കളെ പ്രേരിപ്പിക്കുന്നുമുണ്ട്.

ചാവറയച്ചന്റെ കാലത്ത് സിനിമയും ടി.വിയുമൊന്നുമില്ലായിരുന്നു. ഇന്ന് ഒരു പരിധിവരെ പുസ്തകങ്ങളുടെ സ്ഥാനം അവയൊക്കെ ഏറ്റെടുത്തിരിക്കുകയാണ്. ലൈംഗിക ജീവിതത്തെക്കുറിച്ച് വളരെ തെറ്റായ അറിവും ആസക്തിയും കൊടുക്കുന്ന കുട്ടിപുസ്തകങ്ങളും അശ്ലീലചലച്ചിത്രങ്ങളും, സി.ഡി കാസ്സറ്റുകളും എല്ലാം സർവ്വ സാധാരണമായിരിക്കുന്നു. ഇങ്ങനെയുള്ളവയൊക്കെ കൂട്ടുകൂടിയിരുന്ന് പരസ്യമായികാണാനും മടിക്കാത്ത പ്രവണത സ്കൂൾ കുട്ടികളുടെയിടയിൽ തന്നെ വളർന്നു വരുന്നു. ഇവയെല്ലാം സ്വഭാവത്തെ മലിനപ്പെടുത്തുകയാണ്, വിവാഹ ജീവിതത്തിന്റെ ഭദ്രതയെ തകർക്കുന്നു. സ്ത്രീപുരുഷ ബഹുമാനം നഷ്ടപ്പെടുന്നു. ഇതിന്റെയൊക്കെ പരിണിതഫലമല്ലേ സ്ത്രീ പീഢനകേസുകളുടെ എണ്ണം നമ്മുടെ നാട്ടിൽ തന്നെ പെരുകി വരുന്നത്.

മനസ്സിനെ രൂപപ്പെടുത്തുന്നത് മനസ്സാക്ഷിയെ നിർമ്മലമാക്കുന്നതിലൂടെയാണ് മനസ്സിലേക്ക് കടത്തിവിടുന്ന ചിന്തകളും ആഗ്രഹങ്ങളും നല്ലതല്ലെങ്കിൽ മനഃസാക്ഷിയുടെ നിർമ്മലത നഷ്ടമാകും. അങ്ങനെയുള്ളവരുട ജീവിതത്തിൽ ദൈവത്തിനും മനുഷ്യർക്കും, മാനുഷികമൂല്യങ്ങൾക്കും വലിയ വിലയുണ്ടാകുകയില്ല. അതുകൊണ്ടാണ് യേശുക്രിസ്തു പറയുന്നത് നിർമ്മലഹൃദയർക്കേ ദൈവത്തെ കാണാൻ പറ്റൂ എന്ന്

നമ്മിലുള്ള അറിവുകൾ പൂർണ്ണമാകുന്നത് മറ്റുള്ളവരിൽ നിന്നു ലഭിക്കുന്ന ആശയങ്ങളും കൂടി ഉൾക്കൊണ്ട് നമ്മുടെ അറിവിനെവികസിപ്പിച്ചെടുക്കുമ്പോഴാണ്. ഇലക്ട്രിക് ബൾബും, ഗ്രാമഫോണും, ചലച്ചിത്രവുമടക്കം നിരവധി കണ്ടുപിടിത്തങ്ങൾ നടത്തിയിട്ടുള്ള ആളാണ് തോമസ് ആൽവ എഡിസൺ. അദ്ദേഹത്തിന്റെ നേട്ടങ്ങളെക്കുറിച്ച് പ്രശംസിച്ചുപറഞ്ഞ ഒരാളോടദ്ദേഹം പറഞ്ഞു. "ഈ കണ്ടുപിടുത്തങ്ങളൊന്നും എന്റെ സ്വന്തമെന്നവകാശപ്പെടാനാവില്ല. പലരുടെയും ആശയങ്ങൾ സ്വീകരിച്ച് അവയിൽ എന്റെ ചിന്തകളും കൂടി ചേർത്ത് രൂപപ്പെടുത്തിയെടുത്തപ്പോൾ എന്റെ പേരിൽ ചിലതൊക്കെ ഉണ്ടായി, എന്നാൽ അതിന്റെ ഉടമ-സ്ഥാവകാശം മുഴുവനും എന്റേതെന്നു പറയാനാവില്ലാ" എന്ന്.

അപ്പോൾ നമ്മിൽ ആശയങ്ങൾ വളർന്നുവരണമെങ്കിൽ അതുവഴി നമ്മുടേതായ സംഭാവനകൾ ലോകത്തിന് നൽകാനാകണമെങ്കിൽ

നമ്മിലെ ആശയങ്ങൾ വികസിപ്പിച്ചുകൊണ്ടിരിക്കണം. ജീവിതത്തിന്റെ വ്യത്യസ്ത തലങ്ങളിൽ അറിവുപങ്കുവെച്ചവർ ധാരാളമുണ്ട്. ചിലർ സാഹിത്യരംഗത്താകാം, മറ്റുചിലർ കലാകായികരംഗങ്ങളിലാകാം, വേറെചിലർ സാംസ്ക്കാരിക രംഗങ്ങളിലായിരിക്കും, ചിലർ ആത്മീയരംഗത്തായിരിക്കാം, മറ്റുചിലർ തത്വജ്ഞാനത്തിന്റേയും കണ്ടുപിടിത്തങ്ങളുടേയും രംഗത്തായിരിക്കാം, അവരുടെ മികവുകൾ ആശയതലത്തിൽ മറ്റുള്ളവർക്കു പ്രചോദനമായി പങ്കുവെച്ചിരിക്കുന്നത്. ഇങ്ങനെയുള്ളവ ഒന്നുകിൽ അവർതന്നെ അല്ലെങ്കിൽ അവരെക്കുറിച്ച് എഴുതി പ്രസിദ്ധീകരിക്കുന്നു. ഇവയെല്ലാം നൂറ്റാണ്ടുകൾ പിന്നിട്ടാലും പുതിയ ആളുകൾക്ക് ലഭ്യമാകുന്നു. അപ്പോൾ ഒരു കാര്യമാണ് നമുക്കാവശ്യമായിരിക്കുന്നത് .നാം വായനാശീലമുള്ളവരാകുക. വായിച്ചകാര്യങ്ങളൊക്കെ പിന്നീടും ഓർമ്മിക്കാൻ വേണ്ടി ചില ആശയങ്ങളെങ്കിലും കുറിച്ചുവയ്ക്കുക. അവ വല്ലപ്പോഴും പഠനവിഷയമാക്കുക. നമ്മുടെ നേട്ടങ്ങൾ വളരെ വലുതായിരിക്കും.

നമ്മിൽപലരും വായിക്കാൻ അധികം താല്പര്യമില്ലാത്തവരാണ്. ഇങ്ങനെയുള്ളവർക്ക് സമയം ഒത്തിരി ബാക്കിവരും. സമയം തീർക്കുവാൻ വേണ്ടി ചിലർ അധികസമയവും കളികളിൽ ഏർപ്പെടും. കളികളിൽ തന്നെ കൂടുതൽ വൈദഗ്ധ്യം നേടാൻ ശ്രമിക്കുന്നവർ വിരളമായിരിക്കും. സമയപരിധിയില്ലാതെ അളവിൽകൂടുതൽ കായികകളികളിൽ ഏർപ്പെടുന്നവർ സ്വാഭാവികമായി വേഗം ക്ഷീണിതരാകും. അവരെ ഉറക്കം ശല്യപ്പെടുത്തും. പഠിക്കാനുള്ള സമയം പോലും ഉറങ്ങിയും ഉന്മേഷമില്ലാതെയും ഇക്കൂട്ടർ ചെലവഴിക്കും. ഫലമോ പഠനത്തിൽ പുരോഗതിയില്ല, മറ്റുകഴിവുകളൊന്നും വികസിപ്പിക്കാൻ കഴിയില്ല, ജീവിതത്തോടുതന്നെ വെറുപ്പും മടുപ്പും അനുഭവപ്പെടും.

സമയം ഫലപ്രദമായി ഉപകരിക്കാൻ സാധിക്കാത്ത മറ്റൊരുപ്രവണതയാണ്, അധികസമയവും ടി.വി. കണ്ടിരിക്കുന്നതും കമ്പ്യൂട്ടർ ഗയിമുകളിൽ ഏർപ്പെടുന്നതും. സ്കൂൾവിട്ടു വീട്ടിലെത്തിയാൽ ടി.വിയുടെ മുമ്പിൽ സിനിമയോ, സീരിയലുകളോ, കണ്ടുകൊണ്ടിരിക്കും, മാതാപിതാക്കൾ പറയുന്ന ചെറിയൊരു ജോലി പോലും ചെയ്യുവാൻ ഇവർ തയ്യാറാവില്ല. ടി.വി. കാണുന്ന സമയത്തിന് നിയന്ത്രണം വെക്കുകയോ, ചില സമയങ്ങളിൽ കാണണ്ട എന്നു പറയുകയോ ചെയ്താൽ വഴക്കായി. ഇതിന്റെ പേരിൽ ആത്മഹത്യചെയ്തവർപോലും നമ്മുടെ നാട്ടിലുണ്ട്. പ്രത്യേക ചാനലുകൾ കാണുന്നതിനുവേണ്ടി വഴക്കടിക്കുന്ന സഹോദരങ്ങളെകാണാറുണ്ട്. അറിവു സമ്പാദിക്കാനുള്ള ധാരാളം നല്ല പരിപാ

ടികൾ ടെലിവിഷനിൽ വരുന്നുണ്ട്. ഈ കൂട്ടർക്ക് അതും വേണ്ട. ഇങ്ങനെയുള്ളവർ ജീവിതവിജയം കൈവരിക്കില്ല.

നമ്മുടെ പഠനത്തിനും പ്രാർത്ഥനയ്ക്കും തടസ്സമാകുന്നവിധം, നമുക്കുചെയ്യാവുന്ന കൊച്ചു കൊച്ചു നന്മകൾ നഷ്ടമാകാത്തവിധം, നമ്മുടെ മനസ്സിനെ തിന്മയുടെ പ്രവണതകൾക്ക് അടിമപ്പെടുത്താത്ത വിധം ടി. വി. കാണുകയും കംപ്യൂട്ടർ ഉപയോഗിക്കുകയും ചെയ്യണം. പഠനസമയത്തും പലവിചാരങ്ങൾക്ക് കാരണമാകുന്ന പരിപാടികളൊക്കെ ഉപേക്ഷിക്കണം. മനസ്സിനെ ദുഷിപ്പിക്കുന്ന ചീത്തപുസ്തകങ്ങളൊന്നും വായിക്കില്ലെന്ന് ഉറച്ച തീരുമാനമെടുക്കണം. ഇങ്ങനെയൊക്കെ ചെയ്യാൻ തീരുമാനമെടുത്താൽ പഠനകാലഘട്ടത്തിൽ തന്നെ ശോഭനമായ ഒരു ഭാവിക്ക് രൂപം കൊടുക്കുവാൻ നിങ്ങൾക്ക് സാധിക്കും. മാതാപിതാക്കളും മുതിർന്നവരും പറഞ്ഞുതരുന്നവ ഞങ്ങളുടെ നന്മക്കുവേണ്ടിമാത്രമാണെന്ന ബോധ്യത്തിൽ നിങ്ങളുടെ മനസ്സിനെ ഉറപ്പിക്കണം. വിദ്യാഭ്യാസരംഗത്ത് വളരുവാൻ സാദ്ധ്യതകൾ തുറന്നു തരികയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്ത ചാവറയച്ചൻ നിങ്ങളുടെ വളർച്ചയിൽ അതീവ തല്പരനും സ്വർഗ്ഗത്തിലിരുന്ന് നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നവനുമാണ്. അദ്ദേഹത്തെപ്പോലെ പലഭാഷകളിൽ നമുക്ക് വൈദഗദ്ധ്യംനേടാം. കൂടുതൽ നന്മകൾ ചെയ്യാൻ കഴിവുള്ളവരാകാം.

## ഗുണപാഠം

നല്ല വ്യക്തിത്വത്തിന്റെ ഉടമകളാകണമെങ്കിൽ സദ്ഗ്രന്ഥങ്ങൾ വായിക്കുന്ന ശീലം വളർത്തിയെടുക്കണം. വായനയിൽ ദുഷ്ടചിന്തകൾക്ക് പ്രേരിപ്പിക്കുന്ന പുസ്തകങ്ങൾ പൂർണ്ണമായും ഉപേക്ഷിക്കുക. പ്രായമാകുമ്പോഴേക്കും സദ്ഗ്രന്ഥങ്ങളുടെ ഒരു ശേഖരം സ്വന്തമാക്കുക. ടി.വിയും കംപ്യൂട്ടറും അമിതമായ ആസക്തിയോടെ ഉപയോഗിക്കാതിരിക്കുക. പഠനകാലത്ത് ഇവ ഉപയോഗിക്കുവാൻ അധിക സമയം ചിലവഴിക്കരുത്. പഠനവിജയത്തിന് വ്യക്തമായ ഒരു സമയക്രമം പാലിക്കുക. പഠനത്തോടൊപ്പം പ്രാർത്ഥനയ്ക്കും, വീട്ടിലെ ചില കാര്യങ്ങൾ ചെയ്യുന്നതിനും സമയം കണ്ടെത്തണം.

## പ്രായോഗികം

അദ്ധ്യാപകരുടെ നേതൃത്വത്തിൽ ക്ലാസ്സ് റൂമിൽവെച്ച് എപ്രകാരമാണ് കുട്ടികൾ സമയം ചെലവഴിക്കുന്നത് എന്ന് ചർച്ചചെയ്യുക. സദ്ഗ്രന്ഥങ്ങൾ വായിക്കുവാനുള്ള അവസരം എങ്ങനെ വർദ്ധിപ്പിക്കാൻ സാധിക്കുമെന്നതിനെക്കുറിച്ച് ഒരു പദ്ധതി തയ്യാറാക്കുക. ഈ പദ്ധതിയനുസരിച്ച് എങ്ങനെ പ്രവൃത്തിയിൽ കൊണ്ടുവരുന്നു എന്ന് മാസം തോറും വിലയിരുത്തുക. നല്ല ഗ്രന്ഥങ്ങൾ വായിച്ച് നോട്ടുകുറിക്കുന്നവരെ പ്രോത്സാഹിപ്പിക്കുവാൻ കൂട്ടുകാരുടെയിടയിൽ നിന്നുതന്നെ ഒരു സമ്മാനപദ്ധതി കണ്ടെത്തുക.

***

## അദ്ധ്യായം – 4

# ആത്മനിയന്ത്രണം എന്നിലെ മഹത്വം

ഭാരതവിജ്ഞാനീയത്തിൽപ്പെടുന്ന പതഞ്ജലിയുടെ യോഗസൂത്രയിൽ ആത്മ നിയന്ത്രണത്തിനുള്ള അഞ്ചു നിയന്ത്രണങ്ങളും അഞ്ചു നിയമങ്ങളും തരുന്നുണ്ട്. അവയെ യമനിയമം എന്നു പറയുന്നു. യമം ചെയ്യുക എന്നു പറഞ്ഞാൽ സംയമനം ചെയ്യുക എന്നാണ് സം + യമ എന്നതിനർത്ഥം നന്നായി നിയന്ത്രിക്കുക എന്നതാണ്. നല്ല അച്ചടക്കമുള്ള വ്യക്തിയാകുവാൻ അഞ്ചുകാര്യങ്ങൾ സ്വയം നിയന്ത്രിക്കണം എന്നാണ് പതഞ്ജലി സകലമനുഷ്യരോടുമായി നിർദ്ദേശിക്കുന്നത്. ഇതിനുള്ള അഞ്ചു നിയമങ്ങളും അദ്ദേഹം നൽകുന്നുണ്ട്. അഭ്യാസത്തിലൂടെ നാമോരോരുത്തരും നേടിയെടുക്കേണ്ടത് അച്ചടക്കമാണ്. ഇവയാണ് നല്ല വ്യക്തിത്വത്തിന്റെ ഉടമയാകാനുള്ള വഴികളും. ചാവറയച്ചന്റെ ജീവിതത്തിൽ യമനിയമസംഹിത എപ്രകാരം പ്രാവർത്തികമായിരുന്നു എന്നു കണ്ടുകൊണ്ട് ഇവ എങ്ങനെ നമ്മുടെ ജീവിതത്തിൽ പ്രാവർത്തിക്കമാക്കാം എന്നു പരിശോധിക്കാം.

**അഞ്ചുയമങ്ങൾ**

1. **അഹിംസ** – ഹിംസിക്കുക എന്നാൽ കൊലചെയ്യുക, നശിപ്പിക്കുക എന്നൊക്കെയാണ്. ജീവനെ ഹനിക്കുന്നതിൽ മാത്രമല്ല ഹിംസ അടങ്ങിയിരിക്കുന്നത്. മനസ്സുകൊണ്ടോ, വാക്കുകൾ കൊണ്ടോ പ്രവർത്തികൾ കൊണ്ടോ ഒരാളെ വേദനിപ്പിക്കുമ്പോൾ നമ്മൾ അപരന്റെ മേൽ കയ്യേറ്റം ചെയ്യുകയാണ്, നാശം ചെയ്യുകയാണ് ചെയ്യുന്നത്. ആരെയും ഉപദ്രവിക്കാതിരിക്കുന്നതാണ് അഹിംസ. നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി കാണിച്ചുതന്ന മാതൃകയാണ് ശത്രുക്കളെപ്പോലും ഉപദ്രവിക്കരുത് എന്നത്. അഹിംസയുടെമാർഗ്ഗം ഉപയോഗിച്ചാണ് അദ്ദേഹം ബ്രിട്ടീഷുകാരെ കീഴടക്കിയത്.

ഒരാളെക്കുറിച്ച് മനസ്സിൽ കുറ്റം വിധിക്കുമ്പോൾ, അയാളെ വെറുക്കുമ്പോൾ, ഈ വെറുപ്പ് വാക്കുകളിലൂടെ പ്രകടിപ്പിച്ച് അയാളെ വേദനിപ്പിക്കുമ്പോൾ പ്രവൃത്തിയിലൂടെ അയാൾക്ക് നന്മചെയ്യാതിരിക്കുമ്പോൾ നമ്മൾ അയാളെ ഹിംസിക്കുകയ ണ് ചെയ്യുന്നത്. 'ശത്രുക്കളെ ഉപദ്രവി

ക്കാൻ മൃഗങ്ങൾക്കും സാധിക്കും എന്നാൽ അയാളോടു ക്ഷമിക്കാൻ സാധിക്കുന്നത്, അയാളോടുള്ള വെറുപ്പ് സംയമനം ചെയ്ത് നിയന്ത്രിക്കാൻ സാധിക്കുന്നത് മഹാശക്തിയും, വിവേകവും, മാന്യതയുമാണെന്ന് 'ചാവറയച്ചൻ പറയുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിൽ വെറുപ്പു പ്രകടിപ്പിക്കേണ്ടിവന്നിട്ടുള്ള നിരവധിസന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. സ്വയം നിയന്ത്രിക്കുക എന്നു പറയുമ്പോൾ നമ്മിലുണ്ടാകുന്ന വാശിയേയും വൈരാഗ്യത്തേയും കൊന്നുകളയുക എന്നതാണർത്ഥം.

2. സത്യം - സത്യസന്ധരാകുവാൻ ധൈര്യമുള്ളവരാകുക എന്നതാണ് രണ്ടാമത്തെ ഗുണം. ഇത് നുണപറയാനുള്ള പ്രവണതയെ നിഗ്രഹം ചെയ്യുമ്പോൾ കിട്ടുന്ന താണ്. ഞാൻ പന്തുതട്ടികളിച്ചപ്പോൾ ജനൽചില്ലിൽതട്ടിചില്ലുപൊട്ടി എന്നതിനെ ഞാനല്ലപൊട്ടിച്ചത് എന്നു പറഞ്ഞാലും, വേറൊരാളാണ് പൊട്ടിച്ചത് എന്നു പറഞ്ഞാലും, തനിയെ പൊട്ടിയതാണ് എന്നു പറഞ്ഞാലും അതു സത്യമാവുകയില്ല. സംഭവിച്ചുപോയകാര്യത്തെ ഇല്ലാതാക്കാനും സാധിക്കില്ല. യേശു പറഞ്ഞതുപോലെ 'സത്യംമാത്രമെ നിങ്ങളെസ്വന്ത്രരാക്കൂ'.

ചാവറയച്ചന്റെ ജീവിതത്തിൽ സത്യത്തിനെതിരെ കൂട്ടുനിന്നാൽ പല ആനുകൂല്യങ്ങളും സ്ഥാനമാനങ്ങളും നൽകാമെന്നു ദനഹാ എന്ന വൈദികനും, റോക്കോസ് എന്ന മെത്രാനും വാഗ്ദാനം ചെയ്തു. ഇവർ രണ്ടുപേരും പേർഷ്യയിൽനിന്ന് മാർപ്പാപ്പയുടെ അനുവാദത്തോടെ വന്നവരാണെന്നും അവർക്ക് പ്രത്യേക അധികാരങ്ങൾ ലഭിച്ചിട്ടുള്ളവരാണ് എന്നും ജനങ്ങളോടു നുണ പറയുവാനാണ് ആവശ്യപ്പെട്ടത്. റോക്കോസ് മെത്രാൻ ചാവറയച്ചന് മെത്രാൻ പദവിയായിരുന്നു വാഗ്ദാനം ചെയ്തത്. ഇതിന് അദ്ദേഹം കൊടുത്ത മറുപടിയായിരുന്നു `മെത്രാൻ പട്ടം കിട്ടണമെന്നാഗ്രഹമില്ല തന്റെ ആത്മാവിനെ രക്ഷിച്ചാൽ മതി,' എന്ന്

3. അസ്തേയം - ഇതിനർത്ഥം ഒരു വസ്തുവിനോടും അമിതമായ ആസക്തി ഉണ്ടാകാതിരിക്കുക എന്നതാണ്. നല്ലതെന്നു തോന്നുന്നതെല്ലാം സ്വന്തമാക്കണമെന്ന ആഗ്രഹം അമിതമായ സ്വാർത്ഥതയിൽ നിന്നുണ്ടാകുന്നതാണ്. മറ്റുള്ളവരുടെ നന്മക്ക് ഉപകരിക്കാത്ത സ്വത്ത് അത് പണമായാലും, വസ്തുവകകളായാലും എന്തെല്ലാം ഉണ്ടായാലും എല്ലാം കൈവിടേണ്ടിവരും. ഇതുകൊണ്ടാണ് ഒരിക്കൽ തനിക്കായി അനേകവർഷങ്ങളിലേക്കുള്ള വലിയ സമ്പാദ്യങ്ങൾ സൂക്ഷിച്ചുവെച്ച ധനികനായ മനുഷ്യനോട് യേശു ചോദിച്ചത് ഈ രാത്രിയിൽ നിന്റെ ജീവനെ തിരിച്ചെടുത്താൽ ഈ സമ്പാദ്യമെല്ലാം ആരുടേ

താകും എന്ന്. സമ്പാദിക്കുവാനുള്ള കഴിവുകളും ബുദ്ധിശക്തിയും ദൈവമാണ് നമുക്കു തരുന്നത്. അത് ഇല്ലാത്തവർക്കും കൂടി ഉപയോഗിക്കാൻ ദൈവം നമ്മെ ഏല്പിച്ചിരിക്കുന്ന സമ്പാദ്യമാണ്. ചിതലരിക്കാത്തതോ ഉറുമ്പെടുക്കാത്തതോ ആയ നമ്മുടെ സമ്പാദ്യമാണ് നമുക്കു കിട്ടിയിരിക്കുന്നത്. നമ്മുടെ സമയം, കഴിവുകൾ, വസ്തുവകകൾ ഇവയെല്ലാം മറ്റുള്ളവരുടെയും നന്മയ്ക്കായി ഉപകരിക്കാനുള്ളതാണ്.

ചാവറയച്ചൻ ജീവിതസംതൃപ്തി കണ്ടെത്തിയത് തന്റെ സമയവും കഴിവുകളുമെല്ലാം മറ്റുള്ളവർക്കുവേണ്ടി ഉപകാരപ്പെടുത്തുന്നതിലായിരുന്നു. വസ്തുവകകളോട് ആസക്തി ഉണ്ടാകാതിരിക്കാൻവേണ്ടി അദ്ദേഹം ദാരിദ്ര്യം എന്ന വ്രതം സ്വീകരിച്ചു.

4. ബ്രഹ്മചര്യം - ബ്രഹ്മചര്യം എന്നു പറഞ്ഞാൽ ബ്രഹ്മത്തിൽ, ദൈവത്തിൽ ചരിക്കുക എന്നാണ്. ദൈവത്തിൽ വിശ്വസിക്കുന്ന ഭക്തനായ ഒരു മനുഷ്യന്റെ ജീവിതം മുഴുവനും ദൈവത്തോടുകൂടിയുള്ളതായിരിക്കണം. ദൈവത്തെ കൺമുമ്പിൽ കണ്ടുകൊണ്ടുള്ളതായിരിക്കണം. അപ്പോൾ തന്റേതെല്ലാം ദൈവത്തിന്റേതും ദൈവത്തിന്റേതെല്ലാം തന്റേതുമാകും. ഈ ആഴമായ ബോദ്ധ്യത്തിൽ നിന്നാണ് ചാവറയച്ചൻ പാടിയത്

"എന്നുടെ സ്നേഹം നീയേ ഭാഗ്യവുമെനിക്കു നീ
നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു.
ശ്വാസവുമെനിക്കുനീ,യാവനപാനം നീയേ
ആശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ"

സൃഷ്ടിയുടെ ജീവിതത്തിൽ സ്രഷ്ടാവിനു സ്ഥാനമില്ലെങ്കിൽ സൃഷ്ടിസ്വയമേ ദൈവമായിത്തീരുന്നു. ഇതാണ് മനുഷ്യബുദ്ധിയിലെ ഏറ്റം അധഃപതിച്ച അവസ്ഥ.

5. അപരിഗ്രഹം - സാധാരണ ആവശ്യമുള്ളതായ കാര്യങ്ങളിൽ പോലും അതു കൂടിയേതീരു എന്ന് നിർബ്ബന്ധമില്ലാതെ വിട്ടുകളയാൻ തയ്യാറുള്ള അവസ്ഥയാണ് ഇത്. വേറൊരുവാക്കിൽ പറഞ്ഞാൽ ജീവിതം പൂർണ്ണമാകാൻ ഇതുകൂടി വേണം എന്ന നിർബന്ധമില്ല. ഒന്നിനോടും അമിത ആകർഷകതയുണ്ടാകരുത്. ഏതു നേരവും എന്തിനേയും വിട്ടുകളയാനുള്ള കഴിവാണ് ഇത്. ചിലർക്ക് സ്തുതിബഹുമാനങ്ങൾ കിട്ടുന്നതിലായിരിക്കും, മറ്റൊരാൾക്ക് സ്ഥാനമാനങ്ങൾ ലഭിക്കുന്നതിലായിരിക്കാം, വെറെ ചിലർക്ക് മനസ്സിനിണങ്ങിയ സ്ഥലമോ സാഹ

ചര്യമോ, ആളുകളോ ആകാം ഇങ്ങനെ എന്തെങ്കിലും എന്റെ ജീവിതത്തിന് അനിവാര്യമാണ് എന്നു ചിന്തിച്ചു തുടങ്ങുമ്പോൾ ഒരു പ്രത്യേകത ജീവിതത്തിൽ നിലനിർത്തുവാൻ ആഗ്രഹിക്കുകയാണ്. ഇതു ലഭിക്കാതെ പോകുമ്പോൾ ഇവർക്ക് പരാതിയും, ദുഃഖവും, നിരാശയുമൊക്കെ അവശേഷിക്കും. ഇതല്ലെങ്കിൽ മറ്റൊന്ന് എന്ന നിലപാടു സ്വീകരിക്കുന്നവർ അസ്വസ്ഥതകളിൽ നിന്ന് കൂടുതൽ സ്വാതന്ത്ര്യം അനുഭവിക്കുന്നവരാകും.

ചാവറയച്ചന്റെ ജീവിതത്തിൽ ഒരുപാടുനേട്ടങ്ങൾ സ്വന്തമായി ഉണ്ടായിരുന്നു. അദ്ദേഹമായിരുന്നു ഭാരതത്തിൽ ആദ്യമായി ക്രൈസ്തവസന്യാസം ആരംഭിച്ചത്. അദ്ദേഹം മരണം വരെ അതിന്റെ സുപ്പീരിയർ ആയിരുന്നു. പലസ്ഥാപനങ്ങൾ അദ്ദേഹമാണ് തുടങ്ങിയത്. കത്തോലിക്കരുടെ ആദ്യത്തെ അച്ചടിശാലയും, പല വിദ്യാഭ്യാസ സ്ഥാപനങ്ങളും അദ്ദേഹമാണ് ആരംഭിച്ചത്. ഇങ്ങനെ നിരവധികാര്യങ്ങൾ അദ്ദേഹത്തിന്റെ നേട്ടങ്ങളായിട്ടുണ്ട്. എങ്കിലും ഇതിലൊന്നുപോലും അദ്ദേഹത്തിന്റെ നേട്ടമായി കാണുന്നില്ല. മറിച്ച് ഇതിനൊന്നിനും താൻ പ്രാപ്തനല്ല, എല്ലാം ദൈവം ചെയ്തു ചെയ്യിച്ചു എന്ന വിനീതമനോഭാവമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. തനിക്കുള്ളതെല്ലാം ദൈവത്തിൽ നിന്നുവരുന്നത് എന്ന ബോദ്ധ്യമുള്ളവന് എല്ലാം സമഭാവനയോടെ സ്വീകരിക്കാൻ സാധിക്കും, ലഭിക്കാത്തതിൽ പരാതിയും ദുഃഖവുമുണ്ടാകുകയുമില്ല.

നാമിതുവരെ കണ്ടത് നമ്മെ സ്വയം അച്ചടക്കമുള്ളവരാക്കി തീർക്കുവാനുള്ള അഞ്ചു ഘടകങ്ങളെക്കുറിച്ചാണ്. നമ്മെ കൂടുതൽ സൽസ്വഭാവികളാക്കുവാൻ കഴിവുതരുന്ന അഞ്ചുനിയമങ്ങളാണ് തുടർന്നുള്ള പ്രതിപാദ്യവിഷയം.

1. **ശുചിത്വം** – ശുചിത്വം നമ്മോടാവശ്യപ്പെടുന്നത് എല്ലാം വൃത്തിയായി സൂക്ഷിക്കാനാണ് സ്ഥലം, വീട്, ശരീരം, ഹൃദയം ഇവയെല്ലാം പരിശുദ്ധമായി സൂക്ഷിക്കുന്നതിലാണ് ശുചിത്വം അടങ്ങിയിരിക്കുന്നത്. ഒന്നാമതായി നാമുപയോഗിക്കുന്ന സ്ഥലവും പരിസരങ്ങളും വൃത്തിയായും വെടിപ്പായും സൂക്ഷിക്കണം. നാം ഇടപെടുന്ന സ്ഥലം കണ്ടാൽ നിശ്ചയിക്കാം ആളുടെ സ്വഭാവരീതികൾ. നാമുപയോഗിക്കുന്ന സ്ഥലം വെടിപ്പായി സൂക്ഷിക്കാൻ ജീവിതത്തിൽ ക്രമവും ചിട്ടയും ഉള്ള ആളിനെ സാധിക്കൂ. അച്ചടക്കമുള്ള വ്യക്തിയാണോ എന്നു തിരിച്ചറിയാനുള്ള ഒന്നാമത്തെ അടയാളമാണ് നാമുപയോഗിക്കുന്ന സ്ഥലം. ഇതുപോലെ

പ്രധാനപ്പെട്ട സ്ഥലമാണ് വീട്. വീടുകാണുമ്പോൾ തന്നെ അവിടെ താമസിക്കുന്നവരെക്കുറിച്ച് ചിലതീരുമാനങ്ങൾ എടുക്കാൻ കഴിയും അവിടെ ഉള്ളതൊക്കെ നന്നായി ക്രമീകരിച്ച് വൃത്തിയായി സൂക്ഷിച്ചി ട്ടുണ്ടെങ്കിൽ അവിടെയുള്ളവരും നല്ലവരാണ്, സ്നേഹവും ഐക്യവും ഉള്ളവരാണ്, കുടുംബമഹത്വമുള്ളവരാണ്, സംസ്ക്കാരമുള്ളവരാണ് എന്നൊക്കെ ഒറ്റനോട്ടത്തിൽ നമുക്കുമനസ്സിലാക്കാം.

ശരീരത്തിന്റെ ശുചിത്വത്തിൽ നാം ധരിക്കുന്ന വസ്ത്രവും പെടും. നാം അലസരാണോ, സുഖലോലുപരാണോ, മൂല്യങ്ങൾ ഉള്ളവരാണോ എന്നു നമ്മുടെ വസ്ത്രധാരണത്തിൽ നിന്ന് തിരിച്ചറിയാൻ സാധിക്കും. നാം ധരിക്കുന്ന വസ്ത്രത്തിന്റെ നിറവും ആകൃതിയുമെല്ലാം നമ്മുടെ സ്വഭാവത്തെയും മാന്യതയേയും പ്രതിഫലിപ്പിക്കുന്നതാണ്. നമ്മുടെ വസ്ത്രധാരണരീതി മറ്റുള്ളവരെ ലൈംഗീകാസക്തിയിലേക്ക് നയിക്കു വാൻപോലും ചിലപ്പോൾ കാരണമായേക്കാം. ശരീരം മനസ്സിന്റെ കണ്ണാ ടിയാണ്. ഇരിപ്പിലും, നടപ്പിലും, കിടപ്പിലും, കളിയിലും ആത്മനിയ ന്ത്രണം അഥവാ അടക്കം എന്ന പുണ്യം അഭ്യസിക്കണം എന്ന് ചാവറയ ച്ചൻ പറയുന്നത് അർത്ഥവത്താണ്. പെൺകുട്ടികളിലേക്ക് ശ്രദ്ധതിരി ക്കാനിടവരുന്ന വിധം അവരെ അണിയിച്ചൊരുക്കുന്നതിന്റെ അപകടസൂ ചനയും അദ്ദേഹം നൽകുന്നുണ്ട്.

ഹൃദയത്തെ പരിശുദ്ധമായി സൂക്ഷിക്കുന്നതിന്റെ ആവശ്യകതയും യേശുവിന്റെ പഠനങ്ങളിൽ ആവർത്തിക്കുന്നുണ്ട്. പുറമെനിന്ന് ഉള്ളി ലേക്ക് കടന്നു ഒരുവനെ അശുദ്ധനാക്കുവാൻ ഒന്നിനും കഴിയുകയില്ല. കാരണം അവ മനുഷ്യന്റെ ഹൃദയത്തിൽ പ്രവേശിക്കുന്നില്ല. എന്നാൽ ഉള്ളിൽ നിന്ന് - ഹൃദയത്തിൽ നിന്നു - പുറപ്പെടുന്നതാണ് മനുഷ്യനെ അശുദ്ധനാക്കുന്നത് എന്നദ്ദേഹം പറയുന്നു. മനുഷ്യന്റെ ഹൃദയത്തിൽ നിന്നാണ് ദുഷ്ചിന്ത, പരസംഗം, മോഷണം, കൊലപാതകം, വ്യഭിചാരം, ദുരാഗ്രഹം, ദുഷ്ടത, വഞ്ചന, ഭോഗാസക്തി, അസൂയ, ദൂഷണം, അഹങ്കാ രം, എന്നിങ്ങനെയുള്ള തിന്മകളെല്ലാം പുറപ്പെടുന്നത് ഇതുകൊണ്ടാണ് ആസക്തിയോടെ സ്ത്രീയെ നോക്കുന്നവൻ ഹൃദയത്തിൽ അവളുമായി വ്യഭിചാരം ചെയ്തു കഴിഞ്ഞു എന്ന് യേശുപറഞ്ഞത്. ഹൃദയത്തിലുണ്ടാ കുന്ന ദുഷ്ടചിന്തകൾ മുളയിലെനുള്ളിക്കളഞ്ഞാൽ അവ തിന്മയായി പുറ ത്തേക്കു വരികയില്ല. ഹൃദയത്തെ വിശുദ്ധമായി സൂക്ഷിക്കുക എന്നതാണ് ഏറ്റവും വലിയ അച്ചടക്കം.

2. സന്തോഷം - ജീവിതത്തിൽ സംതൃപ്തിയുള്ളവർക്കേ സന്തോഷിക്കുവാൻ കഴിയു. ഇല്ലാത്തതിനെക്കുറിച്ച് പരാതിപ്പെടുകയും ദുഃഖിക്കുകയും ചെയ്യുന്നവർക്ക് ഒരിക്കലും സംതൃപ്തിയും സന്തോഷവും ഉണ്ടാകില്ല. എല്ലാവരുടെയും ജീവിതത്തിൽ ഇല്ലാത്തവയായി വളരെ കാര്യങ്ങൾ കണ്ടെന്നുവരാം. അവയെല്ലാം സമ്പാദിച്ചുകൊണ്ടു സംതൃപ്തരാകാൻ കഴിഞ്ഞെന്നുവരില്ല. ഉള്ളതുകൊണ്ട് സംതൃപ്തികണ്ടെത്തുന്നവരാണ് ജീവിതവിജയികൾ. അവർക്ക് മറ്റുള്ളവർക്ക് കൊടുക്കാൻ വളരെ കാര്യങ്ങൾ അവശേഷിക്കും. കൊടുക്കുംതോറും സന്തോഷം വർദ്ധിക്കും.

ചാവറയച്ചന്റെ ജീവിതത്തിൽ അദ്ദേഹം എപ്പോഴും സന്തോഷവാനായിരുന്നു. തനിക്കില്ലാത്തതെന്തൊക്കെയാണെന്ന് അദ്ദേഹം അന്വേഷിച്ചു മിനക്കെടാറില്ലായിരുന്നു. മറിച്ച് മറ്റുള്ളവർക്ക് ഇല്ലാത്തതെന്തൊക്കെ എന്നു കണ്ടെത്തി അതവർക്ക് നേടികൊടുക്കുവാനുള്ള ശ്രമമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം മുഴുവനും. അതുകൊണ്ട് അദ്ദേഹത്തിനു ധാരാളം നന്മകൾ ചെയ്യാൻ കഴിഞ്ഞു. അവയെല്ലാം അദ്ദേഹത്തെ സന്തോഷവാനാക്കി. ചാവറയച്ചൻ മനുഷ്യരുടെ നാലുകൂട്ടുകാരെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. ആദ്യത്തെ മൂന്നും ജനിക്കുമ്പോൾ മുതൽ മരിക്കുന്നതുവരെ എപ്പോഴും നമ്മോടുകൂടെയുള്ള ലോകം, ശരീരം, ദുരഭിമാനമാകുന്ന സ്വാർത്ഥത എന്നിവരാണ്. ഇവർ മൂന്നും മരണനേരമടുക്കുമ്പോൾ നമ്മെ കൈവെടിയുന്ന കൂട്ടുകാരാണ്. നാലാമത്തെ കൂട്ടുകാരൻ ജീവിതകാലത്തു ചെയ്ത നന്മകളാണ്. ഇവയാണ് നമ്മെ നിത്യതയിലേക്കു നയിക്കുന്ന സംതൃപ്തിയും, സമാധാനവും സന്തോഷവും നൽകുക.

3. തപസ്സ് - ദൈവത്തിന്റെ സൃഷ്ടികളിൽ ഉന്നത സൃഷ്ടിയാണ് മനുഷ്യൻ. മനുഷ്യനിലെ ദൈവിക ശക്തിയുടെ ഭാഗമാണ് ബുദ്ധിശക്തിയും വിവേചനാശക്തിയും. ഭൗതികലോകത്തെ വേണ്ടവണ്ണം ഉപയോഗിച്ച് ഈശ്വരസാക്ഷാത്ക്കാരം നേടുവാൻ മനുഷ്യരെ വിവേകമതികളാക്കുന്ന സിദ്ധികളാണ് ബുദ്ധിശക്തിയും വിവേചനാശക്തിയും. ഇവയെ പഞ്ചേന്ദ്രിയങ്ങൾക്കും മനസ്സിനും വികാരങ്ങൾക്കും അതീതമാക്കുമ്പോൾ മനുഷ്യർ ദൈവികെ ജ്ഞാനമുള്ളവരായിത്തീരും. ദൈവീകജ്ഞാനവും ദൈവവാക്യവും ഉണ്ടാകുവാൻവേണ്ടിയാണ് മനുഷ്യർ തപസ്സു ചെയ്യുന്നത്. ശാരീരികേച്ഛകളേയും മാന

സ്സികേച്ഛകളേയും നിയന്ത്രണത്തിലാക്കുവാൻ നടത്തുന്ന യജ്ഞമാണ് തപസ്സ്. മറ്റൊരുവാക്കിൽ പറഞ്ഞാൽ ശരീരത്തേയും മനസ്സിനേയും അച്ചടക്കമുള്ളതാക്കി തീർക്കുവാനുള്ള ഒരുപാധിയാണ് തപസ്സ്.

തപസ്സ് വഴി കാഴ്ച, ശ്രവണം, മണം, രുചി, സ്പർശനം എന്നീ ബാഹ്യേന്ദ്രിയങ്ങളുടെ കഴിവുകളെയും, ആന്തരിക ശക്തികളായ ബുദ്ധിയേയും മനസ്സിനെയും, വികാരങ്ങളെയും നിയന്ത്രണാധീനമാക്കുമ്പോൾ ഏകാഗ്രതയിലേക്കുവരുന്നു. ഏകാഗ്രതയിൽനിന്നാണ് ദൈവികജ്ഞാനവും വിവേകവും ഉണ്ടാകുന്നത്. ഇവരണ്ടും മൃഗങ്ങൾക്ക് ലഭിക്കാത്തതും മനുഷ്യർക്കു സ്വന്തവുമാണ്. ഇത് സ്വന്തമാക്കാനാണ് ഇച്ഛാശക്തികളെ നിയന്ത്രിക്കേണ്ടിവരുന്നത്. ബുദ്ധിയും, മനസ്സും, ശരീരവും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നിടത്തോളം കാലം അച്ചടക്കമുള്ള വ്യക്തിയായി മാറാൻ തപസ്സിനെ ഒരു തപസ്യയാക്കിമാറ്റണം. സ്വയം നിയന്ത്രിക്കാൻ കഴിവുള്ള വ്യക്തിയെ ആണല്ലോ, അച്ചടക്കമുള്ള വ്യക്തി എന്നുപറയുന്നത്. ജീവിതത്തിൽ തപസ്സും പ്രാർത്ഥനയും അനുഷ്ഠിക്കുന്ന വ്യക്തികൾക്കേ അച്ചടക്കവും ആത്മനിയന്ത്രണവും ലഭിക്കൂ, അതുവഴി ദൈവികജ്ഞാനവും ദൈവൈക്യവും.

4. സ്വാദ്ധ്യായ – സ്വയം പഠനം എന്നിതിനെവിളിക്കാം. ജീവിതം എന്നത് തുറന്നുവെച്ച ഒരു പാഠപുസ്തകമാണ്. ജീവിതത്തെ അഭിമുഖീകരിക്കാൻ വിദ്യകൊണ്ടും മറ്റുള്ളവർ നല്കുന്ന അറിവുകൾകൊണ്ടും സാധ്യമാകുന്നു. ജീവിക്കുക എന്നത് സ്വയം പഠനത്തിൽ നിന്നാണ് ഉണ്ടാകേണ്ടത് . ഈ സ്വയംപഠനത്തിന്, സഹജീവികൾ, പ്രകൃതി വസ്തുക്കൾ, ശാസ്ത്രം, ചരിത്രത്തിലൂടെ കടന്നുവരുന്ന ജീവിതാനുഭവങ്ങൾ ഇവയെല്ലാംപെടണം. സ്വയം മെനഞ്ഞെടുക്കുന്ന വ്യക്തിത്വമാണ് നമ്മെ മറ്റുള്ളവരിൽ നിന്നുവേർതിരിക്കുന്ന നല്ല സ്വഭാവത്തിന്റെ ഉടമകളാക്കുന്നത്.

5. ഈശ്വരപ്രണിധാനം-ഇത് ഈശ്വരഭക്തിയാണ്. നാം വിശ്വസിക്കുന്ന ദൈവത്തെ മനസ്സിൽ പൂജിക്കുകയും ധ്യാനിക്കുകയും ചെയ്യുക. എല്ലാറ്റിന്റേയും ആത്യന്തികമായ ഫലം ഇതിലാണ് അടങ്ങുന്നത്. സകല ചരാചരങ്ങളുടേയും നിയന്ത്രണം കൈയ്യിലുള്ളവനാണ് ദൈവം. ദൈവത്തിന്റെ നിയന്ത്രണത്തിന് നമ്മെ വിട്ടുകൊടുക്കാൻ കഴിവുണ്ടാകുമ്പോൾ മാത്രമെ നമുക്ക് സ്വയനിയന്ത്രണം പാലിക്കുവാൻ സാധിക്കൂ. ഇതിനാണ് ഈശ്വരപ്രണിധാനം ആവശ്യമായിരിക്കുന്നത്.

ചാവറയച്ചൻ വലിയൊരു താപസനായിരുന്നു. മനുഷ്യന്റെ ജീവിതത്തിലെ ഏറ്റം ശക്തമായ മൂന്നുപ്രവണതകളാണ് സ്വന്തംശരീരത്തിന്റെ ഇച്ഛകൾ, മനസ്സിന്റെ ഇഷ്ടങ്ങളിൽപ്പെടുന്ന സ്വാതന്ത്ര്യം, സമ്പാദിക്കുവാനും സൂക്ഷിക്കുവാനുമുള്ള അവകാശം ഇവ. ചാവറയച്ചൻ പൂർണ്ണമായും ദൈവത്തിന്റെ നിയന്ത്രണത്തിലും ആത്മ നിയന്ത്രണത്തിലും തന്നെ ആക്കുന്നതിനുവേണ്ടി ബ്രഹ്മചര്യം, അനുസരണം, ദാരിദ്ര്യം എന്നീ മൂന്നു വ്രതങ്ങൾ സ്വീകരിച്ചു കൊണ്ട് തന്നിലുള്ള എല്ലാ ഇച്ഛാശക്തിളേയും നിയന്ത്രിച്ചു. ഇതിനുവേണ്ടി തന്റെ ഭക്ഷണത്തിലും, വസ്ത്രധാരണത്തിലും നിയന്ത്രണം ഏർപ്പെടുത്തി. തന്റേയും മറ്റുള്ളവരുടേയും ജീവിതാനുഭവങ്ങൾ പഠനവിഷയമാക്കി. അപ്പോൾ മറ്റുള്ളവരുടെ ജീവിതത്തിനുവേണ്ട സാമൂഹികവും വ്യക്തിപരവുമായ ആവശ്യങ്ങൾ തിരിച്ചറിഞ്ഞു. ഇവയൊക്കെ മറ്റുള്ളവർക്ക് നേടിക്കൊടുക്കുവാൻ താൻ എന്തു ചെയ്യണമെന്ന അന്വേഷണമായി. ഇതിനായി എപ്പോഴും അദ്ദേഹം ദൈവീകപ്രണിധാനത്തിൽ ആലോചനക്കായി എത്തി. പ്രാർത്ഥനയിലൂടെ ദൈവം തനിക്കായി ഒരുക്കിയിരിക്കുന്ന പദ്ധതികൾ തിരിച്ചറിഞ്ഞു. ഇത് തന്റെ സമൂഹവുമായി പങ്കുവെച്ച് നടപ്പിലാക്കി. ഇതാണ് നമ്മുടെയും ജീവിതത്തിലാവശ്യമായിരിക്കുന്നത്.

## ഗുണപാഠം

നമ്മെത്തന്നെ സ്വയം നിയന്ത്രണത്തിൽ കൊണ്ടുവരിക എന്നതാണ് നമ്മുടെ ഏറ്റവും വലിയ കഴിവ്. ഇതു സമ്പാദിക്കുവാൻ ഒരു യജ്ഞം ആവശ്യമാണ്. ഇത് പരപ്രേരണയിൽ നിന്ന് എന്നതിലധികമായി ഉൾപ്രേരണയിൽ നിന്നുണ്ടാകേണ്ടതാണ്. ഭാരതമുനിയായ പതഞ്ജലി തരുന്ന പത്തു നിർദ്ദേശങ്ങൾ ഈ സ്വയം കണ്ടെത്തലിന് വളരെ സഹായകമാണ്. ഇതിന്റെ നന്മ ചാവറയച്ചൻ വ്യക്തിജീവിതത്തിലൂടെ ജീവിതമാതൃകയായി പങ്കുവെച്ചുതരുന്നുണ്ട്. തന്റെ ഇഷ്ടാനിഷ്ടങ്ങളുടെ നടത്തിപ്പിനായി ജീവിക്കുന്ന മനുഷ്യർക്ക് ദൈവവും സഹജീവികളും നഷ്ടമായിത്തീരുന്നു. അവരുടെ ജീവിതമോ ലോകത്തിന് നിഷ്ഫലദായകമായിത്തീരുന്നു.

## പ്രായോഗികം

ബാഹ്യേന്ദ്രിയങ്ങളായ പഞ്ചേന്ദ്രിയങ്ങൾ ആന്തരികേന്ദ്രിയങ്ങളായ ബുദ്ധി, മനസ്സ്, വികാരങ്ങൾ ഇവയെയും ഇവയുടെ പ്രവണതകളുടെ പ്രത്യേകതകളേയും ക്ലാസ്സിൽ വിശദീകരിച്ചുകൊടുക്കുക. ഇവകളെ സ്വയം നിയന്ത്രിക്കുവാൻ ആവശ്യമായ പ്രായോഗിക പരിശീലനപദ്ധതിയെക്കുറിച്ച് ക്ലാസ്സ് മുറിയിൽ ചർച്ച ചെയ്ത് പദ്ധതിയിടുക. ഇതിലെ നല്ല ആശയങ്ങൾ ക്രോഡീകരിച്ച് എല്ലാവരും എഴുതി എടുക്കുക. ബാഹ്യആന്തരികേന്ദ്രിയങ്ങളെ നിയന്ത്രിക്കുവാൻ സ്വയം നടത്തുന്ന പരിശ്രമങ്ങളും അതിലെ ജയപരാജയങ്ങളും ചെറിയ ഒരു ബുക്കിൽ സ്വയം കുറിച്ചുവെയ്ക്കുകയും ഇടയ്ക്ക് അതുവായിച്ച് തന്റെ പുരോഗതിയുടെ വ്യത്യാസം തിരിച്ചറിയുക. കൂടുതൽ മെച്ചപ്പെടുത്താൻ ശ്രമിക്കുക. ഇതിനായി പ്രാർത്ഥിക്കുക.

❋❋❋

# അദ്ധ്യായം - 5

# ദൈവം നമ്മുടെ കൂട്ടുകാരനാണ്

ചാവറയച്ചന്റെ ലഘുജീവചരിത്രത്തിൽ അമ്മയിലൂടെ ദൈവത്തെ അറിഞ്ഞ് പ്രാർത്ഥനയിൽ എപ്രകാരമാണ് താൻ വളർന്നതെന്ന് ചില സൂചനകൾ നമ്മൾ കണ്ടു. അദ്ദേഹത്തെ ഇത്ര വലിയ വ്യക്തിയാക്കിമാറ്റിയത് തന്റെ വിനയഭാവവും പ്രാർത്ഥനാ ചൈതന്യവുമാണ്. ലോകചരിത്രത്തിൽ മഹാത്മാരായിത്തീർന്ന പലരും പ്രാർത്ഥനയുടെ മനുഷ്യരായിരുന്നു. പോളണ്ടിലെ കല്ലുമടകളിൽ ജോലിചെയ്തു ജീവിച്ചിരുന്ന ആളായിരുന്നു ജോൺപോൾ. അദ്ദേഹം പടിപ്പടിയായി ഉയർന്ന് 110 കോടി ജനങ്ങളുടെ അനിഷേധ്യനേതാവായി, മാർപ്പാപ്പയായി നൂറിലേറെ രാജ്യങ്ങളിൽ സഞ്ചരിച്ച് ക്രിസ്തുവിന്റെ സന്ദേശം സധൈര്യം പങ്കുവെച്ചു. അദ്ദേഹത്തിനിതെല്ലാം സാധിച്ചത് പ്രാർത്ഥനയുടെ മനുഷ്യൻകൂടി ആയിരുന്നതുകൊണ്ടാണ്. ലോകപ്രശസ്തയും, നോബൽ സമ്മാനജേതാവും മറ്റു നിരവധി അവാർഡുകൾ നേടുകയും ചെയ്ത വനിതയായിരുന്നു കൽക്കട്ടയിലെ മദർതെരേസ. തനിക്ക് എന്തെങ്കിലും നന്മചെയ്യാൻ സാധിച്ചത് പ്രാർത്ഥനയിലൂടെ ദൈവത്തിൽ ആശ്രയിച്ചതു കൊണ്ടാണെന്ന് മദർ പറയുന്നു. പേപ്പട്ടി വിഷത്തിനെതിരെയുള്ള ചികിത്സകണ്ടുപിടിച്ചത് ലൂയി പാസ്റ്റർ ആണ്. അദ്ദേഹം പ്രാർത്ഥനയുടെ വലിയ മനുഷ്യനായിരുന്നു.

പ്രാർത്ഥന ദൈവത്തോടുള്ള സ്നേഹസംഭാഷണമാണെന്നാണ് ചാവറയച്ചൻ പറയുന്നത്. രണ്ടു സ്നേഹിതർ അടുത്തുവരുമ്പോൾ എത്ര താല്പര്യത്തോടെയാണ് അങ്ങോട്ടും ഇങ്ങോട്ടും കുശലാന്വേഷണങ്ങൾ നടത്തുന്നത്. അവർക്ക് സംസാരിക്കാൻ വിഷയം ഇല്ലാതെവരില്ല. അവർ സ്നേഹമുള്ളവരാണോ രണ്ടുപേരുടെയും ഭാഷകൾ അറിയില്ലെങ്കിൽ പോലും ആംഗ്യഭാഷയിലെങ്കിലും ആശയങ്ങൾ പങ്കുവെയ്ക്കും. സ്നേഹമുള്ളവരെ പെട്ടെന്നു പിരിയുവാൻ എല്ലാവർക്കും വിഷമമാണ്. ഈ വസ്തുത നമ്മുടെയെല്ലാം അനുദിന അനുഭവമാണ്.

നമുക്ക് ഏറ്റവും ഇഷ്ടമുള്ള കൂട്ടുകാരോടുപോലും എല്ലാ ഹൃദയരഹസ്യങ്ങളും പറയാൻ സാധിച്ചെന്നുവരില്ല, പ്രത്യേകിച്ചും നമ്മുടെ പാപാവസ്ഥ, നമ്മിൽ നിറഞ്ഞുനിൽക്കുന്ന അസൂയ, നമ്മുടെ അഹങ്കാരചിന്ത

കൾ ഇതൊന്നും മറ്റുള്ളവർ അറിയാൻ നാമാഗ്രഹിക്കില്ല. അവിടെയാണ് മനുഷ്യന്റെ നിസ്സഹായ അവസ്ഥയെക്കുറിച്ച് നാം ബോധവാന്മാരാകുന്നത്. എല്ലാം തുറന്നു സംസാരിക്കാൻ പറ്റുന്ന ഏക വ്യക്തി ദൈവമാണ്. കാരണം നമ്മുടെ എല്ലാഹൃദയ രഹസ്യങ്ങളും നമ്മൾ പറയാതെ തന്നെ അതിന്റെ സകലവിശദാംശങ്ങളോടുംകൂടി അറിയുന്നവനാണ് ദൈവം. ഒരു കാര്യമേ നമുക്കാവശ്യമുള്ളൂ ദൈവത്തെ നമ്മുടെ അടുത്തു വിളിച്ചുകൊണ്ടുവന്നിരുത്തണം.

നമുക്ക് സങ്കടം വരുമ്പോൾ എന്തെങ്കിലും കാര്യങ്ങൾ സാധിച്ചുകിട്ടേണ്ടിവരുമ്പോൾ, നാം സ്വയമായി ശ്രമിച്ചാൽ നടക്കാതെ വരുമ്പോൾ, മറ്റുള്ളവരിൽ നിന്ന് എന്തെങ്കിലും കാര്യങ്ങൾ നടന്നുകിട്ടണമെങ്കിൽ, നാമാരെയാണ് ആദ്യം സമീപിക്കുക. അമ്മയെ ആണ് അല്ലേ. അമ്മ കാര്യങ്ങൾ മനസ്സിലാക്കും നമുക്കാവശ്യമുള്ളതു നേടിത്തരും. അമ്മയ്ക്ക് നേരിട്ടുതരാൻ പറ്റാത്ത കാര്യങ്ങൾ ദൈവത്തോടു പ്രാർത്ഥിച്ചു വാങ്ങിത്തരും. 'അമ്മയുടെ പ്രാർത്ഥന ഉണ്ണിയുടെ പ്രാർത്ഥനപോലെ ദൈവം കേൾക്കും' എന്നാണ് ചാവറയച്ചൻ പറയുന്നത്. ഇത്രയധികം നമ്മെ സ്നേഹിക്കുന്ന നമുക്കുവേണ്ടി എന്തും ചെയ്തു തരുന്ന, നമുക്കുവേണ്ടി മാത്രം ജീവിക്കുന്ന അമ്മയോടുപോലും പലകാര്യങ്ങളും തുറന്നുപറയുവാൻ നമുക്ക് മടിയും ലജ്ജയും ഭയവും ഉണ്ടായെന്നുവരാം. അപ്പോഴും നമുക്ക് എല്ലാം തുറന്നു പങ്കുവയ്ക്കുവാൻ പറ്റുന്ന ഒരാളെ കണ്ടെത്തിയേ പറ്റു. ആരോടെങ്കിലും എല്ലാം തുറന്നു പറയാനും അവരുടെ സ്നേഹോപദേശങ്ങളും നിർദ്ദേശങ്ങളും കിട്ടാതെ വരുമ്പോഴുമാണ് നമ്മൾ നിരാശരായിത്തീരുന്നത്, ജീവിതത്തിന് അർത്ഥം കിട്ടാതെ വരുന്നത്, അപ്പോഴാണ് നമുക്ക് ക്ഷമിക്കുവാനും സഹിക്കുവാനും കഴിയാതെവരുന്നത്, ജീവിച്ചിട്ടുകാര്യമില്ല എന്നതീരുമാനത്തിലെത്തുന്നതും സ്വയം മരിക്കാൻ ശ്രമിക്കുന്നതും ഈ സാഹചര്യത്തിലാണ്.

ഇവിടെ നമുക്ക് ചാവറയച്ചനെ വലിയ മാതൃകയായി എടുക്കാം. കുഞ്ഞുന്നാളിൽ അമ്മയെങ്ങിനെയാണ് തന്നെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചത് എന്നകാര്യം അറുപതുവയസ്സുകഴിഞ്ഞപ്പോഴും എത്ര സ്നേഹത്തോടും നന്ദിയോടും കൂടിയാണ് ഓർക്കുന്നത്. അദ്ദേഹത്തിന് പത്തു പതിനെട്ടു വയസ്സുമാത്രം പ്രായമുള്ളപ്പോഴാണ് പകർച്ചവ്യാധി പിടിപെട്ട് സ്വന്തം അപ്പനും അമ്മയും ഏക സഹോദരനും മരിക്കുന്നത്. എത്ര വലിയ ദുഃഖവും വേദനയും ഉണ്ടാക്കിയ സംഭവമാണ് എന്നു നമുക്കൂഹിക്കാൻ കഴിയും. വളരെ പ്രത്യാശയോടെ മാന്നാനത്ത് ആരംഭിച്ച സന്യാസാശ്ര

മത്തിന്റെ പണികൾ നിർത്തിവെപ്പിച്ച് ചാവറയച്ചനെ മേലധികാരി സ്ഥലം മാറ്റിയപ്പോൾ എത്രവലിയവേദനയാണ് അദ്ദേഹത്തിനനുഭവപ്പെട്ടത് എന്ന ദ്ദേഹം എഴുതിവെച്ചിട്ടുണ്ട്. റോക്കോസ് മെത്രാനും അനുയായികളും താൻ വളർത്തി കൊണ്ടുവന്ന ആശ്രമങ്ങളെ പിടിച്ചടക്കുവാൻ ആളുകളെ യും കൂട്ടി ചെന്നപ്പോൾ അദ്ദേഹത്തിനുണ്ടായ ഭയവും വേദനയും എത്ര വലുതായിരിക്കണം. ഇങ്ങനെയെല്ലാം സംഭവിക്കുമ്പോഴും ചാവറയച്ചന് അടിപതറാതെ ദൈവത്തിലാശ്രയിക്കാൻ സാധിച്ചത് താൻ പ്രാർത്ഥിക്കുന്ന മനുഷ്യനായിരുന്നതുകൊണ്ടാണ്.

ചെറുപ്പത്തിൽ നമ്മുടെ അമ്മ പഠിപ്പിച്ചുതന്ന പ്രാർത്ഥനകൾ നാം ചൊല്ലാറുണ്ടോ. നമുക്ക് ജീവിതത്തിൽ കൊച്ചു കൊച്ചു ദുഃഖങ്ങളൊക്കെ ഉണ്ടാകുമ്പോൾ ദൈവത്തോടുകൂടി തനിച്ചിരുന്ന് പ്രാർത്ഥിക്കാറുണ്ടോ ? ഇപ്പോഴാണ് നമുക്കൊരു സംശമുണ്ടാകുക. ഒരാൾ നമ്മുടെ അടുത്തു വന്നിരിക്കുന്നതുപോലെ ദൈവം നമ്മുടെ അടുത്തു വന്നിരിക്കുമോ, ദൈവത്തെ ഒരാളെപ്പോലെ കണ്ടുകൊണ്ട് നമുക്ക് സംസാരിക്കുവാൻ പറ്റുമോ എന്ന കാര്യം. മനുഷ്യരൂപത്തിൽ ദൈവത്തെ കണ്ടെത്തണമെന്നില്ല, ദൈവത്തോടു സംസാരിക്കുവാൻ ദൈവം നമ്മുടെ മനസ്സിലാണ് സംസാരിക്കുന്നത്. മനസ്സിൽ ഒരാളെക്കുറിച്ച് ഓർക്കുമ്പോൾ ആ ആൾ എത്ര ദൂരത്തായാലും, മരിച്ചു പോയ ആൾ ആയാൽപോലും നമ്മുടെ മനസ്സിൽ അവർ തെളിഞ്ഞുവരാറില്ലേ ? മാത്രമല്ല അവർ പറഞ്ഞതും പ്രവർത്തിച്ചതുമായ എന്തെല്ലാം കാര്യങ്ങൾ നമ്മുടെ മനസ്സിലേക്ക് അവരുടേതായി, അവരായി ഓടി എത്തുന്നു. ഇത് നമ്മുടെ നിത്യ അനുഭവമല്ലേ. ഇതുപോലെ ദൈവത്തോടു സംസാരിക്കുവാൻ നാം തയ്യാറാകുമ്പോൾ ദൈവവും നമ്മുടെ അടുത്തെത്തി നമ്മോടു സംസാരിക്കും.

ബഹളങ്ങളുടെയും മറ്റു തിരക്കുകളുടെയുമിടയിൽ നമ്മുടെ ഹൃദയത്തിൽ സംസാരിക്കുന്ന ദൈവത്തിന്റെ സ്വരം കേൾക്കുവാൻ എളുപ്പമല്ല. ഇതിന് അനുകൂലമായ സാഹചര്യം അല്പം ഏകാന്തതയാണ്. അതുകൊണ്ട് എല്ലാദിവസവും കുറച്ചു സമയം മറ്റുശ്രദ്ധകളിൽ നിന്ന് മാറി തനിച്ചിരുന്നു പ്രാർത്ഥിക്കുവാൻ സമയം കണ്ടുപിടിച്ചാൽ പണി എളുപ്പമായി. ഇതിനുപറ്റിയ സ്ഥലവും സമയവും കണ്ടെത്തണം. സ്ഥലത്തിന് വേറെ എവിടെയും അന്വേഷിച്ചുപോകേണ്ടതില്ല. നമ്മുടെ മുറിയിൽ തന്നെയാകാം. മുറിയിൽ തനിച്ചിരുന്നു ദൈവത്തെ മനസ്സിൽ ഓർക്കുക. ദൈവസാന്നിദ്ധ്യം നമ്മുടെ മനസ്സിലേക്ക് കൊണ്ടുവരിക. നമുക്ക് കിട്ടിയിട്ടുള്ള സന്തോഷകരമായ അനുഭവങ്ങളെ ഓർത്ത്, ഇവയെല്ലാം നൽകിയ

നല്ലദൈവത്തിനു നന്ദിപറയുക. നമ്മുടെ ദുഃഖങ്ങളും, ആകുലതകളും നമുക്ക് അംഗീകരിക്കാൻ പറ്റാത്തതായ പ്രശ്നങ്ങളെന്തെങ്കിലുമുണ്ടെങ്കിൽ, നമുക്കുത്തരം കിട്ടേണ്ടകാര്യങ്ങൾ, നമുക്ക് കുറ്റബോധം അനുഭവപ്പെടുന്ന കാര്യങ്ങൾ എന്നിങ്ങനെ ഓരോന്നും നമ്മുടെ അടുത്തിരിക്കുന്ന കൂട്ടുകാരനോട് എന്ന വിധം ദൈവത്തോട് പങ്കുവെയ്ക്കുക. നമ്മൾ ഉന്നയിച്ച ഓരോകാര്യങ്ങൾക്കും ദൈവത്തിനു തരാനുള്ള മറുപടി എന്തെന്ന് ശ്രദ്ധിക്കുക. ഇടയ്ക്കിടയ്ക്ക് ദൈവത്തോട് പ്രാർത്ഥിക്കുക, എനിക്കാവശ്യമായ വെളിച്ചം തരണമേ എന്ന്, അപ്പോൾ നമ്മുടെ മനസ്സാക്ഷിയിൽ ദൈവത്തിന്റെ നിർദ്ദേശങ്ങൾ തെളിഞ്ഞുവരുന്നതായി അനുഭവപ്പെടും. ഇത് ദൈവത്തിന്റെ സ്വരമാണ് എന്ന് തിരിച്ചറിയാൻ ഒരു വിദ്യയുണ്ട്. ദൈവം നന്മയും സ്നേഹവും സത്യവും നീതിയുമാണ്. ദൈവം നമ്മോട് ആവശ്യപ്പെടുന്നത് ശത്രുക്കളോടു ക്ഷമിക്കാനും അനുകമ്പയുള്ളവരായിരിക്കാനും വിനയമുള്ളവരായിരിക്കാനും വിട്ടുവീഴ്ചചെയ്യാനും തിന്മയ്ക്കുപകരം നന്മചെയ്യാനുമായിരിക്കും. ഇപ്രകാരമുള്ള പ്രചോദനമാണ് മനസ്സിൽ തെളിഞ്ഞു വരുന്നതെങ്കിൽ, ഇപ്രകാരമുള്ള ചിന്തകൾ കിട്ടുമ്പോൾ മനസ്സിൽ എന്തെന്നില്ലാത്ത ഒരു സമാധാനമാണ്, ആശ്വാസമാണ് അനുഭവപ്പെടുന്നതെങ്കിൽ നമ്മുടെ മനസ്സാക്ഷിയിൽ തെളിഞ്ഞുവന്നത് ദൈവത്തിന്റെ സ്വരമാണ് എന്നതിന്റെ അടയാളമായിരിക്കും. ഇങ്ങനെ എന്നും ദൈവത്തോടുസംസാരിക്കുന്ന ഒരു പതിവ് വളർത്തിയെടുത്താൽ നാം അച്ചടക്കമുള്ളവരും മര്യാദയുള്ളവരും നന്മചെയ്യാൻ മടിയില്ലാത്തവരും അങ്ങനെ മറ്റുള്ളവർക്ക് മാതൃകയുമായിത്തീരും.

ചാവറയച്ചൻ ജീവിതത്തിൽ ഒരുപാടു നന്മകൾ ചെയ്തു കടന്നുപോയ ആളാണെന്നു നാം കണ്ടുവല്ലോ, പല പുതിയ ആശയങ്ങളും അതിനനുസരിച്ച് പല പുതിയ പ്രസ്ഥാനങ്ങളും നടപ്പിലാക്കി വിജയിച്ച ആളാണ് ചാവറയച്ചൻ. ഇവിടെയെല്ലാം ദൈവത്തോട് ആലോചനചോദിക്കാതെ അദ്ദേഹം ഒന്നുംചെയ്തിരുന്നില്ല. അതിനുവേണ്ടി അദ്ദേഹം എന്നും മണിക്കൂറുകളോളം പ്രാർത്ഥിക്കുമായിരുന്നു. തന്റെ പ്രാർത്ഥനയുടെ ശക്തിയാൽ അസാദ്ധ്യമെന്നു വിചാരിച്ചിരുന്ന പലകാര്യങ്ങളും നടത്തുവാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്.

ഒരു സംഭവം ഇവിടെ വിവരിക്കാം. 1846-ൽ മാന്നാനത്ത് അച്ചടിശാല നിർമ്മിച്ചുകഴിഞ്ഞപ്പോൾ അച്ചടിക്ക് വേണ്ട കടലാസ്സും മഷിയും ആവശ്യമായിരുന്നു. ഇതിനുവേണ്ടി ശേഖരിച്ച പണവുമായി അദ്ദേഹം

കൊച്ചിയിൽ കച്ചവടക്കാരുമായി ബന്ധപ്പെട്ടപ്പോൾ മനസ്സിലായത് സാധനങ്ങൾ വാങ്ങണമെങ്കിൽ ഇനിയും വലിയയൊരുതുക കണ്ടെത്തണമെന്നായിരുന്നു. അദ്ദേഹം പരിചയക്കാരെ പലരെയും സമീപിച്ചു സഹായാഭ്യർത്ഥന നടത്തി. പലരിൽ നിന്നായി കുറെ പണം സ്വരൂപിച്ചു. ബാക്കി തുകയ്ക്ക് കടം പറഞ്ഞു. ഒരു വണ്ടിക്കാരനെ വിളിച്ച് സാധനങ്ങൾ കയറ്റി മാന്നാനത്തെത്തി. എന്നാൽ വണ്ടിക്കൂലികൊടുക്കുവാൻ ഒരുരൂപാപോലും കയ്യിലില്ല. അദ്ദേഹം നിരാശനാകാതെ പ്രത്യാശയോടെ ദേവാലയത്തിലേക്കുപോയി ദൈവസന്നിധിയിൽ മുട്ടുകുത്തി തന്റെ സങ്കടങ്ങളെല്ലാം ദൈവസന്നിധിയിൽ അറിയിച്ചു. ആരുടെയടുത്തെങ്കിലും വായ്പ ചോദിക്കാം എന്ന ഉദ്ദേശത്തോടുകൂടിയിയിരിക്കാം ചാവറയച്ചൻ പള്ളിയിൽ നിന്ന് എഴുന്നേറ്റ് പുറത്തേക്കുവന്നു അപ്പോൾ അതാ വാതില്ക്കൽ ഒരാൾ കാത്തു നിൽക്കുന്നു, ചേർപ്പുങ്കൽപള്ളി ഇടവകക്കാരൻ നെല്ലിപ്പുഴ ഇട്ടി. അദ്ദേഹം അറിയിച്ചു, അച്ചാ ഞാൻ 500 ചക്രം (അന്നത്തെ പണം) കൊണ്ടുവന്നിട്ടുണ്ട്, ഒരാളെ അയച്ചാൽ 500 കൂടി കൊടുത്തുവിടാം, ചാവറയച്ചന് വലിയ ആശ്വസമായി. ദൈവം ആവശ്യനേരത്ത് ഒരാളെ പണവുമായി പറഞ്ഞയച്ചതുപോലെ ചാവറയച്ചന്റെ ദൈവാശ്രയബോധത്തെയും, പ്രാർത്ഥനയിലുള്ള വിശ്വാസത്തെയും ആഴപ്പെടുത്തിയ നിമിഷങ്ങളായിരുന്നു ഇത്.

നാം ഏതു മതത്തിൽപ്പെട്ടവരായാലും നാം വിശ്വസിക്കുന്ന ഒരു ദൈവം ഉണ്ട്. ആ ദൈവം നമ്മുടെ സ്രഷ്ടാവും രക്ഷിതാവും ആണ്. നമ്മെ ഏറ്റം സ്നേഹിക്കുകയും നമ്മുടെ നന്മമാത്രം ആഗ്രഹിക്കുകയും ചെയ്യുന്നവനാണ് ദൈവം. നമ്മൾ ആഗ്രഹിക്കുന്ന, ആവശ്യപ്പെടുന്നകാര്യങ്ങളെല്ലാം ആത്യന്തികമായി നന്മയായിരിക്കണമെന്നില്ല. ചിലപ്പോഴെങ്കിലും നമ്മുടെ സ്വാർത്ഥപരമായ താല്പര്യങ്ങളായിരിക്കും നാം പ്രാർത്ഥനയിൽ ആവശ്യപ്പെടുന്നത്. നമ്മുടെയും അയൽക്കാരുടെയും നന്മകൂടി ആഗ്രഹിക്കുന്ന ദൈവം ചിലപ്പോൾ നാമാവശ്യപ്പെടുന്ന വിധമായിരിക്കില്ല ഫലം തരുന്നത്. എല്ലാം അറിയുന്ന ദൈവം നമ്മുടെ ഉപരിനന്മയ്ക്കുവേണ്ടി ചിലതൊക്കെ വേണ്ടന്നുവെയ്ക്കും, അതു നമ്മെ നല്ല വഴിയിലേക്ക് തിരിച്ചു വിടാനും കൂടിയായിരിക്കും.

ഇന്നത്തെ ലോകം ദൈവാശ്രയബോധത്തിലേക്കല്ല, നമ്മിലേക്കും നമ്മുടെ കഴിവുകളിലേക്കുമാണ് നമ്മെ തിരിച്ചു വിടുന്നത്. നമ്മുടെ മിടുക്കുകൊണ്ടാണ് കാര്യങ്ങളെല്ലാം നടക്കുന്നത് എന്നിവർ ചിന്തിക്കുന്നു. ഇങ്ങനെയുള്ളവർക്ക് പ്രാർത്ഥനയിൽ വിശ്വാസമില്ല. പ്രാർത്ഥിക്കുന്ന

മനുഷ്യരെയും താല്പര്യമില്ല. പ്രത്യേകിച്ചും മനുഷ്യന്റെ കഴിവുപയോഗിച്ച് ശാസ്ത്രീയ നേട്ടങ്ങൾ കണ്ടെത്തുന്നവർക്ക് ദൈവം എന്നൊരു ശക്തിയെ ആവശ്യമില്ലെന്നാണ് വിചാരം. ശാസ്ത്രീയ നേട്ടങ്ങളിൽവിശ്വസിച്ചുകൊണ്ട് സ്വർഗ്ഗത്തെയും ദൈവത്തെയും കീഴടക്കി എന്ന ഭാവേന അപ്പോളൊ -13 എന്ന ബഹിരാകാശപേടകത്തിൽ ആകാശത്തിലേക്ക് കുതിച്ചുയർന്ന യാത്രികർ, പേടകം ഭ്രമണപഥം തെറ്റി അപകടസൂചനകൾ കണ്ടുതുടങ്ങിയപ്പോൾ ഭൂമിയിലേക്ക് സന്ദേശമയച്ചു തങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ. എല്ലാറ്റിനെയും നിയന്ത്രിക്കുന്ന ശക്തി ദൈവമാണെന്ന് അവർ ഏറ്റു പറഞ്ഞു.

ലൂയിപാസ്റ്ററിനെക്കുറിച്ച് നമ്മൾ കേട്ടിട്ടുണ്ട്. അദ്ദേഹമാണ് പേപ്പട്ടി വിഷത്തിനുള്ള പ്രതിവിധി കണ്ടുപിടിച്ച ശാസ്ത്രജ്ഞൻ. താടിയും നീട്ടി കാഴ്ചയിൽ അത്ര സുമുഖനല്ലാത്ത അദ്ദേഹം ഒരു സമ്മേളനത്തിൽ പ്രബന്ധം അവതരിപ്പിക്കുവാനായി തീവണ്ടിയിൽ യാത്രചെയ്യുകയായിരുന്നു. ആ തീവണ്ടിയിൽ തന്നെ പ്രസ്തുത സമ്മേളനത്തിൽ പങ്കെടുക്കാൻ പോകുന്ന ചെറുപ്പക്കാരും ഉണ്ടായിരുന്നു. തന്റെ ഇരിപ്പിടത്തിൽ ശാന്തനായി കയ്യിൽ പിടിച്ച കൊന്തയും ജപിച്ചുകൊണ്ട് ലൂയിപാസ്റ്റർ യാത്രചെയ്യുകയായിരുന്നു. പ്രർത്ഥിക്കുന്ന ഇദ്ദേഹത്തെ ആ ചെറുപ്പക്കാർ കളിയാക്കുവാനും പുച്ഛിക്കുവാനും തുടങ്ങി. അദ്ദേഹം അതു പരിഗണിക്കാതെ യാത്ര തുടർന്നു. സ്ഥലത്തെത്തി വണ്ടിയിൽ നിന്നിറങ്ങിയപ്പോൾ കുറേപ്പേർ വന്ന് ഇദ്ദേഹത്തെ സ്വീകരിച്ചുകൊണ്ടുപോകുന്നതു കണ്ട് യുവാക്കൾക്ക് സംശയമായി. ഇവരും സമ്മേളന സ്ഥലത്തെത്തി. മീറ്റിങ്ങു തുടങ്ങിയപ്പോൾ പഴയ ഒരു ബാഗും പിടിച്ച് തീവണ്ടിയിൽ കണ്ട മനുഷ്യൻ സ്റ്റേജിലെ പ്രധാന സീറ്റിലേക്കു വരുന്നു. മൈക്കിലൂടെ വിളിച്ചറിയിച്ചു, മഹാനായ ശാസ്ത്രജ്ഞൻ ലൂയിപാസ്റ്റർ സ്റ്റേജിലെത്തിയിരിക്കുന്നു നമുക്കെഴുന്നേറ്റു നിന്ന് അദ്ദേഹത്തെ ആദരിക്കാം എന്ന്. അപ്പോഴാണ് ആ യുവാക്കൾ തിരിച്ചറിഞ്ഞത് ലൂയിപാസ്റ്ററിന്റെ വലുപ്പവും പ്രാർത്ഥനയ്ക്കു പിന്നിലെ ശക്തിയും.

നമ്മുടെ നാട്ടിലെ കവിയും സാഹിത്യകാരനും സാമൂഹ്യ പരിഷ്കർത്താവും മതാചാര്യനും ദൈവിക മനുഷ്യനുമായിരുന്ന ചാവറയച്ചൻ പ്രാർത്ഥനയെക്കുറിച്ച് പഠിപ്പിച്ചുതന്നയാളും ജീവിതത്തിലൂടെ പ്രാർത്ഥിക്കേണ്ടതെങ്ങിനെ എന്ന് കാണിച്ചു തന്നയാളുമാണ്. അദ്ദേഹം പ്രാർത്ഥനയിൽ ലയിക്കുമ്പോൾ മുഖം പ്രകാശപൂരിതമാകുമായിരുന്നു എന്ന് നേരിട്ടുകണ്ടിട്ടുള്ളവർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

## ഗുണപാഠം

ദൈവമാണ് നമ്മുടെ ജീവിതത്തിലെ ഏറ്റവും വലിയ ശക്തി കേന്ദ്രം. പ്രധാനമന്ത്രിയെ കാണണമെങ്കിൽ പെട്ടെന്ന് അടുത്തു ചെല്ലുവാൻ സാദ്ധ്യമല്ല അതിന് പലകടമ്പകളും കടന്നെങ്കിലേ അടുത്തെത്താനാവൂ. നിയമത്തിന്റെയും സെക്യൂരിറ്റിയുടെയും നിയന്ത്രണത്തെ മറികടക്കുവാൻ പറ്റില്ല. എന്നാൽ സകലത്തിന്റെയും സ്രഷ്ടാവും പരിപാലകനുമായ ദൈവത്തെ സമീപിക്കുവാൻ ആർക്കും തടസ്സം നിൽക്കുവാൻ കഴിയില്ല. നാമാഗ്രഹിക്കുമ്പോൾ, മനസ്സിൽ ധ്യാനിക്കുമ്പോൾ ദൈവം നമ്മുടെ ഹൃദയത്തിലെത്തും. ഉറ്റമിത്രത്തോടെന്ന പോലെ നമ്മുടെ എല്ലാ ഹൃദയരഹസ്യങ്ങളും തുറന്നു പറയാം. തെറ്റു വരാത്ത നിർദ്ദേശങ്ങൾ തരുന്ന ഏകകൂട്ടുകാരനാണ് ദൈവം. സഹജീവികൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് വിനയാന്വിതരായി ജീവിക്കുന്ന എല്ലാമനുഷ്യരും ജീവിതത്തിൽ പ്രാർത്ഥനയ്ക്ക് പ്രാധാന്യം കൊടുക്കുന്നവരാണ്. പ്രാർത്ഥനയാണ് നമ്മുടെ ജീവിതത്തിന്റെ ഉത്തരം. ദൈവമായിരിക്കട്ടെ നിങ്ങളുടെ ഒന്നാമത്തെ കൂട്ടുകാരൻ.

## പ്രായോഗികം

ഈ പുസ്തകത്തിൽ പ്രാർത്ഥനയെക്കുറിച്ച് അതും സ്നേഹിതനായ ദൈവത്തോടു സംസാരിക്കേണ്ടതെങ്ങിനെയെന്നും തന്നിരിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് അദ്ധ്യാപകന്റെ നിയന്ത്രണത്തിലും നിർദ്ദേശത്തിലും കുട്ടികളെ അവർ വിശ്വസിക്കുന്ന ദൈവത്തോട് പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുക. വീട്ടിൽചെന്ന് എല്ലാദിവസവും പ്രായോഗികമാക്കാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക.

**ചാവറ സൂക്തങ്ങൾ**

- ശരീരത്തിനുള്ള ഭക്ഷണം നല്കുന്നതു പോലെ ആത്മാവിനുള്ള ഭക്ഷണവും കുട്ടികൾക്കു നൽകണം.
- അതിധാരാളിത്തവും അതിലുബ്ധും ഒരുപോലെ തിന്മകളാകുന്നു.

***

## അദ്ധ്യായം - 6

# നീതിയുടെ നിയമം

ക്രിസ്തുവിന് മുമ്പ് ജീവിച്ചിരുന്ന ഗ്രീക്ക് തത്ത്വജ്ഞാനികളിൽ പ്രമുഖനായിരുന്നു പ്ലേറ്റോ. അദ്ദേഹം നീതി എന്ന വാക്കിനെ നിർവ്വചിക്കുന്നതിപ്രകാരമാണ്. ..... 'ഓരോരുത്തർക്കും അർഹിക്കുന്നത് നൽകുന്നതാണ് നീതി'. ഒരിക്കൽ യേശുവിനെ വാക്കിൽ കുടുക്കി പരാജയപ്പെടുത്തുവാനായി ഫരിസേയപ്രമാണികൾ ചിലരെ യേശുവിന്റെ അടുത്തയച്ചു. അവർ ചോദിച്ചു. ഗുരോ, നീ സത്യവാനാണെന്നും ആരുടെയും മുഖം നോക്കാതെ നിർഭയനായി ദൈവത്തിന്റെ വഴികൾ സത്യമായി പഠിപ്പിക്കുന്നു എന്നും ഞങ്ങൾ അറിയുന്നു. നിനക്കെന്തു തോന്നുന്നു. സീസറിന് നികുതികൊടുക്കുന്നത് നിയമാനുസൃതമാണോ അല്ലയോ ? റോമാക്കാരുടെ ഭരണത്തിൻകീഴിലാണ് ഇസ്രായേൽ ജനം. അവർക്ക് ഒട്ടും സ്വീകാര്യമല്ലാത്ത സംവിധാനമാണ് ഇത്. അതുകൊണ്ടായിരുന്നു വേറൊരു രാജ്യക്കാരനായ സീസറിന് നികുതികൊടുക്കണമോ എന്ന സംശയം അവർ ഉന്നയിച്ചത്. യേശു അവരുടെ ഉപയോഗത്തിലിരിക്കുന്ന ഒരു നാണയം കാണിക്കുവാൻ ആവശ്യപ്പെട്ടു. അതിലെ രൂപവും ലിഖിതവും സീസറിന്റേതായിരുന്നു. യേശു അവർക്കു കൊടുത്ത മറുപടി സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും എന്നായിരുന്നു. ദൈവത്തിനുകൊടുക്കേണ്ട നീതിയും മനുഷ്യനു കൊടുക്കേണ്ട നീതിയും ഉണ്ട്. ഇത് രണ്ടും പാലിക്കണമെന്നായിരുന്നു നിർദ്ദേശം.

ദൈവം സ്രഷ്ടാവും രക്ഷിതാവും പരിപാലകനുമാണ്. അതുകൊണ്ട് ദൈവത്തിന് നമ്മുടെമേലുള്ള ഉടമസ്ഥാവകാശം അംഗീകരിക്കുമ്പോഴാണ് ദൈവത്തിനുകൊടുക്കേണ്ട ദൈവികനീതി നടപ്പിലാകുന്നത്. ചിലപ്പോൾ ദൈവം നീതിമാനല്ല എന്നു നമുക്ക് തോന്നാറുണ്ട്. കാരണം നന്മമാത്രം ചെയ്തു ജീവിക്കുന്നവർക്ക് തുടരെ ദു:ഖദുരിതങ്ങൾ ഉണ്ടാകുന്നതായി കാണുകയും തിന്മ ചെയ്തു ജീവിക്കുന്നവർ സുഖിമാന്മാരും ആരോഗ്യവും സമ്പത്തും നേട്ടങ്ങളുമുള്ളവരായി തുടരുന്നതും കാണുമ്പോൾ ദൈവം നീതിരഹിതനല്ലേ എന്നു തോന്നാം. ശിക്ഷിക്കുക എന്നല്ല രക്ഷിക്കുക എന്നതാണ് ദൈവത്തിന്റെ നീതി. തിന്മചെയ്യുന്നവരെയും നന്മയിലേക്കു കൊണ്ടുവരാൻ വേണ്ടി കാത്തുനിൽക്കുന്നവനാണ് ദൈവം. നന്മയിലേക്ക്

തിരിച്ചുവരാൻ ദൈവത്തിന്റെ കാരുണ്യത്തിലൂടെ അവസരങ്ങൾ കൊടുക്കുന്നു. അതുകൊണ്ടാണ് ദൈവം നീതിമാന്മാർക്കും ദുഷ്ടർക്കും ഒരുപോലെ മഴയും വെയിലും നൽകുന്നത്. എങ്കിലും ദൈവം നീതി നടത്താതിരിക്കില്ല. ദൈവത്തിനും മനുഷ്യർക്കും കൊടുക്കേണ്ടത് കൊടുക്കുംവരെ അവരെ ശിക്ഷിക്കുകയും ചെയ്യും.

ദൈവത്തിന്റെ ഉടമസ്ഥാവകാശം എപ്പോഴും ഏറ്റുപറഞ്ഞവനായിരുന്നു ചാവറയച്ചൻ. നീതിയുടെ ഒന്നാമത്തെ വശമാണ് ഇത്. അദ്ദേഹം നേതൃത്വമെടുത്ത് രൂപപ്പെടുത്തി വളർത്തി എടുത്തതാണ് സി.എം.ഐ., സി.എം.സി. സഭകൾ. എങ്കിലും അദ്ദേഹം പറയുന്നു. നമ്മുടെ എളിമപ്പെട്ട കൂട്ടം മനുഷ്യര് ഉണ്ടാക്കിയതല്ല. മറിച്ച് ദൈവമാണ് എന്ന്. തനിക്കുകിട്ടിയ മനുഷ്യജന്മവും എല്ലാ സ്ഥാനമാനങ്ങളും ദൈവനിശ്ചയമാണെന്ന് അദ്ദേഹം ഏറ്റുപറയുന്നു. 'ആത്മാനുതാപം' എന്ന കൃതി ഇതിന്റെ പല്ലവിയാണ്. അദ്ദേഹം മാതാപിതാക്കളെ ഉപദേശിക്കുമ്പോൾ പറയുന്നു. മക്കൾ സൂക്ഷിക്കാനായി നിങ്ങളുടെ കൈയ്യിൽ ഏല്പിച്ചുതന്നിരിക്കുന്ന നിക്ഷേപമാണ്. അതുകൊണ്ട് ദൈവത്തിന് തിരിച്ചേല്പിക്കാവുന്നവിധം വേണം അവരെ വളർത്തുവാൻ എന്ന്.

ദൈവത്തിനു കൊടുക്കുന്ന ആരാധനയും സ്തുതിയും നന്ദിയും നമ്മുടെ കടമയുടെ ഭാഗവും, അതുചെയ്യാതിരിക്കുമ്പോൾ നമ്മൾ നീതി നിർവ്വഹിക്കാതിരിക്കുന്നവരും ആകുന്നു. നാം ഏതു മതവിശ്വാസത്തിൽപ്പെട്ടവരായാലും ദൈവത്തെ സ്രഷ്ടാവിന്റെ സ്ഥാനത്ത് സ്വീകരിക്കുകയും സ്നേഹിക്കുകയും വേണം. ദൈവവിശ്വാസവും ദൈവാശ്രയബോധവും കുറഞ്ഞുകൊണ്ടിരിക്കുന്ന ഒരു ലോകത്താണ് നമ്മൾ ജീവിക്കുന്നത്. ദൈവത്തെക്കൊണ്ടാവശ്യമില്ല എന്ന് ആരെങ്കിലും ചിന്തിക്കുന്നതിനർത്ഥം എല്ലാം സ്വയം നേടാം എന്ന അഹങ്കാരത്തിൽ നിന്നുണ്ടാകുന്നതാണ്. രണ്ട് ഹൈഡ്രജനും ഒരു ഓക്സിജനും കൂടി ചേർന്നാൽ വെള്ളം ഉണ്ടാകും എന്ന് നാം ശാസ്ത്രത്തിൽ പഠിച്ചിട്ടുണ്ടെങ്കിലും നമുക്കാവശ്യമുള്ളിടത്തോളം കുടിവെള്ളം ഇതുകൊണ്ടുണ്ടാക്കാൻ സാധിക്കില്ല. അങ്ങിനെ സാധിക്കുമായിരുന്നെങ്കിൽ ലോകത്തൊരിടത്തും ഇത്ര രൂക്ഷമായ ജലക്ഷാമം ഉണ്ടാകില്ലായിരുന്നു. നമ്മുടെ ബുദ്ധിയിലും കഴിവിലും ഒതുക്കാവുന്ന ഒരു ശക്തിയല്ല ദൈവം എന്ന് ഒന്നാമതായി മനസ്സിലാക്കാം.

ദൈവത്തിന്റെ മക്കൾ എന്നവിധം നമ്മൾ പരസ്പരം സഹോദരങ്ങളാണ്. ദൈവത്തെ സ്നേഹിക്കുകയും സഹോദരങ്ങളെ സ്നേഹിക്കാ

തിരിക്കയും ചെയ്യുന്നവൻ നുണയനാണ് എന്നാണ് ബൈബിൾ വ്യാഖ്യാനം. സമൂഹത്തിൽ ഏതെങ്കിലും തരത്തിൽ അവശത അനുഭവിക്കുന്നവരെ സഹായിക്കാതിരുന്നാൽ അത് അനീതിയാണ്. പാവപ്പെട്ടവരെയും രോഗികളെയും ആകുലരെയും പീഡിതരെയും എല്ലാം നമ്മുടേതായ കഴിവുകൾ ഉപയോഗിച്ച് സഹായിക്കുവാൻ കടപ്പെട്ടവരാണ്. ഇത് അവർ അർഹിക്കുന്ന നീതിയാണ്. സുവിശേഷത്തിൽ യേശു ഒരുപമ വിശദീകരിക്കുന്നുണ്ട്. ഒരിടത്ത് ഒരു ധനവാനും ഒരു ദരിദ്രനും ജീവിച്ചിരുന്നു. ധനവാൻ എല്ലാവിധ സുഖലോലുപതയിലും കഴിഞ്ഞു. ദരിദ്രനായ ലാസർ ആകട്ടെ വ്രണം നിറഞ്ഞവനും ആരും അന്വേഷിക്കാനില്ലാത്തവനും ആയിരുന്നു. ഇയാൾ ധനവാന്റെ പടിവാതിൽക്കൽ കിടന്നിരുന്നു. ധനവാന്റെ മേശയിൽ നിന്നും പൊഴിഞ്ഞുവീഴുന്ന അപ്പക്കഷണം കൊണ്ടയാൾ കഴിഞ്ഞിരുന്നു. ചുറ്റും കൂടുന്ന നായ്ക്കൾ അയാളുടെ ശരീരത്തിലെ വ്രണങ്ങൾ നക്കിയിരുന്നു. കുറെനാൾ കഴിഞ്ഞ് ധനവാനും ലാസറും മരിച്ചു. ലാസർ പൂർവ്വപിതാവായ അബ്രഹാമിന്റെ മടിയിലേക്ക് ആനയിക്കപ്പെട്ടു. ധനികനാകട്ടെ പാതാളത്തിലെ തീജ്വാലയിൽ വേദന അനുഭവിക്കുന്നു. അബ്രഹാമിന്റെ മടിയിലിരിക്കുന്ന ലാസറിനോട് തന്നെ ആശ്വസിപ്പിക്കാനായി കൈവിരലിൽ ഒരു തുള്ളി വെള്ളവുമായി വരണമേ എന്ന ഭ്യർത്ഥിച്ചു. രണ്ടുപേരും തമ്മിലുള്ള അകലം വലുതും മാർഗ്ഗതടസ്സങ്ങളും ഉണ്ടായിരുന്നതിനാൽ ഈ സഹായം സാദ്ധ്യമല്ലാതായി.

ഈ ഉപമയിൽ ധനികൻ പട്ടുവസ്ത്രം ധരിച്ച് സുഖലോലുപനായി കഴിഞ്ഞിരുന്നു എന്നല്ലാതെ തിന്മകളൊന്നും ചെയ്തിരുന്നതായി കാണുന്നില്ല. ലാസറിനെ പടിവാതിൽക്കൽ നിന്നെഴുന്നേൽപിച്ചുവിട്ടുമില്ല. പിന്നെ എന്തായിരിക്കും ഇത്ര വലിയ ശിക്ഷ ലഭിച്ചത് ? കാരണം മറ്റൊന്നുമല്ല. തനിക്കു ചെയ്യാമായിരുന്ന നന്മ ചെയ്തില്ല എന്നതുമാത്രം. തന്റെ സമ്പത്തിന്റെ ചെറിയൊരുവീതമെങ്കിലും എടുത്ത് ദരിദ്രനും രോഗിയുമായ ലാസറിനെ സഹായിക്കാൻ അയാൾ തയ്യാറായില്ല എന്നതാണ് തെറ്റ്. ഉള്ളവർ ഇല്ലാത്തവനു നൽകണമെന്ന നീതി ലംഘിച്ചതാണ് തെറ്റ്.

തന്റെ കഴിവുകൾ ഉപയോഗിച്ച് മറ്റുള്ളവരെ പലവിധത്തിൽ സഹായിക്കാൻ ചാവറയച്ചൻ തയ്യാറായിരുന്നു എന്നു മാത്രമല്ല മറ്റുള്ളവരുടെ കഴിവുകൾ ഉപയോഗിച്ചും മറ്റുള്ളവരോടുള്ള നീതി നടപ്പിലാക്കാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. സ്വന്തം ഇടവകയിലെ ജനങ്ങളുടെ സഹകരണത്തോടും സഹായത്തോടും കൂടി ചാവറയച്ചൻ കൈനകരിയിൽ രോഗികളെയും അഗതികളെയും വൃദ്ധരെയും സംരക്ഷിക്കുവാനായി ഒരു ഉപ

വിശാല ഉണ്ടാക്കിച്ചു. നിർദ്ധനരായ കുട്ടികളെ പഠിപ്പിക്കുന്നതിനുവേണ്ടി സംവിധാനങ്ങൾ ഉണ്ടാക്കുകയും പിടിയരി മുതലായ പിരിവുകളിലൂടെ സഹായങ്ങൾ നേടുകയും ചെയ്തു. പാവപ്പെട്ട കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള സാമ്പത്തിക വഴികൾ കണ്ടെത്തുന്നതിനുവേണ്ടി ധനികരായ ആളുകളുടെ സാമ്പത്തിക സഹായം സ്വീകരിച്ച് പാടം വാങ്ങി കൃഷി നടത്തി വരുമാനമുണ്ടാക്കിയിരുന്നു. ഇങ്ങനെ ധാരാളം നന്മപ്രവർത്തികൾ ചെയ്യാൻ എപ്പോഴും അദ്ദേഹം സന്നദ്ധനായിരുന്നു. നീതിനിഷ്ഠമായ ജീവിതം കഴിക്കുന്നവരായിത്തീരുന്നതിനുവേണ്ടി വിദ്യാഭ്യാസസൗകര്യങ്ങളും, വായനാശീലത്തിലൂടെ അറിവുള്ളവരായിത്തീരുവാൻ ഗ്രന്ഥശാലകളും പ്രസിദ്ധീകരണങ്ങളും അദ്ദേഹം നടപ്പിലാക്കി. ദൈവത്തോടുള്ള സ്നേഹം പോലെ ചാവറയച്ചൻ സഹോദരങ്ങളോടുള്ള സ്നേഹവും വളർത്തി എടുക്കുന്നതിൽ ശ്രദ്ധിച്ചിരുന്നു. ഇത്തരം ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെ അദ്ദേഹം പരിശ്രമിച്ചതും ഇതിനാണ്. മറ്റുള്ളവർ അർഹിക്കുന്നതെന്തെന്ന് തിരിച്ചറിയുമ്പോഴാണ് നീതി നടപ്പിലാക്കുവാൻ എളുപ്പമാകുക. ചാവറയച്ചന്റെ ശ്രദ്ധമുഴുവനും മറ്റുള്ളവർ അർഹിക്കുന്നത് കൊടുക്കുന്നതിലായിരുന്നു.

നീതിയുടെ മറ്റൊരുവശമാണ് വായ്പവാങ്ങിയ സാധനം, അല്ലെങ്കിൽ പണം സമയത്തിനു തിരിച്ചുകൊടുക്കുക എന്നത്. ഇതുപോലെ പ്രധാനപ്പെട്ടതാണ് ഒരു പ്രത്യേക ഉദ്ദേശ്യത്തിനുവേണ്ടി തന്നത് അതിനായി മാത്രം ഉപയോഗിക്കുക എന്നത്. ചാവറയച്ചന്റെ ജീവിതത്തിൽ ഒരു സംഭവത്തെക്കുറിച്ച് പറയുന്നുണ്ട്. ഒരിക്കൽ ഒരാളോടു കടമായി വാങ്ങിയ തുക തിരിച്ചുകൊടുത്തപ്പോൾ പത്തുരൂപാ ധർമ്മമായി തിരിച്ചുകൊടുത്തു. ഈ തുക ആശ്രമത്തിലെ മറ്റാവശ്യങ്ങൾക്കായി ചാവറയച്ചൻ എടുത്തുപയോഗിച്ചില്ല. പിന്നീട് സിസ്റ്റേഴ്സിനായി മഠം പണിക്ക് പണം ആവശ്യം വന്നപ്പോൾ അതെടുത്ത് ഉപയോഗിക്കുകയാണ് ചെയ്തത്. ആശ്രമത്തിന്റെയും മഠത്തിന്റെയും പണികൾക്കായി ആളുകളോട് ധാരാളം സഹായം വാങ്ങിയിട്ടുണ്ട്. എന്നാൽ ആവശ്യത്തിന് ഉദ്ദേശിച്ചതിൽ കൂടുതൽ പണം കൈവന്നാൽ അധികതുക തന്ന ആളുകൾക്ക് തിരിച്ചുകൊടുക്കാൻ ചാവറയച്ചനും തന്റെ അനുയായികളും മടികാണിച്ചിരുന്നില്ല. ദാനം കിട്ടിയതാണല്ലോ അതിഷ്ടം പോലെ ഉപയോഗിക്കാം എന്നവർ കണ്ടില്ല. തങ്ങളുടെ പ്രവർത്തികൾക്ക് വ്യക്തമായ ന്യായങ്ങൾ ഉണ്ടായിരിക്കണമെന്നും അത് നീതിപൂർവ്വം നടത്തണമെന്നും ചാവറയച്ചന് നിർബന്ധമുണ്ടായിരുന്നു.

ഈ നീതിബോധം ചാവറയച്ചനിൽ ശക്തമായി ഉണ്ടായിരുന്നതു കൊണ്ട് കുടുംബജീവിതക്കാർക്കായി അദ്ദേഹം എഴുതിയ "ഒരു നല്ല അപ്പന്റെ ചാവരുളിൽ'' ഇപ്രകാരം കുറിച്ചു. "വേറൊരാൾ കട്ടുകൊണ്ടു വന്ന വസ്തു അല്പസമയത്തേക്കുപോലും അയാളെ സഹായിക്കാൻ നിന്റെ വീട്ടിൽ വെക്കാൻ സമ്മതിക്കണ്ടാ. 'കട്ടവസ്തു ഇരിക്കുന്ന വീട് കത്തിപ്പോകും" എന്നാണദ്ദേഹം അസ്വസ്തതയോടെ അറിയിക്കുന്നത്. "വേലക്കാർക്ക് ന്യായമുള്ള കൂലി കൊടുക്കാതിരിക്കയോ കൊടുക്കാൻ താമസിക്കുകയോ ചെയ്യരുത്, എന്തെന്നാൽ ഇത് ദൈവത്തിന്റെ പക്കൽ നിലവിളിക്കുന്ന പാപമാകുന്നു" എന്നദ്ദേഹം അനുശാസിക്കുന്നു. അതു പോലെ ജോലിക്കു നിർത്തിയിരിക്കുന്നവർ ഏല്പിച്ച ജോലി നന്നായി ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതുപോലെ അവരുടെ ആത്മീയകാര്യങ്ങളും അവരുടെ സാഹചര്യങ്ങളും ശ്രദ്ധിക്കുവാൻ കടമയുണ്ട്. വീണ്ടും കർക്കശമായി അദ്ദേഹം ഓർപ്പിക്കുന്നത്, പാവപ്പെട്ടവരെ നിന്ദിക്കണ്ട; അവരെ ബുദ്ധിമുട്ടിക്കയും വേണ്ട; എന്തെന്നാൽ ദൈവം അവരുടെ കണ്ണീർ കണ്ടാൽ, നിശ്ചയമായി നിന്നോടു പകരം ചോദിക്കും എന്നാണ്. യൂറോപ്പിലെ ലുവെയിൻ എന്ന നഗരത്തിലെ ഒരു ഗൃഹസ്ഥന് സംഭവിച്ച കാര്യം ചാവറച്ചൻ വിവരിക്കുന്നുണ്ട്. ഈ ആൾ കൊടുത്ത ഒരു പുരയിൽ ദരിദ്രയായ ഒരു വിധവയും അവളുടെ നാലുകുഞ്ഞുങ്ങളും കഴിഞ്ഞിരുന്നു. ഇവരെ വീട്ടുടമസ്ഥൻ പലവിധത്തിലും നിന്ദിക്കുകയും വേദനിപ്പിക്കുകയും ചെയ്യുമായിരുന്നു. സഹിക്കാനാവാത്ത സങ്കടത്തോടെ ഒരു ദിവസം അവൾ മുട്ടിന്മേൽ നിന്നു പ്രാർത്ഥിച്ചു. ദൈവമേ ഈ സങ്കടത്തിൽ നിന്നും അന്യായത്തിൽ നിന്നും എന്നെ രക്ഷിക്കണമെ എന്ന്. തൽക്ഷണം ആ ഗൃഹസ്ഥൻ നിന്ന നിലയിൽ വീണു മരിക്കുവാനിടയായി.

ജീവന്റെ ഉടമസ്ഥാവകാശം ദൈവത്തിന്റേതാണ്. ഒരാൾ ഈ ലോകത്തിൽ ജനിച്ചാൽ മരിക്കുന്നതുവരെ ജീവിക്കുവാനുള്ള അവകാശം അയാൾക്കുള്ളതാണ്. അതു സംരക്ഷിക്കുവാൻ സഹായിക്കുക എന്നുള്ളത് അപരന്റെ നീതിയുടെ ഭാഗമാണ്. നാമെല്ലാവരും സ്നേഹം കിട്ടുവാൻ ആഗ്രഹിക്കുന്നു. അതുപോലെ മറ്റുള്ളവർക്ക് സ്നേഹം കൊടുക്കുവാൻ നമ്മൾ കടപ്പെട്ടിരിക്കുന്നു. മറ്റുള്ളവർ നമ്മെ മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യണമെന്നത് നമ്മുടെ ആവശ്യമാണ്. അതുപോലെ ഇത് തിരിച്ചുകൊടുക്കാനും നമ്മൾ ബാദ്ധ്യസ്ഥരാണ്. തിന്മയെ നന്മകൊണ്ട് ജയിക്കാൻ പഠിപ്പിക്കുന്ന യേശുക്രിസ്തു പഠിപ്പിക്കുന്ന മറ്റൊരു പാഠമാണ് : മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്ന്

നിങ്ങൾ ആഗ്രഹിക്കുന്നുവോ അങ്ങിനെ തന്നെ നിങ്ങൾ അവരോടും പെരുമാറുവിൻ എന്നത്. ഈ ആശയം തന്നെയാണ് യേശു മറ്റൊരു വാക്കിലൂടെ പറയുന്നത് നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്ന്. എന്റെ അയൽക്കാരൻ ആരാണെന്ന ചോദ്യത്തിന് കള്ളന്മാരുടെ ആക്രമണത്തിൽ അവശനായ ഒരുവനെ സഹായിച്ച ശമരിയാക്കാരനെ അവതരിപ്പിച്ചുകൊണ്ട് യേശു ചോദ്യകർത്താവിനെക്കൊണ്ടുതന്നെ ഉത്തരം പറയിച്ചു. അർദ്ധപ്രാണനായ അവശനായ മനുഷ്യനോട് കരുണ കാണിച്ചവനാണ് അയൽക്കാരൻ എന്ന്.

അർഹിക്കുന്നത് കൊടുക്കുന്നതാണ് നീതി എന്ന തത്ത്വം മുകളിൽ ഉദാഹരിച്ചവയിൽ നിന്ന് വ്യക്തമാണല്ലോ. നീതി നടപ്പിലാക്കുക എന്നതിൽ കരുണ കാണിക്കുക എന്ന അർത്ഥവും ഉണ്ട്. മറ്റുള്ളവരുടെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് അവരർഹിക്കുന്നത് ഔദാര്യത്തോടും കരുണയോടും കൂടി പങ്കുവെക്കുന്നതിലാണ് യഥാർത്ഥനീതി അടങ്ങിയിരിക്കുന്നത്.

## ഗുണപാഠം

നീതി നിർവ്വഹണത്തിന് രണ്ടുവശങ്ങളുണ്ട്, സകലതിന്റെയും ഉടമയായ ദൈവത്തിന് അർഹമായ ആരാധനയും നന്ദിയും ബഹുമാനവും കൊടുക്കണം. ഒന്നാമത് ദൈവത്തിന്റെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക. അപ്പോൾ നമുക്കാവശ്യമുള്ളതെല്ലാം നമ്മോടുകൂട്ടിച്ചേർക്കപ്പെട്ടുകൊള്ളും. നീതിയുടെ രണ്ടാമത്തെ ഭാഗമാണ്, തന്നെപ്പോലെ മറ്റുള്ളവരെയും സ്നേഹിക്കുക എന്നത്. ഇത് മറ്റുള്ളവരുടെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് കരുണയോടും സ്നേഹത്തോടുംകൂടി മറ്റുള്ളവർ അർഹിക്കുന്ന നന്മ ചെയ്യുമ്പോഴാണ്. ദൈവത്തിന് ജീവിതത്തിൽ പ്രഥമസ്ഥാനം നൽകുക എന്നതും സഹജീവികളെ സാധിക്കുന്നവിധം സഹായിക്കുക എന്നതും ചെറുപ്പകാലം മുതൽ വളർത്തി എടുക്കേണ്ട ഗുണമാണ്. ചെറുപ്പകാലത്തു വളർത്തി എടുക്കുന്ന നല്ല ശീലങ്ങളാണ് മരണം വരെ നിലനിൽക്കുന്നത്. ഇതുപോലെ പരിഗണിക്കപ്പെടേണ്ട മറ്റൊരു നീതിയാണ് സാമൂഹ്യനീതി. ഇവിടെ എന്റെ മതാനുഷ്ഠാനങ്ങളോടും വിശ്വാസാചാരങ്ങളോടും കാണിക്കേണ്ട നീതിയുണ്ട്. ഞാനും മറ്റു മതാനുയായികളും ഉൾക്കൊള്ളുന്ന സമൂഹത്തിന്റെ നന്മയ്ക്ക് വേണ്ടി നടപ്പിലാക്കേണ്ട നീതിയുണ്ട്. ഞാൻ ഏതു രാജ്യത്തിന്റെ ഭാഗമാണോ ആ രാജ്യത്തോടു പുലർത്തേണ്ട നീതിയുണ്ട്.

## പ്രായോഗികം

ഞാൻ വിശ്വസിക്കുന്ന ദൈവത്തോടും മതത്തോടും വിശ്വസ്തത പുലർത്തുന്നുണ്ട് എന്നതിന് തെളിവായി ഞാൻ ചെയ്യുന്ന അഞ്ചു പ്രായോഗിക കാര്യങ്ങൾ സത്യസന്ധതയോടെ ഒരു കടലാസിൽ കുറിക്കുക. അത് കൂട്ടുകാർ തമ്മിൽ കൈമാറുക. കടലാസ് സ്വീകരിച്ച ആൾ മറ്റേ ആൾക്കു വേണ്ടി ഒരു നിമിഷം പ്രാർത്ഥിക്കുക.

നമ്മുടെ സ്കൂളിൽ എത്തുന്ന കുട്ടികളിൽ ആർക്കെങ്കിലും പഠനരംഗത്തോ, സാമ്പത്തികരംഗത്തോ ബുദ്ധിമുട്ടനുഭവപ്പെടുന്നതായി തോന്നിയാൽ അവരെ എങ്ങിനെ സഹായിക്കാമെന്ന് കൂട്ടുകാരോടുചേർന്ന് ക്ലാസ്സിൽ ഒരുമിച്ചാലോചിച്ച് പ്രാവർത്തികമാക്കുക.

നമ്മുടെ രാജ്യത്ത് പ്രകൃതിക്ഷോഭത്താലോ മറ്റപകടങ്ങളാലോ, നാശനഷ്ടമുണ്ടായി എന്നുകേട്ടാൽ കൂട്ടുകാർ ചേർന്ന് സ്വന്തം ജീവിതത്തിൽ നിന്ന് ചെറിയൊരു ത്യാഗത്തിന്റെ ഫലമായി സമാഹരിക്കാവുന്ന പണം ഒരുമിച്ചുചേർത്ത് അദ്ധ്യാപകരുടെ സഹകരണത്തോടെ അർഹിക്കുന്നവർക്ക് അയച്ചുകൊടുക്കുക.

❊❊❊

## അദ്ധ്യായം 7

# ശത്രുക്കളെ എങ്ങനെ സ്നേഹിക്കാം

യേശുക്രിസ്തു കാണിച്ചു തന്നതും തന്റെ ശിഷ്യരെ പറഞ്ഞുപഠിപ്പിച്ചതുമായ പാഠങ്ങളിൽ ഏറ്റം പ്രധാനപ്പെട്ട ഒന്ന് ശത്രുക്കളെ സ്നേഹിക്കുക, അവർക്ക് നന്മചെയ്യുക, അവർക്കുവേണ്ടി പ്രാർത്ഥിക്കുക എന്നതാണ്. മതാചാര്യന്മാരെല്ലാവരും തന്നെ സ്നേഹത്തെക്കുറിച്ചും ക്ഷമയെക്കുറിച്ചും പ്രതിപാദിച്ചിട്ടുള്ളവരാണ്. ക്ഷമയും വിട്ടുവീഴ്ചയും കൂടാതെ ഐക്യവും സ്നേഹവും എന്നത് ഉണ്ടാക്കുവാൻ എളുപ്പമല്ല. ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുകയും സഹോദരനെ ദ്വേഷിക്കുകയും ചെയ്യുന്നവൻ നുണയനാണ്. അവന് ദൈവത്തെ സ്നേഹിക്കാൻ പറ്റുകയില്ല എന്നാണ് ക്രിസ്തുശിഷ്യരിൽ ഒരുവനായ യോഹന്നാൻ പറയുന്നത്.

പലരും ചോദിക്കാറുള്ള ഒരു ചോദ്യമാണ്, മനഃപൂർവ്വം എന്നെ ഉപദ്രവിച്ച ആളോടു ക്ഷമിക്കുക നീതിയാകുമോ എന്ന്. ഇതിന് ചാവറയച്ചൻ തരുന്ന ഉത്തരം ഇതാണ്. ശത്രുക്കളോട് പകരം വീട്ടുവാൻ, മൃഗങ്ങൾക്കു കൂടി ശക്തിയുണ്ട്. എന്നാൽ അവയെ പരിഗണിക്കാതെ ക്ഷമിക്കുക എന്നത് മഹാശക്തിയും, വിവേകവും, മാന്യതയുമുള്ള ആളിനുമാത്രം കഴിയുന്നതാകുന്നു. ഒരിക്കൽ തന്റെ അംഗരക്ഷകരോടുകൂടി നടക്കാനിറങ്ങിയ കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ മുഖത്ത് ഒരാൾ വഴിയിൽ വച്ച് അടിച്ചു. കണ്ടുനിന്നിരുന്നവർ അയാളോടു പ്രതികാരം ചെയ്യുവാനും കൊന്നുകളയുവാനും പ്രേരിപ്പിച്ചു. അപ്പോൾ മഹാരാജാവ് കൊടുത്ത മറുപടി ഇപ്രകാരമായിരുന്നു. എന്റെ ഏറ്റവും താഴ്ന്ന ഉദ്യോഗസ്ഥന് ചെയ്യാൻ കഴിയുന്നത് ഞാൻ ചെയ്യുന്നത് വലിയ കാര്യമോ ? എന്നാൽ ഇതു ഞാൻ ക്ഷമിക്കുന്നു. ഇത് എന്റെ ഏറ്റവും വലിയ ശക്തിയുടെ അടയാളമാകുന്നു എന്നാണ്.

ചാവറയച്ചനും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കും ബന്ധുമിത്രാദികൾക്കും വലിയ അപമാനമുണ്ടാക്കിയ ഒരു സംഭവമുണ്ട്. ഒരാൾ സെമിനാരിയിൽ വൈദിക പരിശീലനത്തിന് ചേർന്ന് ആദ്യപട്ടം കിട്ടുമ്പോൾ ചാവറയച്ചന്റെ കാലത്ത് ഒരു പതിവുണ്ടായിരുന്നു. ആഘോഷ

മായ വീടുകയറ്റവും പള്ളികയറ്റവും. ആദ്യപട്ടം സ്വീകരിച്ച് എത്തുന്ന ശെമ്മാശ്ശനെ വീട്ടുകാർ ആഘോഷമായി വീട്ടിലേക്ക് കയറ്റുന്നതും ഇടവകപ്രതിനിധികളുടെ നേതൃത്വത്തിൽ ആഘോഷമയി ഈ ആളെ ദേവാലയത്തിലേക്ക് പ്രവേശിപ്പിക്കുന്നതുമായ ചടങ്ങാണ്. ഇതിനോടനുബന്ധിച്ച് വലിയ സദ്യ ഒരുക്കി എല്ലാവർക്കും കൊടുക്കുക വീട്ടുകാരുടെ ചുമതലയും അവരുടെ അഭിമാനത്തിന്റെ പ്രശ്നവുമാണ്.

ചാവറയച്ചൻ പട്ടം സ്വീകരിച്ച് വീട്ടിലേക്ക് വന്നു. സ്വന്തപ്പെട്ടവർ ചേർന്ന് അദ്ദേഹത്തെ വീട്ടിൽ പ്രവേശിപ്പിച്ചു. എന്നാൽ ചാവറയച്ചനോ വീട്ടുകാരോ അറിഞ്ഞുവരുത്താത്ത ഒരു നിയമതടസ്സം കാരണം പള്ളിയോഗം അദ്ദേഹത്തെ ദേവാലയപ്രവേശനത്തിന് അനുവദിച്ചില്ലെന്നു മാത്രമല്ല ഈ ചടങ്ങുകളെ എതിർക്കുകയും ചെയ്തു. ഈ അവസരത്തിൽ അപമാനഭാരത്താൽ തകർന്ന ശെമ്മാശ്ശനെ ആലപ്പുഴ സ്ലീവാപള്ളിക്കാർ രക്ഷിച്ചു. അവർ അദ്ദേഹത്തെ അവിടെ ആഘോഷമായി സ്വീകരിച്ചു. താനറിയാത്ത തെറ്റിന് തന്നെയും കുടുംബത്തെയും ശിക്ഷിച്ച സ്വന്തം ഇടവകാംഗങ്ങളോടും അതിനു കൂട്ടുനിൽക്കേണ്ടിവന്ന വികാരിയച്ചനോടും ചാവറയച്ചൻ പ്രതികരിച്ചത് വളരെ സൗമ്യമായ രീതിയിലായിരുന്നു. അന്നുതന്നെ ആലപ്പുഴയിൽ നിന്ന് തിരിച്ചുവന്ന കുര്യാക്കോസ് ശെമ്മാശ്ശൻ വികാരിയച്ചന്റെ ഒപ്പമാണ് പള്ളിയിൽ താമസിച്ചത്. പിന്നീട് അദ്ദേഹം പൗരോഹിത്യം സ്വീകരിച്ചുകഴിഞ്ഞപ്പോൾ അദ്ദേഹത്തിന് ലഭിച്ച വിശുദ്ധ യൗസേപ്പിതാവിന്റെ ഒരു വിദേശനിർമ്മിതരൂപം അദ്ദേഹം ഈ പള്ളിക്ക് സമ്മാനിച്ചു എന്നുമാത്രമല്ല, ആണ്ടുതോറും പള്ളിയിൽ നടത്താറുള്ള യൗസേപ്പിതാവിന്റെ തിരുനാളുകളിൽ അദ്ദേഹം മരിക്കുന്നതുവരെ യാത്രക്കൂലിപോലും വാങ്ങാതെപോയി പ്രസംഗം നടത്തുകയും തിരുനാളിൽ സംബന്ധിക്കുകയും ചെയ്യുമായിരുന്നു. ഇതുവഴി ശത്രുസ്നേഹത്തിന്റെ വലിയൊരു മാതൃക അദ്ദേഹം കാണിച്ചുതരികയായിരുന്നു.

മാന്നാനം ആശ്രമത്തിനടുത്ത് താമസിക്കുന്ന തയ്യിൽ പെരുമാലിൽ കുടുംബം ആശ്രമത്തിന്റെ ആരംഭത്തിലും വളർച്ചയിലും വളരെയധികം സഹകരിച്ചിട്ടുള്ള കുടുംബമാണ്. എന്നാൽ കാലക്രമേണ ചില കാരണങ്ങളാൽ ആശ്രമത്തിൽ സഹായിച്ചിരുന്ന ഈ കുടുംബത്തിലെ ഒരംഗത്തെ അവിടെ നിന്നും ഒഴിവാക്കി. ഇതിന്റെ പേരിൽ ഈ കുടുംബക്കാർ ആശ്രമത്തോട് പിണങ്ങി കഴിയുകയാണെന്ന് കൂനമ്മാവാശ്രമത്തിൽ താമസിച്ചിരുന്ന ചാവറയച്ചൻ അറിയുവാൻ ഇടയായി. താമസിയാതെ അദ്ദേഹം മാന്നാനത്ത് വന്ന് ആ വീട്ടിൽ ചെന്ന് കുടുംബാംഗങ്ങളുമായി കാര്യങ്ങൾ

വിലയിരുത്തി. കാര്യങ്ങളുടെ സത്യാവസ്ഥ അറിഞ്ഞപ്പോൾ അവരുടെ ഭാഗത്താണ് തെറ്റെന്ന് തിരിച്ചറിയുകയും ചാവറയച്ചനോട് മാപ്പുപറയുകയും ചെയ്തു. മരണാസന്നനായി കിടന്നിരുന്ന അവിടുത്തെ മൂത്തമകൻ അത്ഭുതംപോലെ രോഗവിമുക്തനാവുകയും ചെയ്തു. അവരുടെ തെറ്റിദ്ധാരണകൾ മാറ്റാനും തെറ്റുകൾ തിരുത്താനും ശത്രുവിന്റെ രീതിയിൽ കഴിഞ്ഞിരുന്ന അവരുടെ വീട്ടിലേക്ക് കയറിച്ചെല്ലുവാനും ചാവറയച്ചൻ തന്നെ നേതൃത്വമെടുത്തു. എതിർക്കുന്നവരെ തള്ളിക്കളയുകയല്ല അവരെ സ്വന്തമാക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ നയം.

ചാവറയച്ചനെ കോടതികയറ്റിയ ആളായിരുന്നു മുട്ടുചിറ ഇടവകക്കാരൻ കളപ്പുരയ്ക്കൽ മാത്തൻ. മാന്നാനം ആശ്രമം വക കുറെ സ്ഥലം അയാൾക്ക് കൃഷിചെയ്യുവാൻ പാട്ടത്തിന് കൊടുത്തിരുന്നു. കുറെ നാളുകളായിട്ടും പാട്ടകുടിശ്ശിക അദ്ദേഹം കൊടുക്കാതിരുന്നതുകൊണ്ട്, അവസാനം അയാൾക്കെതിരെ കേസുകൊടുക്കേണ്ടി വന്നു. അതിനെതിരായി ആലപ്പുഴ കോടതിയിൽ ചാവറയച്ചനെയും പ്രതിയാക്കിക്കൊണ്ട് അയാൾ കള്ളക്കേസ്സുകൊടുത്തു. ഇതിന്റെ പേരിൽ ചാവറയച്ചനെ ജഡ്ജി കോടതിയിൽ വരുത്തി കാര്യങ്ങൾ വിലയിരുത്തി. തെറ്റെവിടെയാണെന്നു മനസ്സിലാക്കിയ ജഡ്ജി മാത്തന് ശിക്ഷ നൽകുകയും ചെയ്തു. കേസ്സുകൊടുത്ത ഇയാളോട് ജനങ്ങൾക്കുണ്ടായ വെറുപ്പ് സീമാതീതമായിരുന്നു.

കാലക്രമേണ ഈ കുടുംബം അധഃപതിക്കുവാനിടയായി. ചാവറയച്ചനാകട്ടെ തന്റെ സഭാംഗങ്ങൾക്കെഴുതിയ മരണ ശാസനത്തിൽ ഒരു കാര്യം ചെയ്തിരുന്നു. ആശ്രമാംഗങ്ങൾ നന്ദിയോടെ ഓർക്കേണ്ട സഭയുടെ ചില സഹായികളുടെ പേരുകൾ അതിൽ കൊടുത്തിരുന്നു. ആ കൂട്ടത്തിൽ കള്ളക്കേസുകൊടുത്ത് തന്നെ കോടതികയറ്റിയ കളപ്പുരയ്ക്കൽ മാത്തന്റെ പേരും പെടുത്തിയിരുന്നു. അതുമാത്രമല്ല മാന്നാനം ആശ്രമാംഗങ്ങൾക്ക് ഒരു നിർദ്ദേശവും കൊടുത്തു. 'മാന്നാനം കൊവേന്തക്കാര് ഈയാളിന്റെ തറവാട്ടിന് കഴിയുന്ന ഉപകാരസഹായം ചെയ്യണം, ഇതിനാൽ കർത്താവിന്റെ ശിഷ്യർക്കടുത്ത ഒന്നാമത്തെ മാതൃകയാകും.' ചാവറയച്ചൻ ഇവിടെ ഉദ്ദേശിച്ചത് ശത്രുക്കളെ സ്നേഹിക്കുക, അവർക്ക് നന്മ ചെയ്യുക എന്ന കർത്താവിന്റെ കല്പനയെക്കുറിച്ച് തന്നെയായിരുന്നു. തങ്ങളുടെ വലിയ പ്രിയോരച്ചനെ കോടതികയറ്റിയവനോടും കുടുംബത്തോടും ക്ഷമിക്കുക മാന്നാനം ആശ്രമവാസികൾക്ക് അത്ര എളുപ്പമല്ല എന്നറിഞ്ഞു കൊണ്ടായിരിക്കണം ചാവറയച്ചൻ തന്റെ മരണപത്രികയിൽ ഈ കാര്യവും കൂടി എഴുതിച്ചേർത്തത്.

ചാവറയച്ചന്റെ ജീവിതത്തിലെ രസകരമായ മറ്റൊരനുഭവമുണ്ട്. തനിക്ക് ഒരുവിധത്തിലും അംഗീകരിക്കാനോ സഹകരിക്കാനോ പറ്റാത്ത വ്യക്തിയായിരുന്നു വേണ്ട അനുവാദങ്ങളൊന്നും കൂടാതെ സുറിയാനി സഭയിൽ പണപ്പിരിവിനുവേണ്ടി മെത്രാനെന്ന് നടിച്ച് പേർഷ്യയിൽ നിന്ന് ഇവിടെ എത്തിയ ദനഹബർയോഹ എന്ന വൈദികൻ. അദ്ദേഹം അനുയായികളായി കുറെപ്പേരെയും കൂട്ടി ഒരുദിവസം മാന്നാനം ആശ്രമത്തിൽ വന്നു. അദ്ദേഹത്തെക്കൊണ്ട് അവിടെ കുർബ്ബാനചൊല്ലിച്ചു എന്നറിഞ്ഞാൽ ചാവറയച്ചനും അദ്ദേഹത്തെ അനുകൂലിക്കുന്നവനാണെന്ന് തെറ്റിദ്ധരിക്കാനിടവരും എന്നതിനാൽ ആ കാര്യത്തിൽ സഹകരിക്കില്ല എന്നു തീരുമാനിച്ചു. വൈകുന്നേരമായിട്ടും മടങ്ങിപോകുന്നതിനുള്ള പ്ലാനില്ല എന്നു തോന്നിയതുകൊണ്ട് വൈകുന്നേരമായപ്പോൾ ഒരാളെ ഇറക്കിവിടുന്നതു ശരിയല്ലല്ലോ എന്നു കരുതി ആശ്രമത്തിൽ കിടക്കുവാനുള്ള മുറിയും എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തു എന്നുമാത്രമല്ല ഒരു കോഴിയെ വാങ്ങി നല്ല ഭക്ഷണവും ഉണ്ടാക്കിക്കൊടുത്താണ് പിറ്റേദിവസം വിട്ടത് എന്ന് കേൾക്കുമ്പോൾ, ശത്രുമിത്രവ്യത്യാസമില്ലാതെയുള്ള ചാവറയച്ചന്റെ മറ്റുള്ളവരോടുള്ള പെരുമാറ്റം എത്ര ഹൃദ്യമായിരുന്നു എന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്.

ചാവറയച്ചനെ പലവിധത്തിൽ വേദനിപ്പിച്ച മറ്റൊരു വ്യക്തിയായിരുന്നു കുടക്കച്ചിറ അന്തോനിച്ചൻ. അദ്ദേഹം കുത്തിത്തിരിപ്പുണ്ടാക്കാൻ പ്രത്യേക വൈദഗ്ധ്യമുള്ള ആളായിരുന്നു. അതുകൊണ്ടായിരിക്കാം പല സെമിനാരികളിലെ പഠനത്തിനുശേഷമാണ് അദ്ദേഹം മാന്നാനം സെമിനാരിയിൽ ചേർന്നത്. അവിടെയും പലവിധ പ്രശ്നങ്ങളും ഭിന്നിപ്പും ഉണ്ടാക്കിയശേഷം ചാവറയച്ചനെ വെല്ലുവിളിച്ചുകൊണ്ട് സെമിനാരിയിൽ നിന്നും പോയി. ഓലവെച്ചുകെട്ടിയായാലും താനൊരു സന്യാസാശ്രമം ഉണ്ടാക്കുമെന്നും അവിടെ മാന്നാനത്തുണ്ടാകുന്നതിനുമുമ്പ് ഒരു വിശുദ്ധനെ ഉണ്ടാക്കുമെന്നുമായിരുന്നു അദ്ദേഹത്തിന്റെ വെല്ലുവിളി.

പറഞ്ഞതുപോലെ പ്ലാശനാൽ എന്ന സ്ഥലത്ത് അദ്ദേഹം താൽക്കാലികമായി ഒരു വീടുണ്ടാക്കി അവിടെ കുറെപേരെക്കൂട്ടി സന്യാസജീവിതം ആരംഭിച്ചു. നിയമപരമായ സഹകരണം മെത്രാനിൽ നിന്നു കിട്ടാതെവന്നപ്പോൾ സ്വന്തമെത്രാനെ ഉണ്ടാക്കുവാൻ വേണ്ടി വൈദികരുടെയും ജനങ്ങളുടെയുമിടയിൽ ഭിന്നിപ്പുണ്ടാക്കി. ബാഗ്ദാദിൽ നിന്നുള്ള മെത്രാനെ കൊണ്ടുവരുന്നതിനു നടത്തിയ ശ്രമങ്ങൾക്കിടയിൽ അദ്ദേഹം മരിക്കുകയാണുണ്ടായത്. അദ്ദേഹത്തിന്റെ പലവിധപ്രവർത്തനങ്ങളുടെയും ഫല

മായി സഭയിൽ ഐക്യം നഷ്ടപ്പെടുകയും ഇത് പലരുടെയും ആത്മനാശത്തിനു കാരണമാകുന്നു എന്നും മനസ്സിലാക്കിയ ചാവറയച്ചൻ കുടക്കച്ചിറ അന്തോനിച്ചന്റെ പ്രവണതകൾ ജനങ്ങളെ ബോദ്ധ്യപ്പെടുത്തുവാൻ എഴുതേണ്ടി വന്നപ്പോൾ വലിയ മനോവേദനയോടും പ്രാർത്ഥനയോടും കൂടിയാണ് അദ്ദേഹത്തെക്കുറിച്ച് എഴുതിയത്. "ഇവിടെ എന്റെ ഹൃദയവും ഈ തൂവൽ പിടിച്ചിരിക്കുന്ന കൈകളും വിറയ്ക്കുന്നു. അതെന്ത്യേ, ഞാൻ കണ്ടതും കേട്ടതും മാത്രമെ കുറിക്കുന്നുള്ളൂ എങ്കിലും ഇതിനാൽ ഈ ആളിന് കുറെ മാനക്കേടുണ്ടാകും. സത്യാവസ്ഥ വ്യക്തമായി എഴുതിയില്ലെങ്കിൽ കേൾവിക്കാർ ഞാനെഴുതിയതിലധികം വ്യാഖ്യാനിക്കാനിടവരും." ശത്രുവിന്റെ പോലും സൽപേരിന് കളങ്കം വരാതിരിക്കാൻ എത്രമാത്രം ശ്രദ്ധാലുവായിരുന്നു ചാവറയച്ചൻ, അദ്ദേഹത്തിന്റെ മനസ്സാക്ഷി എത്രയോ നിർമ്മലമായിരുന്നു എന്ന് ഇവയൊക്കെ തെളിയിക്കുന്നു.

കേരളത്തിലെ സുറിയാനി കത്തോലിക്കാ പള്ളികളിൽ ഏതാണ്ട് മൂന്നിൽ രണ്ടും, വ്യാജപ്രചാരകനായി കേരളത്തിൽ വരികയും മാർപ്പാപ്പയുടെ അനുവാദം കൂടാതെ സഭയുടെ ഭരണം ഏറ്റെടുക്കുകയും ചെയ്ത റോക്കോസിന്റെ പക്ഷത്തുചേർന്ന നിമിഷങ്ങൾ തിരുസഭാസ്നേഹിയായ ചാവറയച്ചനെ ഏറ്റവുമധികം വേദനിപ്പിച്ചു. തന്നെ പോലീസിനെക്കൊണ്ടുപിടിപ്പിക്കാൻ വരെ റോക്കോസ് പക്ഷക്കാർ ശ്രമിച്ചു. കൂടാതെ മാന്നാനം, ഏൽത്തുരുത്തു പോലുള്ള ആശ്രമങ്ങൾ പിടിച്ചടക്കുവാനും ഇവിടുള്ളവരെ ദേഹോപദ്രവം ചെയ്യാൻവരെ ഈ കൂട്ടർ തുനിഞ്ഞതാണ്. സാവകാശം സത്യം തെളിഞ്ഞു വന്നപ്പോൾ, റോക്കോസ് മെത്രാൻ വേണ്ട അനുവാദങ്ങളോടെയല്ല ഭരണം ഏറ്റെടുത്തത് എന്ന് തിരിച്ചറിഞ്ഞവർ ഒന്നൊന്നായി അദ്ദേഹത്തെ ഒറ്റപ്പെടുത്തുവാനും ശിക്ഷിക്കുവാനും മുന്നോട്ടുവന്നു. ഈ സാഹചര്യത്തിൽ അദ്ദേഹത്തിന് ഏറ്റവും വലിയ തുണയായി നിന്നത് ചാവറയച്ചനാണ്. അദ്ദേഹത്തിന് യാതൊരാപത്തും വരാതെ, സ്വന്തം നാട്ടിലേക്ക് തിരിച്ചുപോകുവാനാവശ്യമായ പണവും സമ്പാദിച്ചുകൊടുത്ത് റോക്കോസ് കപ്പലിൽ കയറുന്നതുവരെ ഒപ്പം നിന്ന് സന്തോഷമായി അദ്ദേഹത്തെ യാത്രയാക്കിയത് ചാവറയച്ചനായിരുന്നു.

ചാവറയച്ചന്റെ ജീവിതം ഉടനീളം പരിശോധിച്ചാൽ ഇതുപോലുള്ള ശത്രുസ്നേഹത്തിന്റെ നിരവധി സംഭവങ്ങൾ കണ്ടെത്താനാകും. മറ്റനേകരിൽ നിന്നും അദ്ദേഹത്തെ വ്യത്യസ്തനാക്കുന്ന പ്രത്യേകത ജീവിതത്തിൽ ഒരാളെപ്പോലും ശത്രുവായി തള്ളിക്കളയുകയോ, അവസാനനി

മിഷമെങ്കിലും ഒരാൾ പോലും ചാവറയച്ചനെ ശത്രുവായി കണ്ട് അദ്ദേഹത്തെ തള്ളിക്കളയുകയോ ചെയ്തിട്ടുണ്ടാവില്ല എന്നതാണ്. ശത്രുസ്നേഹത്തിലൂടെ എല്ലാവരെയും മിത്രങ്ങളാക്കുവാൻ ചാവറയച്ചനു കഴിഞ്ഞു.

ചാവറയച്ചൻ കുടുംബജീവിതം സംബന്ധിച്ച് എഴുതിയ മാർഗ്ഗനിർദ്ദേശങ്ങളാണ് "ഒരു നല്ല അപ്പന്റെ ചാവരുൾ". ഈ ലേഖനത്തിന്റെ പല ഭാഗങ്ങളിലായി ക്ഷമയെക്കുറിച്ചും ശത്രുസ്നേഹത്തെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്. പരസ്പരം ക്ഷമ അഭ്യസിക്കണം എന്നോർമ്മിപ്പിച്ചുകൊണ്ട് അദ്ദേഹം എഴുതി. "വഴക്കുള്ള തറവാട് വേഗം നശിച്ചുപോകും. നിങ്ങളുടെ തെറ്റുകളും കുറവുകളും പരസ്പരം ക്ഷമിക്കുകയില്ലെങ്കിൽ പുറമെയുള്ളവർ ക്ഷമിക്കുമൊ ? നീ ചെയ്ത തെറ്റ് നാളെ വേറൊരാൾ ക്ഷമിക്കണമെങ്കിൽ ഇന്ന് മറ്റുള്ളവർ ചെയ്ത തെറ്റ് നീ ക്ഷമിക്കേണ്ടയോ ?"

വീടുകളിൽ വഴക്കുകൾക്ക് കാരണമാകുന്നവർക്ക് ദുരിതം എന്ന് ചാവറയച്ചൻ ഓർമ്മിപ്പിക്കുന്നു. ഇതിനുദാഹരണമായി അദ്ദേഹം ഒരു കഥ പറഞ്ഞത് ഇങ്ങനെയാണ് : ഒരു കിഴവി ഒരു വീട്ടിൽ വഴക്കുണ്ടാക്കുവാൻ പല കാരണങ്ങളും ഉണ്ടാക്കിയതിനാൽ പിശാച് കാണപ്പെട്ട് സ്വർണ്ണം നിറച്ച ഒരു സഞ്ചി അവൾക്ക് കൊടുക്കുകയും, ഞാൻ മൂന്നുവർഷക്കാലം പ്രയത്നിച്ചിട്ട് സാധിക്കാഞ്ഞത് നീ മൂന്നുദിവസം കൊണ്ട് സാധിച്ചതിനാൽ നീ എന്റെ ആലോചനക്കാരിയായിരിക്കാൻ യോഗ്യതയുള്ളവളായിരിക്കുന്നു എന്ന് പറഞ്ഞ് അവളെ പിടിച്ച് നരകത്തിൽ കൊണ്ടുപോകുകയും ചെയ്തു.

സഹോദരങ്ങളും മാതാപിതാക്കളുമായ കുടുംബാംഗങ്ങൾ തമ്മിൽ സർക്കാർ വഴക്കിന് ഒരിക്കലും പോകാതിരിക്കുകയാണ് നല്ലത് എന്നാണ് ചാവറയച്ചന്റെ ന്യായം. എത്ര ന്യായമുള്ള കാരണങ്ങൾ കേസുകൊടുക്കാൻ തക്കവിധം കണ്ടെത്തിയാലും കേസിനുപോയാൽ ഉണ്ടാകുന്ന അവസാനഫലം സഹോദരങ്ങൾ വഴി ഒരിക്കലും അവസാനിക്കാത്ത വാശിയും വൈരാഗ്യവും സന്തോഷമില്ലായ്മയും സാമ്പത്തിക നഷ്ടവുമായിരിക്കും എന്നദ്ദേഹം സ്ഥാപിക്കുന്നു. ഇവിടെ സ്നേഹവും ക്ഷമയും വിട്ടുവീഴ്ചയുമല്ലല്ലോ ഭരിക്കുന്നത് മറിച്ച് ശത്രുതയാണ്.

## ഗുണപാഠം

നമ്മുടെ ഇഷ്ടത്തിനും താല്പര്യത്തിനും എതിർ നിൽക്കുന്നവർ നമ്മുടെ ശത്രുക്കളാണോ, എങ്കിൽ പലപ്പോഴും മാതാപിതാക്കളെയും

ദൈവത്തെയും നമ്മുടെ ശത്രുക്കളായി കണക്കാക്കേണ്ടിവരും. കാരണം കൂടുതൽ നമ്മെ അറിയുന്നവരും, നമ്മുടെ നന്മമാത്രം ആഗ്രഹിക്കുന്നവരുമാണ് ഇവർ. അതുകൊണ്ട് നമ്മുടെ ആഗ്രഹങ്ങളും പ്രാർത്ഥനകളുമെല്ലാം അതേപടി കേട്ടെന്ന് വരില്ല. അവരിൽ നിന്ന് ലഭിക്കുന്നത് താത്കാലികമായി നന്മയല്ലെന്നു തോന്നിയാലും പിന്നീട് നമുക്ക് മനസ്സിലാകും നമ്മുടെ ഭാവി നന്മയ്ക്ക് നമ്മുടെ ഇഷ്ടം നടക്കുന്നതല്ലായിരുന്നു നല്ലതെന്ന്. അതിനാൽ നല്ല ദൈവത്തെയും മാതാപിതാക്കളെയും ഒരിക്കലും ശത്രുക്കളായി കാണാൻ പാടില്ല. നമ്മുടെ ആവശ്യങ്ങളിലെ ഒന്നാമത്തെ സഹായികൾ അവർ തന്നെ.

നമ്മെ തെറ്റിദ്ധരിച്ചുകൊണ്ടോ നമ്മോടുള്ള അസൂയകൊണ്ടോ നമ്മുടെ നന്മയെ ആഗ്രഹിക്കാത്ത, മന:പൂർവ്വം നമ്മെ വേദനിപ്പിക്കുന്നവരാണ് വേറൊരു കൂട്ടം ശത്രുക്കൾ. ഇവരോട് സ്വാഭാവികമായി നമുക്ക് വെറുപ്പും അകൽച്ചയുമാണ് തോന്നുക. അവരെ നശിപ്പിക്കുവാനാണ് നാം ആദ്യം ആഗ്രഹിച്ചുപോകുക. ഇതിനുള്ള ഉത്തരമാണ് യേശുക്രിസ്തു നൽകുന്നത്. 'കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല് എന്ന് പറഞ്ഞിട്ടുള്ളത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടുപറയുന്നു, ദുഷ്ടനെ എതിർക്കരുത്. വലതുകരണത്തടിക്കുന്നവന് മറ്റെ കരണം കൂടി കാണിച്ചു കൊടുക്കുക..... ശത്രുക്കളെ സ്നേഹിക്കുവിൻ, നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. അവർക്ക് നന്മ ചെയ്യുവിൻ.'

ശത്രുക്കളെ സ്നേഹിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും നന്മചെയ്യുകയും ചെയ്ത് എല്ലാവരെയും മിത്രങ്ങളാക്കി മാറ്റിയ നല്ല മാതൃകയുടെ ഉടമയാണ് ചാവറയച്ചൻ. അദ്ദേഹത്തിന്റെ ജീവിതം നമുക്ക് മാതൃകയാക്കാം.

## പ്രായോഗികം :

ഒരുനിമിഷം കണ്ണടച്ച് ധ്യാനിക്കുക. നിങ്ങളെ വേദനിപ്പിച്ചെന്നു തോന്നുന്നവരോ വെറുപ്പുതോന്നുന്നവരോ നിങ്ങൾക്ക് സംസാരിക്കാൻ സ്വാതന്ത്ര്യക്കുറവനുഭവപ്പെടുന്നവരോ ആയി ആരെങ്കിലും മനസ്സിലേക്ക് കടന്നുവരുന്നുണ്ടോ. അവരെ ഓർത്ത് അവരോട് ക്ഷമിക്കുന്നു എന്ന് മനസ്സിൽ പറഞ്ഞുകൊണ്ട് അവർക്കുവേണ്ടി പ്രാർത്ഥിക്കുക. നിങ്ങളുടെ ക്ലാസ്സിൽ ഉള്ളവരിൽ ആരോടെങ്കിലും സംസാരിക്കാതിരിക്കുന്നുണ്ടെങ്കിൽ ഇന്നുതന്നെ ഇടവേള സമയത്തു ചെന്ന് ക്ഷമപറഞ്ഞ് സംസാരിച്ചുതുടങ്ങുക.

***

## അദ്ധ്യായം - 8

# അനുസരണത്തിന്റെ മഹനീയത

ഒരു വ്യക്തിയുടെ ജീവിതത്തിൽ ഏറ്റം വിലമതിക്കപ്പെടുന്ന മൂല്യങ്ങളിൽ ഒന്ന് സ്വാതന്ത്ര്യമാണ്. ഈ സ്വാതന്ത്ര്യത്തിൽ ഏറ്റം പ്രധാനപ്പെട്ടത് എന്റെ ഇഷ്ടമെല്ലാം സാധിച്ചുകിട്ടണമെന്നതാണ്. അപ്പോൾ എന്റെ ഇഷ്ടത്തെ ഹനിക്കുന്നത് എന്റെ സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യുന്നതിനു തുല്യമാണ്. സ്വാതന്ത്ര്യം അനുഭവിക്കുക എന്നു പറഞ്ഞാൽ ഞാൻ ആഗ്രഹിക്കുന്നതെല്ലാം നടപ്പിലായി കിട്ടുക എന്നതാണെങ്കിൽ മനുഷ്യന് സാമൂഹ്യജീവിതം അസാധ്യമാകും. എനിക്ക് ആരെയും അംഗീകരിക്കുവാനോ, ആരോടും സഹകരിക്കാനോ കഴിയാത്ത അവസ്ഥയാകും. ഇന്ത്യൻ ഭരണഘടനയ്ക്ക് രൂപം നൽകിയപ്പോൾ വ്യക്തിസ്വാതന്ത്ര്യത്തെക്കുറിച്ച് സൂചിപ്പിക്കുന്നതിന്റെ ചുരുക്കം ഇങ്ങനെ പറയാം. എന്റെ സ്വാതന്ത്ര്യം അപരന്റെ മൂക്കിനടുത്ത് എത്തുമ്പോഴേക്കും അവസാനിച്ചിരിക്കുന്നു. അപ്പോൾ യഥാർത്ഥ സ്വാതന്ത്ര്യം എന്നു പറയുന്നത് എല്ലാം കീഴടക്കുക എന്നതിലല്ല. അപരന്റെ സ്വാതന്ത്ര്യത്തെ മാനിക്കുന്നതിനുവേണ്ടി സാമൂഹ്യബന്ധങ്ങൾക്ക് തടസ്സം വരാതിരിക്കത്തക്കവിധം എന്റെ ദു:സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്നതിലാണ് അടങ്ങിയിരിക്കുന്നത്.

ന്യായമായ സ്വാതന്ത്ര്യം എല്ലാവരുടെയും അവകാശം കൂടിയാണ്. സമൂഹത്തിൽ ഈ അവകാശം തന്നെ നിലനിർത്തുന്നതിനുവേണ്ടിയാണ് നമുക്ക് നിയമങ്ങൾ ഉണ്ടാക്കുന്നതും നിയമങ്ങൾ നടപ്പിലാക്കാൻ അധികാരികൾ ഉണ്ടാകുന്നതും. റോഡ് എല്ലാവർക്കും യാത്രചെയ്യാനുള്ള പൊതു സംവിധാനമാണ്. ഇവിടെ യാതൊരു നിയന്ത്രണവും ഇല്ലാതെ ഓരോരുത്തരുടെയും ഇഷ്ടത്തിനനുസരിച്ച് യാത്രചെയ്യുകയോ വാഹനങ്ങൾ ഓടിക്കുകയോ ചെയ്യുന്നു എന്നു വിചാരിച്ചാൽ സ്ഥിതി എന്താകും. പ്രത്യേകിച്ചും ഇന്നത്തെ തിരക്കു നിറഞ്ഞ റോഡുകളിൽ ഇറങ്ങുന്നവരിൽ 90 ശതമാനവും തിരിച്ചുവീട്ടിലെത്തിയെന്നോ, കയ്യും കാലും തലയുമൊക്കെ അവശേഷിച്ചെന്നോ വരികില്ല. അങ്ങനെ വരുമ്പോൾ യാത്ര ചെയ്യുവാനുള്ള എല്ലാവരുടെയും അവകാശത്തെ മാനിക്കുവാനായി റോഡു നിയമങ്ങളും ഗതാഗതനിയമങ്ങളും ഉണ്ടാകുന്നു. ഇതു നടപ്പിലാക്കുവാൻ അധികാരികളെ ചുമതലപ്പെടുത്തുന്നു. അവരെ അനുസരിക്കുന്നതിലൂടെ

വഴിയിലെ യാത്ര സുഗമമാകുന്നു. ഇതിനുവേണ്ടി ഓരോരുത്തർക്കും അവരവരുടേതായ ഇഷ്ടങ്ങളെ പൊതുനിയമങ്ങൾക്കനുസരിച്ച് നിയന്ത്രിക്കേണ്ടി വരുന്നു. അപ്പോൾ നിയമങ്ങൾ അനുസരിക്കുക എന്നതാകും യഥാർത്ഥ സ്വാതന്ത്ര്യം.

നിയമങ്ങൾ നമ്മെ നിയന്ത്രിക്കുവാനും വിഷമിപ്പിക്കുവാനുമുള്ള ഒന്നാണ് എന്ന് മനസ്സിലാക്കിയാൽ എല്ലാം വിഷമകരമാകും, മറിച്ച് നമ്മുടെ ജീവിത്തെ കൂടുതൽ സുഗമമാക്കുവാനാണ് എന്ന് കണ്ടാൽ നിയമങ്ങൾ പാലിക്കുവാൻ നമുക്കെളുപ്പമാകും. നമ്മുടെ ജീവിതത്തിൽ രണ്ടുതരം നിയമങ്ങൾക്ക് നമ്മൾ വിധേയരാകണം. ഒന്ന് നാം തന്നെ നമ്മുടെമേൽ വെയ്ക്കുന്ന നിയമങ്ങൾ. ഇത് നമ്മുടെ ജീവിതത്തിൽ ക്രമവും ചിട്ടയുമുണ്ടാകുവാൻ ആവശ്യമാണ്. ഇതിലൊന്ന് സമയത്തെ ക്രമീകരിക്കുക എന്നതാണ്. എല്ലാവർക്കും 24 മണിക്കൂറേ ഓരോ ദിവസവും കിട്ടുകയുള്ളൂ. ഈ സമയത്തെ ഓരോരുത്തരുടെയും ആവശ്യങ്ങൾക്കനുസരിച്ച് ക്രമീകരിക്കണം. പഠിക്കുന്ന കുട്ടികൾക്ക് ക്രമീകരിക്കേണ്ട വിധത്തിലായിരിക്കില്ല ജോലിക്കുപോകുന്നവരുടെ സമയക്രമം. വീട്ടമ്മമാരുടെ സമയക്രമമായിരിക്കില്ല കൃഷിസ്ഥലത്തു വേലചെയ്യാൻ പോകുന്നവരുടേത്. ഓരോരുത്തരുടെയം ജീവിതസാഹചര്യങ്ങൾക്കനുസരിച്ചുള്ള സമയക്രമീകരണം ആവശ്യമാണെങ്കിലും അപ്പോഴും സാമൂഹ്യജീവി എന്നവിധം പലകാര്യങ്ങളിലും പൊതുസമയക്രമവും ആവശ്യമാണ്. നമ്മുടെ വീട് പൊതുസ്ഥലമാണ്. വ്യത്യസ്ത ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്ന അംഗങ്ങളാണ് അവിടെയുള്ളത്. അവിടെയും വീട്ടിലെ പൊതുക്രമീകരണങ്ങളോട് സഹകരിച്ചുകൊണ്ടുവേണം വ്യക്തിപരമായ സമയക്രമം രൂപീകരിക്കാൻ.

നമ്മുടെ ജീവിതക്രമത്തിൽ ഭക്ഷണം, വ്യായാമം, ഉറക്കം, പ്രാർത്ഥന, വിശ്രമം എന്നിങ്ങനെ പലതുംപെടുത്തിക്കൊണ്ടാണ് ക്രമീകരണം ചെയ്യേണ്ടത്. 1869-ലാണ് ചാവറയച്ചൻ "ഒരു നല്ല അപ്പന്റെ ചാവരുൾ" എന്ന കുടുംബചട്ടം എഴുതി ഉണ്ടാക്കിയത്. അവിടെ അദ്ദേഹം ദിനചര്യകളെക്കുറിച്ച് പറയുന്നുണ്ട്. ഭക്ഷണക്രമത്തേക്കുറിച്ചും, വിശ്രമത്തേക്കുറിച്ചും, ജോലികളെക്കുറിച്ചും, ഉറക്കത്തെക്കുറിച്ചുമെല്ലാം അദ്ദേഹം പ്രതിപാദിക്കുന്നുണ്ട്. ഈ ദിനക്രമത്തിൽ അവരവരുടെ മതവിശ്വാസങ്ങൾക്കനുസരിച്ച് പ്രഭാതത്തിൽ ഉണരുമ്പോഴും വൈകിട്ട് ഉറങ്ങാൻ പോകുന്നതിനുമുമ്പും പ്രാർത്ഥിച്ചിരിക്കണമെന്നദ്ദേഹം നിഷ്കർഷിക്കുന്നുണ്ട്. ഇതുപോലെ സദ്ഗ്രന്ഥങ്ങൾ വായിക്കുകയും അവയെക്കുറിച്ച് ധ്യാനപൂർവ്വം വിചിന്തനം ചെയ്ത് ജീവിതത്തിന്റെ ഭാഗമാക്കണമെന്നും അദ്ദേഹം നിർദ്ദേശിക്കുന്നുണ്ട്.

കുട്ടികളോടായി അദ്ദേഹം നിർദ്ദേശിക്കുന്നത് അന്നന്നത്തെ പാഠങ്ങൾ നന്നായി പഠിക്കണമെന്നും എല്ലാ ആഴ്ചയിലും അവധിദിവസങ്ങളിൽ പഴയപാഠങ്ങൾ വീണ്ടുംവായിച്ച് ഓർമ്മ പുതുക്കണമെന്നും ആണ്. പഠിക്കുന്നവർ ക്ലാസ്സിൽ നിന്നു കിട്ടുന്ന പഠനം കൊണ്ട് തൃപ്തിയാകാതെ സ്വയം പഠിക്കുവാനായി കൂടുതൽ സമയം മാറ്റിവെക്കണം. അതിന് വ്യക്തമായ ഒരു സമയക്രമീകരണവും ആവശ്യമാണ്. ഈ കാര്യം മറ്റുള്ളവരുടെ പ്രേരണകൊണ്ട് എന്നതിലധികമായി സ്വന്തം തീരുമാനത്തിൽനിന്ന് ഉണ്ടാകണം. ഇത് നാം നമ്മുടെമേൽ നേരിട്ടുവയ്ക്കുന്ന നിയമമായിരിക്കണം.

രണ്ടാമതായി നമ്മുടെമേൽ വിധേയമാക്കേണ്ട നിയമം എഴുതപ്പെട്ടതും അധികാരികളിലൂടെ ലഭിക്കുന്നതുമായ നിയമങ്ങളാണ്. ഇവയുടെ അനുസരണമാണ് സാമൂഹ്യബന്ധങ്ങളിൽ നമ്മെ കൂടുതൽ കെട്ടുറപ്പുള്ളവരാക്കുന്നത്. രാഷ്ട്രത്തിന്റെയും നാം വിശ്വസിക്കുന്ന മതത്തിന്റെയും നമ്മെ ഉൾക്കൊള്ളുന്ന സമൂഹത്തിന്റെയും പൊതുനിയമങ്ങളിൽ നിന്ന് നമുക്കൊഴിവില്ല. നമ്മുടെ വ്യക്തിജീവിതത്തിൽ ചിട്ടയും ക്രമവും പൊതുജീവിതത്തിൽ നിയമാനുസൃതമായ നടത്തയും കാഴ്ചവെയ്ക്കുമ്പോഴാണ് നമ്മൾ തനതായ വ്യക്തിത്വത്തിന്റെ ഉടമകളും രാഷ്ട്രത്തിലെ നല്ല പൗരന്മാരും ആയിത്തീരുന്നത്.

അധികാരികളോടുള്ള അനുസരണവും വിധേയത്വവുമാണ് നമ്മുടെ പ്രായോഗിക ജീവിതത്തെ കെട്ടിപ്പടുക്കുന്നത്. ഈ അധികാരികളുടെ ഗണത്തിൽ മാതാപിതാക്കളും നമ്മേക്കാൾ പ്രായത്തിലും അറിവിലും മുതിർന്നവരും, അദ്ധ്യാപകരും, മതസാമൂഹ്യനേതാക്കളും പെടും. ഇവരൊക്കെയാണ് ജീവിതത്തിൽ നമ്മേക്കാൾ പരിചയമുള്ളവരും അനുഭവസമ്പന്നരും. ഇവരോടുള്ള അനുസരണവും വിധേയത്വവും വഴി ജീവിതത്തെക്കുറിച്ച് കൂടുതൽ പഠിക്കുന്നവരാകും. അവർ തരുന്ന നിർദ്ദേശങ്ങൾക്കും ഉപദേശങ്ങൾക്കും അനുസരിച്ച് ജീവിക്കുമ്പോൾ നമ്മുടെ ജീവിതത്തിൽ അറിവില്ലായ്മകൊണ്ടും അനുഭവക്കുറവുകൊണ്ടും ഉണ്ടാകാവുന്ന മണ്ടത്തരങ്ങളുടെയും തെറ്റുകളുടെയും എണ്ണം കുറയ്ക്കുവാൻ സാധിക്കും.

ചെറുപ്പകാലത്ത് അമ്മയിൽ നിന്ന് ലഭിച്ച ശിക്ഷണത്തെക്കുറിച്ച് ചാവറയച്ചൻ നന്ദിയോടെ അനുസ്മരിക്കുന്നു. അമ്മ എന്നെ കൈകൊണ്ടോ വടികൊണ്ടോ ശിക്ഷിച്ചതായി ഓർക്കുന്നില്ല. എന്നാൽ അമ്മയുടെ ഒരു നോട്ടം തന്നെ എന്റെ തെറ്റുകൾ തിരുത്തുകയും എന്നെ കുറ്റബോധമുള്ളവനാക്കുകയും ചെയ്യുമായിരുന്നു. ചെറുപ്പം മുതലേ നല്ല ശിക്ഷണം

സ്വീകരിച്ച് വളർന്നു വന്ന ചാവറയച്ചന് അധികാരികളെ അനുസരിക്കുക എന്നത് ഒരിക്കലും ബുദ്ധിമുട്ടുണ്ടാക്കിയ കാര്യമായിരുന്നില്ല.

നമ്മുടെ ആഗ്രഹങ്ങൾക്ക് വിപരീതമായി അധികാരികളെ അനുസരിക്കേണ്ടി വരുമ്പോൾ ആദ്യം വലിയ വേദനയായിരിക്കും അനുഭവപ്പെടുക. അർത്ഥം ഇല്ലാത്തതെന്നു തോന്നുന്ന കാര്യങ്ങളിൽ പോലും അധികാരികളെ അനുസരിക്കുന്നത് ലക്ഷ്യപ്രാപ്തിക്ക് കൂടുതൽ സഹായകമായിത്തീരാം. 1831-ൽ ചാവറയച്ചനും സഹപ്രവർത്തകർക്കും സന്യാസ സഭ തുടങ്ങുവാനായി അനുവാദം കിട്ടി. അവർ സ്ഥലം അന്വേഷിച്ചുകണ്ടെത്തി മാന്നാനം കുന്നിൽ ആശ്രമത്തിനുള്ള പണികൾ ആരംഭിച്ചു. താമസിയാതെ അന്നുണ്ടായിരുന്ന മെത്രാന് മാറ്റം വരികയും പുതിയ മെത്രാൻ ചുമതല ഏറ്റെടുക്കുകയും ചെയ്തു. എന്തോ ചില തെറ്റിദ്ധാരണകളാലാകാം പുതിയ മെത്രാൻ ഫ്രാൻസിസ് സേവ്യർ മാന്നാനത്ത് ആശ്രമത്തിനുള്ള പണികളിൽ മുഴുകിയിരുന്ന അതിന്റെ ചുമതലക്കാരായ ചാവറയച്ചനെയും പോരൂക്കരയച്ചനെയും അവിടെ നിന്ന് അകലങ്ങളിലുള്ള പള്ളിപ്പുറം പള്ളിയുടെയും തെക്കൻ തിരുവിതംകൂറിലുള്ള കായംകുളം, പിള്ളതോപ്പ് എന്നീ പള്ളികളുടെയും വികാരിമാരായി സ്ഥലം മാറ്റം കൊടുത്തു. അതോടെ മാന്നാനത്തു തുടങ്ങിയ പണികളെല്ലാം പ്രതിസന്ധിയിലായി. പ്രത്യേകിച്ചും ഒരു മെത്രാൻ അനുവദിച്ചു പ്രോത്സാഹിപ്പിച്ച കാര്യത്തിന് മറ്റൊരു മെത്രാൻ തടസ്സം നിൽക്കുന്നതായാണ് ആദ്യം അവർക്കനുഭവപ്പെട്ടത്. എങ്കിലും പ്രാർത്ഥനാപൂർവ്വം അവർ കൂടിയാലോചിച്ചപ്പോൾ കിട്ടിയ ഉത്തരം മറ്റൊന്നായിരുന്നു. ഒന്നാമതായി അധികാരികളുടെ കല്പന ദൈവത്തിന്റെ തിരുമനസ്സായി നമ്മൾ സ്വീകരിക്കണം. രണ്ടാമതായി നമ്മൾ അനുസരണം ഉള്ളവരാണോ എന്ന് പരീക്ഷിക്കാൻ വേണ്ടി സ്ഥലം മാറ്റുന്നതായിരിക്കാം. എന്തായാലും യാതൊരു എതിർപ്പും കൂടാതെ സന്തോഷത്തോടെ അനുസരിച്ച് ഏല്പിച്ച ജോലികളിൽ ഉത്തരവാദിത്വത്തോടെ സഹകരിക്കാം എന്നവർ തീരുമാനിച്ച് അതാതു സ്ഥലങ്ങളിലേക്ക് പോയി. അധികം താമസിയാതെ മെത്രാൻ ഇവരെ രണ്ടുപേരെയും തിരിച്ചു വിളിച്ച് മാന്നാനത്തെ പണികൾ തുടരുവാൻ നിർദ്ദേശിച്ചു. എന്നുമാത്രമല്ല ഇവരെക്കുറിച്ച് മറ്റുള്ളവരിൽ നിന്നു കിട്ടിയ അറിവുകൾ വെച്ചുണ്ടായിരുന്ന തെറ്റിദ്ധാരണകൾ മുഴുവൻ മാറിക്കിട്ടുകയും ചെയ്തു. തുടർന്ന് എല്ലാകാര്യങ്ങളിലും മെത്രാന്റെ സഹായസഹകരണങ്ങൾ അവർക്ക് ലഭിക്കുകയും ചെയ്തു.

ചാവറയച്ചന്റെ ജീവിതത്തിൽ മാന്നാനത്ത് സന്യാസാശ്രമം തുടങ്ങിയ കാലം മുതൽ ഉണ്ടായിരുന്ന വലിയ ആഗ്രഹമായിരുന്നു സ്ത്രീകൾക്കുവേണ്ടിയും ഒരു സന്യാസഭവനം ഉണ്ടാകണമെന്നത്. സന്യാസിനികൾക്കുള്ള മഠം ഉണ്ടാക്കുന്നതിനെക്കുറിച്ച് കൂടുതൽ തീക്ഷ്ണതയോടെ ആലോചിച്ചും പരിശ്രമിച്ചും തുടങ്ങി. നീണ്ടകാലത്തെ പരിശ്രമത്തിനുശേഷമായിരുന്നു എന്നുപറയാം പുത്തൻപള്ളിയിലെ സ്ഥലത്ത് മഠം തുടങ്ങാനുള്ള ഒരുക്കങ്ങളായി. അതിനുവേണ്ടി കോമ്പൗണ്ടുകൾക്കു ചുറ്റും ഉയരത്തിൽ മതിൽ കെട്ടി. മഠം പണിയും തകൃതിയിൽ പുരോഗമിക്കുകയായിരുന്നു. അങ്ങിനെയിരിക്കുമ്പോളാണ് റോക്കോസിന്റെ നേതൃത്വത്തിലുള്ള അനൈക്യത്തിന്റെ പ്രവണതകൾ തല ഉയർത്തിയത്. ഇങ്ങനെയുള്ള പ്രവണതകളെ നേരിടാൻ നല്ല വൈദികർ ഉണ്ടാകട്ടെ എന്ന ഉദ്ദേശത്തോടെ മഠത്തിനുദ്ദേശിച്ച സ്ഥലത്ത് സെമിനാരി ആരംഭിക്കുവാൻ മെത്രാൻ നിർദ്ദേശിച്ചു. മഠത്തിനായി ഉയർത്തിയ കെട്ടിടം സെമിനാരിക്കായി മാറ്റേണ്ടിവന്നപ്പോൾ ചാവറയച്ചൻ തീർച്ചയായും വളരെയധികം ദു:ഖിച്ചു. എങ്കിലും അധികാരികളിലൂടെ ആവശ്യപ്പെട്ടത് ദൈവതിരുമനസ്സായികണ്ട് സഹകരിച്ചു. ചുരുങ്ങിയ വർഷങ്ങൾക്കുള്ളിൽ തന്നെ കൂനമ്മാവ് ആശ്രമത്തിന്റെ സമീപത്തുതന്നെ മഠം തുടങ്ങുവാൻ തീരുമാനമായി. അതിനാവശ്യമായ സ്ഥലവും ലഭിച്ചു. മഠവും ഉണ്ടായി. കൂനമ്മാവിൽ മഠം ഉണ്ടായപ്പോൾ പുത്തൻപള്ളിയിലെക്കാൾ കാര്യങ്ങൾ എളുപ്പവും സൗകര്യപ്രദവും ആയി. ഫലത്തിൽ സെമിനാരിയും മഠവും ഉണ്ടാകുകയും ചെയ്തു. അധികാരികളുടെ സ്വാർത്ഥത നടപ്പിലാക്കുകയാണെങ്കിൽപ്പോലും അതിനോട് അനുസരണവും വിധേയത്വവും കാണിക്കുമ്പോൾ ആദ്യത്തേതിലും കൂടിയ നന്മയെ ഉണ്ടാകൂ എന്ന് ചാവറയച്ചൻ ആഴമായി വിശ്വസിക്കുന്നു. അതുകൊണ്ടാണ് അദ്ദേഹം തന്റെ അനുയായികൾക്ക് എഴുതിയപ്പോൾ കണ്ണും ചെവിയുമില്ലാത്ത അനുസരണമാണ് സന്യാസികൾക്കുണ്ടാകേണ്ടത് എന്നെഴുതിയത്.

അനുസരിക്കുക എന്നുള്ളത് ദൈവികവും അനുസരിക്കാതിരിക്കുക എന്നത് പൈശാചികവുമാണ്. അനുസരണത്തെക്കുറിച്ച് യേശു ബൈബിളിൽ ഒരുപമ പറയുന്നുണ്ട്. ഒരു പിതാവിന് രണ്ടുമക്കൾ ഉണ്ടായിരുന്നു. പിതാവ് ഒന്നാമനോടായി പറഞ്ഞു. തന്റെ മുന്തിരിത്തോട്ടത്തിലേക്ക് ജോലിക്കായി പോകുവാൻ. അയാൾ ആദ്യം വിസമ്മതിച്ചെങ്കിലും പിന്നീട് അനുസരിച്ചു. രണ്ടാമനാകട്ടെ പറഞ്ഞപ്പോഴെ പൊയ്ക്കൊള്ളാം എന്നു സമ്മതിച്ചെങ്കിലും പോയില്ല. ഇവരിൽ ആരാണ് തന്റെ പിതാവിന്റെ ഇഷ്ടം

നിറവേറ്റിയത് എന്ന ചോദ്യത്തിന് ഒന്നാമൻ തന്നെ എന്നു കേൾവിക്കാരെക്കൊണ്ട് ഉത്തരം പറയിച്ചു. മറ്റൊരിക്കൽ യേശു പറഞ്ഞു 'അനുസരണം ബലിയേക്കാൾ ശ്രേഷ്ഠമാണ്' എന്ന്.

അധികാരികളെയും മാതാപിതാക്കളെയുമൊക്കെ അനുസരിക്കുക എന്നത് വിശുദ്ധിയുടെ അടയാളവുമാണ്. വിശുദ്ധരായിരുന്ന എല്ലാവരും നിയമങ്ങളെയും അധികാരികളെയും അനുസരിക്കുന്ന കാര്യത്തിൽ ബദ്ധശ്രദ്ധരായിരുന്നു. അവർ അനുസരണത്തിനുമുമ്പിൽ ബുദ്ധിക്കതീതമായി ദൈവികപദ്ധതിയുടെ വശങ്ങൾ കണ്ടെത്തിയിരുന്നു. ചാവറയച്ചൻ കേരളസഭയുടെ ചരിത്രം പരിശോധിച്ചുകൊണ്ട് 19 നൂറ്റാണ്ടുകളായിട്ടും കേരളസഭയിൽ പേരുവിളിക്കപ്പെട്ട വിശുദ്ധർ ഉണ്ടാകാതെ പോയതിന്റെ കാരണത്തെക്കുറിച്ച് വിശദീകരിക്കുന്നുണ്ട്. ഇതിന് പ്രഥമകാരണമായി അദ്ദേഹം കണ്ടെത്തിയത് മേലധികാരികളോടുള്ള അനുസരണക്കേടും വിധേയത്വമില്ലായ്മയുമാണ്. ചാവറയച്ചന്റെ ജീവിതത്തിലാകട്ടെ താൻ സ്ഥാപിച്ച സഭയിലെ നിയമങ്ങൾ അതിന്റെ നിയമദാതാവായിരുന്നിട്ടുപോലും ഏറ്റം കൃത്യമായി അനുസരിച്ചിരുന്നു എന്നുള്ളതാണ്. ദൈവത്തോടും അധികാരികളോടുമുണ്ടായിരുന്ന വിധേയത്വവും അനുസരണവുമാണ്. അദ്ദേഹത്തെ ഭാരതസഭയിലെ ആദ്യത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുവാൻ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയെ പ്രേരിപ്പിച്ചത്.

## ഗുണപാഠം

അനുസരിക്കുക എന്നതിൽ പ്രധാനമായി മൂന്നു ഘടകങ്ങളുണ്ട്. അനുസരണം ദൈവികമാണ്. കാരണം അധികാരത്തിന്റെ അടിസ്ഥാനം ദൈവമാണ്. നിയമങ്ങൾ നീതിയുടെ നടത്തിപ്പിനുള്ളതാണ്. ഇവ നടപ്പിലാകുമ്പോൾ എല്ലാവരുടേയും അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നു. നിയമങ്ങൾ ജീവിതത്തിന്റെ ക്രമീകരണമാണ്. അവ പാലിക്കപ്പെടുമ്പോൾ സാമൂഹ്യജീവിതം കെട്ടുറപ്പുള്ളതാകുന്നു. നമ്മേക്കാൾ മുതിർന്നവരായ മാതാപിതാക്കളേയും അദ്ധ്യാപകരേയും പ്രായം കൂടിയവരേയും അനുസരിക്കുമ്പോൾ നമ്മുടെ ജീവിതത്തിലെ അപകടങ്ങളുടെയും തെറ്റുകളുടെയും എണ്ണം വളരെക്കുറയുകയും ജീവിതമൂല്യങ്ങളെ വളർത്തി എടുക്കുവാൻ സഹായകമാകുകയും ചെയ്യും. "മൂത്തവർ ചൊല്ലും മുതുനെല്ലിക്കയും ആദ്യം കൈയ്ക്കും പിന്നെ മധുരിക്കും." എന്ന ചൊല്ല് വിലപ്പെട്ടതാണ്.

## പ്രായോഗികം

നിയമങ്ങൾ അനുസരിക്കുന്നതിനുള്ള ഗുണദോഷങ്ങളെക്കുറിച്ചും അധികാരികളോട് വിധേയത്വം വേണ്ടതിനെക്കുറിച്ചും ക്ലാസ്സിൽ ചർച്ച ചെയ്യുക. നിങ്ങളുടെ താല്പര്യങ്ങൾക്ക് വിരുദ്ധമായി മാതാപിതാക്കളെ അനുസരിക്കേണ്ടിവന്നതിനെക്കുറിച്ചും അപ്പോൾ പ്രതീക്ഷിച്ചതിലും കൂടിയ നന്മ നിങ്ങൾക്കുണ്ടായതായതിനെക്കുറിച്ചുള്ള ഒരനുഭവം കൂട്ടുകാരുമായി പങ്കുവയ്ക്കുക. നിങ്ങളെക്കാൾ പ്രായം കൂടിയവർ അടുത്തേക്കുവരുമ്പോൾ എഴുന്നേറ്റു നിന്ന് ബഹുമാനവും ആദരവും പ്രകടിപ്പിക്കും എന്ന പ്രതിജ്ഞ ജീവിതത്തിൽ നടപ്പാക്കുക.

**ചാവറസൂക്തങ്ങൾ**

❖ വായനയിൽ ഇഷ്ടമുണ്ടായാൽ ഏകാന്തതയിൽ സന്തോഷമുണ്ടാകും.

❖ ലുബ്ധന്റെ വസ്തുക്കൾ പുഴു തിന്നും. ധാരാളിയുടെ സന്തോഷം പുക പോലെ കടന്നുപോകും.

❖❖❖

## അദ്ധ്യായം - 9

# ആരാണ് നേതാവ്

ഇന്നത്തെ കുട്ടികൾ നാളത്തെ നാടിന്റെ വാഗ്ദാനങ്ങളാണ്. അവർ പഠിച്ച് അറിവും കഴിവും നേതൃത്വവാസനയും ഉള്ളവരായിത്തീരുമ്പോൾ നാടിനും നാട്ടുകാർക്കും അഭിമാനപാത്രങ്ങളാകും. ഇന്ന് സ്വീകരിക്കുന്നവരായാലെ നാളെ കൊടുക്കുന്നവരാകാൻ പറ്റൂ. അറിവും അനുഭവവും ഇല്ലാത്തവർ കൊടുക്കാൻ ശ്രമിച്ചാൽ കുരുടൻ കുരുടനെ വഴി നടത്തുന്നതുപോലെയായിരിക്കും. അതുകൊണ്ട് പഠനകാലം അറിവുസമ്പാദിക്കാനും സ്വഭാവരൂപവൽക്കരണം പ്രാപിക്കാനുമുള്ള സമയമാണ്. ഭാവിയിൽ സമൂഹത്തിലെ പല മേഖലകളിലും അവസ്ഥകളിലും എത്തിച്ചേരേണ്ടവരാണ് നമ്മൾ, എന്ന ബോധ്യത്തോടെ വേണം ഇപ്പോൾ നമ്മുടെ സമയവും കഴിവുകളും ഉപയോഗിച്ച് നമ്മെത്തന്നെ രൂപപ്പെടുത്തുവാൻ. നാളെയെക്കുറിച്ച് നല്ല സ്വപ്നങ്ങൾ കാണുന്നവരാകണം നമ്മൾ എന്നല്ലേ നമ്മുടെ മുൻ രാഷ്ട്രപതി അബ്ദുൾകലാം പറഞ്ഞുതന്നിരിക്കുന്നത്. എങ്ങനെ എനിക്ക് നല്ല നേതാവായിത്തീരാം എന്ന സ്വപ്നം നമ്മിൽ പൂവണിയുവാൻ നമ്മൾ സമ്പാദിക്കേണ്ട ചില കാര്യങ്ങളെക്കുറിച്ച് ഇവിടെ പ്രതിപാദിക്കാം.

ഒരു നല്ല നേതാവായിത്തീരണമെങ്കിൽ ഉണ്ടായിരിക്കേണ്ട ഒന്നാമത്തെ ഗുണം അറിവുള്ളവരായിരിക്കണം എന്നതാണ്. നമ്മൾ ഇടപെടേണ്ടിവരുന്ന എല്ലാ സാഹചര്യങ്ങളെക്കുറിച്ചും സാമാന്യ അറിവ് നമുക്കുണ്ടാകണം. ഇതിന് രണ്ടു തലത്തിൽ അറിവ് സമ്പാദിക്കാൻ ശ്രമിക്കണം. ഒന്നാമതായി വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ. വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിന്നും ഗുരുമുഖത്തുനിന്നും വളരെകാര്യങ്ങൾ പഠിക്കാനുണ്ട്. അതുകൊണ്ട് പഠനകാലഘട്ടത്തിൽ ഇതിന് പരമപ്രാധാന്യം കൊടുത്തുകൊണ്ടുവേണം സമയം ചെലവഴിക്കാൻ. രണ്ടാമത് നമ്മുടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കണം. പുതിയ കാര്യങ്ങൾ കാണുകയോ കേൾക്കുകയോ ചെയ്യുമ്പോൾ അവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുവാൻ കഴിയണം. ഇതിന് വളരെ സഹായകമാണ് അറിവുതരുന്ന നല്ല പുസ്തകങ്ങളും മഹാന്മാരുടെ ജീവചരിത്രങ്ങളും. ലോകത്തിന്റെ നാനാഭാഗങ്ങളിൽ സംഭവിക്കുന്നതും പുതിയ അറിവു തരുന്ന കാര്യങ്ങളും ടി. വി.യിലൂടെ കാണു

ക. ഇങ്ങനെ കാണുന്നതും കേൾക്കുന്നതുമായ പല അറിവുകളും എന്നും ഓർമ്മയിൽ സൂക്ഷിക്കാൻ സഹായിക്കുക. ഇവയൊക്കെ വിഷയം തിരിച്ച് ബുക്കിൽ കുറിച്ചുവെയ്ക്കുക. "വിദ്യാധനം സർവ്വധനാൽ പ്രധാനം" എന്ന ചൊല്ലിന് ജീവിതത്തിൽ പ്രാധാന്യം കൊടുക്കുക.

നമ്മുടെ ജീവിതമാതൃകയായി കണ്ടെത്താൻ ശ്രമിക്കുന്ന ചാവറയച്ചന്റെ ജീവിതത്തിൽ അറിവു സമ്പാദിക്കുന്നതിനുള്ള അവസരം എങ്ങനെ ഉപകരിച്ചു എന്നു നോക്കാം. ഈ വിഷയം ഈ ബുക്കിൽ പലഭാഗങ്ങളിലായി വിശകലനം ചെയ്തിട്ടുണ്ട്. മലയാള ഭാഷ ഇന്നത്തെ രീതിയിൽ വികസിതമാകാതിരുന്ന ഒരുകാലത്ത്, 140 വർഷങ്ങൾക്ക് മുമ്പ് അദ്ദേഹം കുടുംബജീവിതക്കാർക്കുവേണ്ടി എഴുതിയ 'നല്ല അപ്പന്റെ ചാവരുൾ' എന്ന ലേഖനം മാത്രം പരിശോധിച്ചാൽ നമുക്ക് മനസ്സിലാകും, മാതാപിതാക്കൾക്കും മക്കൾക്കും അദ്ദേഹം കൊടുക്കുന്ന നിർദ്ദേശത്തിൽ സാമൂഹികവും, സാംസ്കാരികവും, വൈകാരികവും, ധാർമ്മികവും, മനഃശാസ്ത്രപരവുമായ വിഷയങ്ങളെ എപ്രകാരമാണ് വിശകലനം ചെയ്തിരിക്കുന്നത് എന്ന്. ജീവിതബന്ധിയായ എല്ലാ വിഷയങ്ങളും അദ്ദേഹം പഠിക്കയും അത് മറ്റുള്ളവർക്ക് പകർന്നുകൊടുക്കുകയും ചെയ്തു. അന്യഭാഷകളിൽ നിന്നും അറിവു സമ്പാദിക്കുവാൻ വേണ്ടി മലയാളം കൂടാതെ ആറുഭാഷകൾ അദ്ദേഹത്തിന് അറിയാമായിരുന്നു എന്നു പറയുമ്പോൾ അതും പഠനരംഗത്ത് ഇന്നുള്ള യാതൊരു സാധ്യതകളും ഇല്ലാതിരുന്ന കാലത്ത് ഇതെങ്ങനെ സാധിച്ചു എന്നത് നമുക്ക് അത്ഭുതകരമായി തോന്നും.

നല്ല നേതാവായിത്തീരുവാൻ ആവശ്യമായ മറ്റൊരു കഴിവാണ് മറ്റുള്ളവരുടെ കഴിവുകളെ ഉപകരിപ്പിച്ചുകൊണ്ട്, അവർക്കും നമ്മുടെ ജീവിതത്തിൽ പ്രാധാന്യം കൊടുത്തുകൊണ്ട് നേതൃത്വം എടുക്കുക എന്നത്. ഒരു നല്ല നേതാവിനാവശ്യമായിരിക്കുന്ന പ്രധാന ഗുണമാണ് മറ്റുള്ളവരുടെ സഹകരണം കിട്ടുന്നതിന് ഏറ്റവും എളുപ്പം അവരെ അംഗീകരിക്കുന്നതിലും, അവരുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിലൂടെയുമാണ്. ഇവിടെ തോമസ് ആൽവാ എഡിസന്റെ വാക്കുകൾ നമുക്കോർക്കാം. അദ്ദേഹത്തിന്റെ നിരവധി കണ്ടുപിടിത്തങ്ങളെയും കഴിവുകളെയും അനുമോദിച്ച് പറഞ്ഞപ്പോളുള്ള മറുപടി പലരിലൂടെ കിട്ടിയ അറിവുകൾ കൂട്ടിച്ചേർത്തപ്പോൾ ചിലതൊക്കെ പുതുതായി കണ്ടെത്താൻ കഴിഞ്ഞു എന്നായിരുന്നു. അതുകൊണ്ട് ഈ നേട്ടങ്ങളൊന്നും തന്റെ സ്വന്തമല്ല. അംഗീകാരമെല്ലാം എനിക്കിരിക്കട്ടെ എന്നല്ല അദ്ദേഹം ചിന്തിച്ചത്, അതിൽ മറ്റുള്ളവരെയും പങ്കുചേർക്കുകയാണ് ചെയ്തത്.

ചാവറയച്ചന്റെ ജീവിതത്തിൽ കാണാവുന്ന വലിയൊരു സവിശേഷതയാണ് താൻ നേതൃത്വമെടുത്ത നല്ല കാര്യങ്ങൾപോലും മറ്റുള്ളവരുടേതാക്കിത്തീർക്കുവാനുള്ള ശ്രമം. ഇതിനുള്ള നല്ലൊരുദാഹരണമാണ് കൂനമ്മാവിൽ സിസ്റ്റർമാർക്കുള്ള മഠം ആരംഭിക്കുവാൻ അദ്ദേഹം എടുത്ത ശ്രമങ്ങളെ അധികം വെളിപ്പെടുത്താതെ അതിന്റെ ഉത്തരവാദിത്വമെല്ലാം അന്നത്തെ മെത്രാനിലും മിഷനറിമാരിലും ആരോപിക്കുന്നത്. 1857-ൽ മഠത്തിനുവേണ്ടി ആലങ്ങാട്ടുകുന്നേൽ സ്ഥലം കണ്ടെത്തിയതുമുതൽ അതു വേണ്ടെന്നുവെച്ച് 1859-ൽ പുത്തൻപള്ളിയിൽ സ്ഥലം തീരുമാനിച്ചതിലും മഠത്തിനുവേണ്ടി അതിർമതിലുകൾ കെട്ടിക്കുന്ന കാര്യത്തിലും കെട്ടിടം പണിയുന്ന കാര്യത്തിലും എല്ലാം ചാവറയച്ചൻ എടുത്ത നേതൃത്വത്തെക്കുറിച്ച് ഒന്നും തന്നെ സൂചിപ്പിക്കാതെ ഇതെല്ലാം ബർണാർഡിൻ മെത്രാപ്പോലീത്തായുടെ പരിശ്രമഫലമാണ് എന്നാണദ്ദേഹം പറയുവാനാഗ്രഹിക്കുന്നത്. പിന്നീട് 1866-ൽ കൂനമ്മാവിൽ മഠം ആരംഭിക്കുവാൻ നടത്തിയ ശ്രമങ്ങളിലും തുടർന്ന് പുതിയമഠം ഉണ്ടാക്കുവാൻ പണം ശേഖരിച്ചതിലും പണികൾക്ക് നേതൃത്വമെടുത്തതിലുമെല്ലാം ലയോപ്പോൾദ് മിഷനറിയെ ആണ് ഒന്നാമനായി ചാവറയച്ചൻ മുന്നിൽ നിർത്തുന്നത്. എന്നാൽ സമകാലികർ വിശദീകരിക്കുമ്പോഴും ലയോപ്പോൾദ് അച്ചൻ പറയുമ്പോഴും ചാവറയച്ചന് പ്രഥമസ്ഥാനം കൊടുക്കാൻ മടിക്കുന്നില്ല എന്ന വസ്തുതയും സത്യത്തിന്റെ മറുവശമാണ്.

ഇതുപോലെ ചാവറയച്ചനിൽ നിന്നും പഠിക്കേണ്ട മറ്റൊരു സവിശേഷതയാണ് അദ്ദേഹത്തോട് ചെറിയ കാര്യങ്ങളിൽ സഹകരിച്ചവരുടെ പോലും പേരുകൾ ഓർത്തിരിക്കുക, അവരെ നന്ദിയോടെ അനുസ്മരിക്കുക, അതേറ്റു പറയുക എന്നത്. ആശ്രമം തുടങ്ങുവാനുള്ള സ്ഥലം അന്വേഷിച്ചപ്പോഴും സ്ഥലം കണ്ടെത്തിയപ്പോഴും അതു വാങ്ങുവാനുള്ള അനുവാദത്തിനുവേണ്ടി ശ്രമിച്ചപ്പോഴും വാങ്ങിയ സ്ഥലം വെട്ടിത്തെളിക്കുവാനും പിന്നീട് ആശ്രമം പണിയിലും തുടർന്നും എന്തെങ്കിലും സഹായം ചെയ്തിട്ടുള്ളവരുടെയൊക്കെ പേരുകൾ ചാവറയച്ചൻ എഴുതിയ നാളാഗമത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇങ്ങനെ ഇട്ടനെന്നും തരകനെന്നും കൊച്ചുപോത്തൻ എന്നും കുര്യൻ എന്നും ഒശനാരുമേത്തരെന്നും തുടങ്ങി നിരവധി ആളുകളുടെ സേവനങ്ങളെ എടുത്തു പറയുന്നുണ്ട്.

മറ്റുള്ളവരിലെ നന്മയെ കണ്ടെത്തുക, അത് നന്ദിപൂർവ്വം അനുസ്മരിക്കുക, അത് ആരുടെ മുമ്പിലും എടുത്തുപറയാൻ തയ്യാറാകുക എന്നത് മനുഷ്യബന്ധങ്ങളെ ആഴപ്പെടുത്തുവാൻ വളരെ സഹായിക്കും. ചാവറയ

ച്ചൻ നേതൃത്വമെടുത്ത എന്തു കാര്യത്തിലും അദ്ദേഹത്തെ സഹായിക്കുവാൻ ധാരാളം ആളുകൾ ഉണ്ടായിരുന്നു. മറ്റുള്ളവരെ അംഗീകരിക്കുന്ന സ്വഭാവം അദ്ദേഹത്തിലുണ്ടായിരുന്നതുകൊണ്ട് ചാവറയച്ചൻ എടുക്കുന്ന തീരുമാനങ്ങളിൽ എതിർപ്പില്ലാതെ സഹകരിക്കുവാൻ എല്ലാവർക്കും താല്പര്യമായിരുന്നു. ചാവറയച്ചൻ എന്ന വ്യക്തിയുടെ പ്രത്യേകതകൊണ്ടായിരിക്കണം അദ്ദേഹത്തിന്റെ മരണവാർത്തയറിഞ്ഞപ്പോൾ കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്ന് ജനങ്ങൾ കൂനമ്മാവിൽ തിങ്ങിക്കൂടിയത്. അന്നുവരെ നടത്തിയിട്ടില്ലാത്തവിധം വമ്പിച്ച ജനാവലിയുടെ സാന്നിദ്ധ്യത്തിലായിരുന്നു ചാവറയച്ചന്റെ മൃതസംസ്കാരം നടത്തിയത് എന്ന് സാക്ഷികൾ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്ന് അദ്ദേഹം ജനഹൃദയങ്ങളിൽ എത്ര പ്രിയങ്കരനായിരുന്നു എന്ന് തെളിയുന്നു.

ഒരു നേതാവിന്റെ ഏറ്റവും വലിയ ഗുണവിശേഷങ്ങളിലൊന്ന് സത്യസന്ധതയാണ്. താൻ പറയുന്ന വാക്കുകളിലുള്ള സത്യസന്ധത, ഏറ്റെടുക്കുന്ന പ്രവൃത്തികളിലുള്ള സത്യസന്ധത, മറ്റുള്ളവർക്ക് കൊടുക്കുന്ന വാഗ്ദാനങ്ങളിലുള്ള വിശ്വസ്തതയും സത്യസന്ധതയും എന്നിങ്ങനെ സത്യസന്ധതയുടെ ഭാവങ്ങൾ പലതാണ്. പറയുന്നതും പ്രവർത്തിക്കുന്നതും തമ്മിൽ പൊരുത്തപ്പെടുന്നില്ലെങ്കിൽ ജനങ്ങൾ ഇങ്ങനെയുള്ളവരെ വേഗം തിരിച്ചറിയും. മോഹനവാഗ്ദാനങ്ങൾ നൽകുകയും അതിനനുസരിച്ച് സഹകരിക്കുകയും ചെയ്യുന്നില്ലെങ്കിൽ അങ്ങനെയുള്ളവർ വേഗം സമൂഹത്തിൽ നിന്നും പുറത്താക്കപ്പെടും. ഇവരുടെ വാക്കുകൾ പിന്നീട് വനരോദനം പോലെയായിത്തീരും.

ചാവറയച്ചന്റെ സത്യസന്ധതയുടെ മാഹാത്മ്യത്തെ തെളിയിക്കുന്നതാണ് അദ്ദേഹം നാളാഗമത്തിൽ എഴുതിയിരിക്കുന്ന വാചകം. ചാവറയച്ചൻ തന്റെ ഗുരുഭൂതൻ കൂടിയായിരുന്ന പാലയ്ക്കൽ തോമ്മാമല്പാന്റെ ജീവചരിത്രം എഴുതി തുടങ്ങിയപ്പോൾ ഇങ്ങനെ എഴുതി. ഈ എഴുതുവാൻ പോകുന്ന സംഗതികൾ ഒക്കെയും കണ്ണുകൊണ്ട് കണ്ടതായിട്ടുള്ളതും വിശ്വാസമുള്ളവരിൽ നിന്ന് കേട്ടതായിട്ടും ഇദ്ദേഹത്തിന്റെ നാവാൽ ത്തന്നെ പറഞ്ഞുകേട്ടിട്ടുള്ളവയും ആകുന്നു.

സമൂഹത്തിന്റെ ഐക്യത്തിനും, പൊതുനന്മയ്ക്കും എതിരായിത്തീർന്ന കുടക്കച്ചിറ അന്തോനി എന്ന ആളെക്കുറിച്ച് ചില കാര്യങ്ങൾ കുറിക്കേണ്ടി വന്നപ്പോൾ സത്യവിരുദ്ധമായി തന്റെ മാനുഷിക വൈകല്യത്താൽ ഒരു വാക്കുപോലും തന്നിൽ നിന്ന് പുറപ്പെടരുതേ എന്നദ്ദേഹം പ്രാർത്ഥിക്കുന്നു. 'ആകയാൽ എന്റെ മനുഷ്യബലക്ഷയത്താൽ ഇട

ത്തോട്ടോ വലത്തോട്ടോ ചാഞ്ഞ് അതിലൂടെ എന്നിൽ ഒരു കുറ്റം സംഭവിക്കാതിരിക്കാൻ എന്നെ കാത്തുകൊള്ളണം' എന്ന് കാവൽ മാലാഖയോട് അപേക്ഷിച്ചുകൊണ്ട് ചുരുക്കമായി അറിയിക്കുന്നു.

ഒരിക്കൽ കളപ്പുരക്കൽ മാത്തൻ എന്നൊരാൾ ചാവറയച്ചനെതിരായി കള്ളക്കേസു കൊടുത്തതിനേക്കുറിച്ചും ആലപ്പുഴ കോടതിയിൽ കേസു വിസ്താരത്തിനുപോകേണ്ടി വന്നതിനെക്കുറിച്ചും ഇതിന് മുമ്പ് സൂചിപ്പിച്ചിട്ടുണ്ടല്ലോ. കോടതിയിൽ ജഡ്ജിയുടെ മുമ്പിൽ സത്യസന്ധമായി മാത്രം പെരുമാറിയ ചാവറയച്ചനെക്കുറിച്ച് അദ്ദേഹത്തിന് വലിയ മതിപ്പുണ്ടായി എന്നുമാത്രമല്ല കേസ്സുവിധിച്ചതിനുശേഷം മറ്റുള്ളവരെ പറഞ്ഞയച്ചതിനുശേഷം ചാവറയച്ചനെ തന്റെയടുത്ത് വിളിച്ചിരുത്തി പല മണിക്കൂറുകൾ ജഡ്ജി ഭവ്യതയോടും ആദരവോടും ആത്മീയ സംഭാഷണത്തിൽ ഏർപ്പെട്ടു. വീണ്ടും കാണുവാൻ ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ടാണ് അദ്ദേഹം ചാവറയച്ചനെ പറഞ്ഞയച്ചത്. സത്യസന്ധതയും വിനയവും മനുഷ്യഹൃദയങ്ങളിൽ വരുത്തുന്ന മാറ്റങ്ങൾ വലുതും അത്ഭുതാവഹവുമാണ്.

നമ്മുടെ ജീവിതത്തിലുണ്ടാകുന്ന പരാജയങ്ങൾ ഒരിക്കലും നമ്മെ നിരാശരാക്കുകയോ, നിഷ്ക്രിയരാക്കുകയോ ചെയ്തിട്ടുകാര്യമില്ല. ഒന്നാമതായി നമ്മൾ മനസ്സിലാക്കേണ്ട സത്യമാണ്, പരാജയങ്ങൾ മനുഷ്യസഹജമാണ് എന്ന കാര്യം. ജീവിതത്തിലുണ്ടാകുന്ന പരാജയങ്ങളിൽ അതീവദു:ഖിതരും നിരാശരും ആകുക എന്നാൽ മനുഷ്യരിൽ നിന്നും അതീതരായ വ്യക്തികളായി നമ്മെക്കാണുന്നു, തെറ്റുകളും പരാജയങ്ങളും മനുഷ്യർക്ക് ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്തവിധം നമ്മെ ഉന്നതരായി കാണുന്നു എന്നാണർത്ഥം.

പരാജയങ്ങൾ നമ്മെ രണ്ടു കാര്യങ്ങൾ പഠിപ്പിക്കുന്നു. ഒന്നാമതായി നമ്മിൽ മാത്രം ആശ്രയിക്കാതിരിക്കുവാൻ സഹായിക്കുന്നു. എനിക്കൊരിക്കലും പരാജയഭീതി ഇല്ലെങ്കിൽ ഞാനാർക്കും വിധേയനാകേണ്ട ആവശ്യമില്ല. വിധേയത്വം ഇല്ലെങ്കിൽ സമൂഹജീവിതം കൂടുതൽ ദുഷ്കരമാക്കുന്ന മനുഷ്യരായി നമ്മൾ മാറും. രണ്ടാമതായി പരാജയങ്ങൾ നമ്മെ കൂടുതൽ പരിശ്രമശാലികളാക്കുന്നു. ഈ കാര്യത്തിൽ വിജയിക്കണം എന്ന ആത്മധൈര്യം വളർത്തിയെടുത്തില്ലെങ്കിൽ ജീവിതത്തിലെ പ്രതിസന്ധികളെ തരണം ചെയ്യാൻ നമ്മൾ പ്രാപ്തരല്ലാതായിത്തീരും. റോബർട്ട് ബ്രൂസ് ചിലന്തിവലയിൽ നിന്നു പഠിച്ച പാഠം നമുക്കും പ്രചോദനമായിത്തീരുന്നു. പരിശ്രമശാലികളേ ജീവിതത്തിൽ വിജയികളാകൂ.

ഈ കാര്യങ്ങളൊക്കെ നമ്മൾ വേണ്ടവണ്ണം മനസ്സിലാക്കിയാൽ ജീവിതത്തിലെ ചെറിയ പരാജയങ്ങളിലും, പരീക്ഷയിൽ ഒരിക്കൽ മാർക്കു കുറഞ്ഞുപോയതിന്റെ പേരിലും, മറ്റുള്ളവരുടെ മുമ്പിൽ അല്പം എളിമപ്പെടേണ്ടി വന്നതിന്റെ പേരിലുമൊക്കെ ആരും ആത്മഹത്യ ചെയ്യുവാൻ തുനിയുകയില്ല. പരാജയങ്ങളിലും കുറവുകളിലും കൂടുതൽ ദൈവത്തിൽ ആശ്രയിച്ചാൽ അവിടുത്തെ വെളിച്ചത്തിനായി പ്രാർത്ഥിച്ചാൽ തീർച്ചയായും മനഃശാന്തിയും ആത്മധൈര്യവും കിട്ടും. താൻ പാതി, ദൈവം പാതി എന്നു കേട്ടിട്ടില്ലേ. ദൈവസഹായം തേടുകയും ഒപ്പം നമ്മുടെ പരിശ്രമവും ഉണ്ടെങ്കിൽ എത്ര വലിയ പ്രശ്നങ്ങളെയും പരിഹരിക്കാമെന്ന് ലോകത്തിൽ ധാരാളം വ്യക്തികൾ തെളിയിച്ചിട്ടുണ്ട്.

പരാജയങ്ങളെ അതിജീവിച്ച വിജയത്തിന്റെ കഥകളാണ് ചാവറയച്ചന്റെ ജീവിതത്തിൽ കണ്ടെത്തുക. ഒരു ലക്ഷ്യം, അതു സഹജീവികളായ മനുഷ്യർക്ക് ഉപകാരപ്രദമെന്നു തോന്നുന്ന കാര്യം, തന്റെ മുമ്പിൽ തെളിഞ്ഞാൽ ചാവറയച്ചൻ ഒരിക്കലും പിന്നോട്ടു പിന്മാറില്ലായിരുന്നു. ഇതിനുള്ള നല്ല ഉദാഹരണമായിരുന്നു പ്രസ്സുണ്ടാക്കുന്നതെങ്ങനെ എന്നദ്ദേഹം കണ്ടെത്തിയത്. ഇതിനുവേണ്ടി അദ്ദേഹം പലപ്രാവശ്യം കോട്ടയത്തുണ്ടായിരുന്ന ഒരു പ്രസ്സു കാണുവാൻ ശ്രമിച്ചെങ്കിലും അതിന്റെ ഉടമസ്ഥർ അനുവദിച്ചില്ല. അദ്ദേഹത്തിന്റെ നിശ്ചയദാർഢ്യം ചാവറയച്ചനെ പിന്തിരിപ്പിച്ചില്ല. മറ്റുള്ളവരുടെ സഹായത്തോടെ അദ്ദേഹം തിരുവനന്തപുരത്തെ സർക്കാർ പ്രസ്സുപോയി കണ്ടു. അതിന്റെ മോഡൽ വാഴപ്പിണ്ടിയിൽ ഉണ്ടാക്കിയാണ് അദ്ദേഹം മരപ്രസ്സുണ്ടാക്കിയത്. തുടർന്ന് സർക്കാർ അനുവാദത്തിനും മഷിയും കടലാസും സമ്പാദിക്കുന്നതിനും അദ്ദേഹം നടത്തിയ ശ്രമങ്ങളെക്കുറിച്ച് ഇതിനുമുമ്പ് വിവരിച്ചിട്ടുണ്ടല്ലോ. ഉദ്ദേശിക്കുന്ന കാര്യങ്ങൾ നടന്നു കിട്ടാൻ താമസിക്കുംതോറും അദ്ദേഹം ദൈവത്തിൽ കൂടുതൽ ആശ്രയിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു. അവസാനഫലം എപ്പോഴും ചാവറയച്ചനനുകൂലമായിരുന്നു. പരാജയങ്ങളിൽ ഭീതിയോടെ പിന്മാറുന്നവന് ഒരിക്കലും നല്ല നേതാവാകാൻ സാധിക്കയില്ല.

## ഗുണപാഠം

അറിവില്ലാത്തവന് ആരെയും നേരായ പാതയിലൂടെ നയിക്കാൻ കഴിയില്ല. അതുകൊണ്ട് പഠനം എന്നുള്ളത് സമൂഹജീവിതത്തിലെ അടിസ്ഥാനഘടകമാണ്. മറ്റുള്ളവരുടെ കഴിവുകളിലും, നന്മയിലും അസൂയാലുക്കളായ ആളുകൾക്ക് നല്ല നേതാവാകാൻ സാധ്യമല്ല. നേതാവാകുക

എന്നാൽ മറ്റുള്ളവരെ വളരാൻ സഹായിക്കുന്നവൻ എന്നും കൂടിയാണ്. മറ്റുള്ളവരെ സഹപ്രവർത്തകരായി കാണുവാനും, അവരുടെ കഴിവുകൾ സ്വരൂപിച്ച് ടീമായി പ്രവർത്തിച്ചു മുന്നേറുവാനും സാധിക്കുന്നവനേ ആധുനികലോകത്തിൽ പ്രത്യേകിച്ചും മത്സരം നിറഞ്ഞ ലോകത്തിൽ വിജയിക്കാനാകൂ. ദൈവാശ്രയബോധവും പരിശ്രമശീലവുമാണ് നമ്മെ ഉന്നത നിലവാരങ്ങളിലേക്കെത്തിക്കുന്ന പ്രധാന ഘടകം.

## പ്രായോഗികം

സ്വഭാവരൂപവല്ക്കരണത്തിനും നേതൃത്വവാസനവളർത്തി എടുക്കുന്നതിനും ആവശ്യമായ അടിസ്ഥാന ഗുണങ്ങൾ എന്തെല്ലാമെന്ന് ക്ലാസ്സിൽ ചർച്ച ചെയ്യുക. ആത്മീയരംഗത്തും സാമൂഹ്യരംഗത്തും രാഷ്ട്രീയരംഗത്തും നല്ല നേതൃത്വം തന്നിട്ടുള്ള ചില വ്യക്തികളുടെ ജീവചരിത്രം അദ്ധ്യാപകരുടെ സഹായത്തോടെ കണ്ടെത്തുക. ഇവ വായിച്ച് അവരിൽ കണ്ടെത്തിയ നേതൃത്വഗുണങ്ങളെ പിന്നീട് ക്ലാസ്സിൽ ചുരുങ്ങിയ സമയം കൊണ്ട് പലർ അവതരിപ്പിക്കുക.

**ചാവറസൂക്തങ്ങൾ**

❖ ഹൃദയത്തിലെ സത്യത്തെ നാവിനാൽ വഞ്ചിക്കരുത്.

❖ സർവ്വേശ്വരൻ സൂക്ഷത്തിനായി നിങ്ങളുടെ കൈയ്യിൽ ഏല്പിച്ചിട്ടുള്ള നിക്ഷേപമാകുന്നു നിങ്ങളുടെ മക്കൾ.

✲✲✲

# അദ്ധ്യായം - 10

# മതസൗഹാർദ്ദവും മതസഹിഷ്ണുതയും ഭാരതീയന്റെ പൈതൃകം

**കേ**രളം മതങ്ങളുടെ ഈറ്റില്ലമാണ്. ഇവിടുത്തെ ജനസംഖ്യയിൽ ഏറ്റം കൂടിയ വിഭാഗം ഹിന്ദുമതസ്ഥരാണ്. ഇവർ പലദൈവങ്ങളിൽ വിശ്വസിക്കുന്നവരും പല ജാതികളും വർണ്ണവ്യത്യാസം ഉള്ളവരും വ്യത്യസ്തമായ ആചാരങ്ങളും മതാനുഷ്ഠാനങ്ങളും ഉള്ളവരുമാണ്.

ബി.സി. മൂന്നാം നൂറ്റാണ്ടുമുതലെങ്കിലും കേരളത്തിൽ ബുദ്ധമതവും ജൈനമതവും പ്രചരിച്ചിരുന്നു. ഇവിടുത്തെ അമ്പലത്തിന്റെയും മോസ്കുകളുടെയും വാസ്തു ശില്പത്തിൽ ജൈനമതത്തിന്റെ അവതരണരീതികൾ പ്രകടമായിരുന്നു. അമ്പലങ്ങളിൽ ഉപയോഗിക്കുന്ന വിഗ്രഹങ്ങളിലും നടത്തുന്ന ഉത്സവങ്ങളിലും പ്രദക്ഷിണങ്ങളിലും ബുദ്ധമതത്തിന്റെ അവതരണരീതികൾ കാണാൻ കഴിയും. ആശ്രമങ്ങളുടെയും അതിനോടനുബന്ധിച്ചുള്ള വിദ്യാഭ്യാസ കേന്ദ്രങ്ങളുടെയും തുടക്കവും ബുദ്ധമതത്തിന്റെ പിൻതുടർച്ചയാണെന്നു പറയാം. എട്ടാം നൂറ്റാണ്ടു മുതൽ ബുദ്ധമതത്തിന്റെയും ജൈനമതത്തിന്റെയും ശക്തി കേരളത്തിൽ ക്ഷയിച്ചു തുടങ്ങി.

ക്രിസ്തുവർഷം ആരംഭിക്കുന്നതിനുമുമ്പുതന്നെ കേരളത്തിൽ യൂദന്മാരുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. ബാബിലോണിയൻ അടിമത്തത്തിന്റെ കാലത്ത് ചിതറിക്കപ്പെട്ട് യൂദന്മാരുടെ തുടർച്ചയാണ് കേരളത്തിലുണ്ടായിരുന്നത്. ഇവർ കേരളത്തിലെ നാട്ടുകാരോട് ഇടപഴകിയപ്പോൾ യൂദന്മാരുടെ ഒരു സങ്കരവർഗ്ഗവും ഇവിടെയുണ്ടായി. 1949 ൽ പുതിയ ഇസ്രായേൽ രാജ്യം ഉടലെടുത്തപ്പോൾ യൂദരിൽ 85% വും ഇസ്രായേലിലേക്ക് മടങ്ങിപ്പോയി.

7-ാം നൂറ്റാണ്ടുമുതൽ അറബിക്കച്ചവടക്കാരുടെ വരവോടെ കേരളത്തിൽ ഇസ്ലാം മതവിശ്വാസികളും ഉണ്ടായി. പിന്നീട് 18-ാം നൂറ്റാണ്ടിലെ മൈസൂറിൽനിന്നുള്ള ഹൈദരലിയുടെയും ടിപ്പു സുൽത്താന്റെയും കേരളത്തിലൂടെയുള്ള പടയോട്ടത്തിന്റെ ഫലമായി ഹിന്ദുമതത്തിൽ നിന്നും ക്രിസ്തുമതത്തിൽ നിന്നും നിർബ്ബന്ധപൂർവ്വം ഇസ്ലാം മതത്തിൽ ചേരേ

ങ്ങിവന്നവരുടെ പരമ്പരയാണ് മറ്റൊരുകൂട്ടർ. കേരളത്തിലുള്ള ഇസ്ലാം മതാനുയായികളിൽ അധികപങ്കും മലബാർ പ്രദേശത്താണ്.

എ.ഡി. 52-ൽ ക്രിസ്തുവിന്റെ 12 ശിഷ്യരിലൊരുവനായ തോമ്മാ ശ്ലീഹാ കേരളത്തിൽ വന്നു സുവിശേഷം അറിയിച്ചു എന്നും അന്നുമുതൽ ക്രിസ്ത്യാനികൾ കേരളത്തിൽ ജീവിക്കുന്നു എന്നതും അഭിപ്രായ ഭിന്നതയില്ലാതെ അംഗീകരിക്കപ്പെട്ടതും ആദ്യനൂറ്റാണ്ടുകൾ മുതലുള്ള ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുള്ളതുമായ വസ്തുതയാണ്. കേരളസംസ്കാരവുമായി വാസ്തു ശില്പത്തിലും ആചാരാനുഷ്ഠാനങ്ങളിലും, സാമൂഹികജീവിതത്തിലും അലിഞ്ഞുചേർന്നിട്ടുള്ള ഒരുസമൂഹമാണ് കേരള ക്രൈസ്തവരുടേത്. മതമർദ്ദനങ്ങളോ, നിർബ്ബന്ധിതമതപരിവർത്തനമോ കൂടാതെ സ്വന്തം വിശ്വാസത്തിന്റെ ബോദ്ധ്യത്തിൽ നിന്നു വളർന്നുവന്ന സഭയാണ് കേരള ക്രിസ്തീയസഭ. ഇതു കൊണ്ടാണ് സുപ്രസിദ്ധ സഭാചരിത്രകാരനായ പ്ലാസിഡ് പൊടിപാറ സി.എം.ഐ. പറഞ്ഞത്. 'കേരളസഭ സംസ്കാരത്തിൽ ഭാരതീയവും ആചാരനുഷ്ഠാനങ്ങളിൽ പൗരസ്ത്യവും വിശ്വാസത്തിൽ ക്രൈസ്തവവും എന്ന്.'

മുകളിൽ നൽകിയ വിശദീകരണങ്ങളിൽ നിന്ന് സ്പഷ്ടമാണ് കേരളത്തിലുള്ള മതങ്ങളെല്ലാം പാരമ്പര്യം കൊണ്ട് ആയിരമായിരം വർഷങ്ങൾ പഴക്കമുള്ളതാണ് എന്നത്. അതുപോലെ മതങ്ങളെല്ലാം അതിന്റേതായ വിശ്വാസങ്ങളിൽ ഉറച്ചു നിൽക്കുകയും സാംസ്കാരിക, സാമൂഹ്യാനുരൂപണത്തിലും, വാസ്തു ശില്പത്തിൽപോലും പരസ്പരം മറ്റുള്ളവരുടേത് സ്വീകരിച്ചും ഈ കാര്യത്തിൽ എതിർപ്പില്ലാതെയും വളർന്നു വന്നു. സാഹോദര്യത്തിൽ കഴിഞ്ഞിരുന്ന മതങ്ങളാണ് കേരളത്തിലേത്. ഉദാഹരണമായി ഇന്നു ക്രിസ്തീയ സമൂഹത്തിൽ വിവാഹസമയത്തുള്ള താലികെട്ടും മന്ത്രകോടി അണിയിക്കലുമെല്ലാം ഹൈന്ദവാചാരങ്ങളിൽ നിന്നെടുത്തിട്ടുള്ളതാണ്. താലി ആലിലയുടെ രൂപത്തിലുള്ളതാണെങ്കിലും അതിനോട് കുരിശ്കൂടിചേർന്നപ്പോൾ ക്രിസ്തീയവിശ്വസത്തിനനുസൃതമായി എന്നുമാത്രം. ഒരുകാലത്ത് അമ്പലങ്ങളോടു വളരെ സാദൃശ്യമുള്ളതായിരുന്നു ക്രിസ്തീയ ദേവാലയങ്ങൾ. അമ്പലങ്ങളിലെ എഴുന്നള്ളത്തും ദേവാലയങ്ങളിലെ പ്രദക്ഷിണവും അതിനോടു ചേർന്നുള്ള മുത്തുക്കുടകളും വാദ്യഘോഷങ്ങളും ഹൈന്ദവാചാരങ്ങളിൽ നിന്നും ക്രിസ്തീയാചാരങ്ങളിൽ നിന്നും അങ്ങോട്ടുമിങ്ങോട്ടും കടമെടുത്തിട്ടുള്ള സാംസ്ക്കാരികാനുരൂപങ്ങളാണ്. ഇതിലൊന്നും ആരുമാരും കുത്തകാവകാശം ഏറ്റെടുക്കാറില്ല, കാരണം ഇവയൊന്നും ആരുടെയും സ്വന്ത

മെന്നവകാശപ്പെടാൻ സാധിക്കാത്ത വിധം കാലത്തിന്റെ സാംസ്ക്കാരിക ഒഴുക്കിൽപ്പെട്ടു കൈമാറിവന്നിട്ടുള്ളതാണ്. ഈ മനോഭാവം ജനങ്ങളിലുണ്ടായിരുന്നതു കൊണ്ട് എതിർപ്പിന്റെ സ്വരം എവിടെയുമില്ലായിരുന്നു.

അതുപോലെ മതങ്ങൾ തമ്മിൽ ബാഹ്യമായ പലമതാനുഷ്ഠാനങ്ങളിലും അമ്പലവും, ദേവാലയവും മോസ്ക്കുമൊക്കെ എല്ലാവരുടേയും ആരാധനാസ്ഥലങ്ങളായികാണുവാനുള്ള വിശാലമനസ്സ് കേരളീയന്റെ സ്വന്തമായിരുന്നു. ഉദാഹരണമായി വ്രതവും നോയമ്പും എടുത്ത് ശബരിമലയ്ക്കുപോകുന്ന അയ്യപ്പഭക്തരിൽ അധികംപേരും വെളുത്തച്ചൻ എന്നറിയപ്പെടുന്ന അർത്തുങ്കൽ പള്ളിയിലെ വിശുദ്ധ സെബസ്ത്യാനോസിന്റെയടുത്ത് ചെന്നിട്ടാണ് ശബരിമലക്കു തിരിക്കുന്നത്. പോകും വഴി എരുമേലിയിൽ ഉള്ള വാവരുടെ മുസ്ലീംപള്ളിയുടെ മുമ്പിൽ തുള്ളൽ നടത്തിയതിനുശേഷമാണ് പമ്പാനദി കടന്ന് ശബരിമലയിലേക്ക് പോകുന്നത്.

പഴയ നാട്ടുരാജാക്കന്മാർ പലരും ദേവാലയങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി സ്ഥലവും മറ്റുസഹായങ്ങളും ചെയ്തിരുന്നു. കാഞ്ഞൂർ പള്ളിയിൽ ഉള്ള ആനവിളക്ക് ശക്തൻ തമ്പുരാൻ സമ്മാനിച്ചതാണ്. ഈ വിളക്കിൽ ഒഴിക്കുവാനുള്ള എണ്ണയ്ക്കുള്ള വരുമാനത്തിനായി 100 പറ നിലം പള്ളിക്ക് നൽകുകയും ചെയ്തു. എല്ലാവർഷവും ജനുവരി 20,21 തീയതികളിൽ നടക്കുന്ന വലിയ തിരുന്നാൾ ദിനങ്ങളിൽ തിരുസ്വരൂപം എഴുന്നള്ളിക്കുമ്പോൾ ഇന്നും രൂപത്തിനിരുവശങ്ങളും പിടിക്കുന്ന കുത്തുവിളക്ക് കൊട്ടാര അമ്പലത്തിൽ നിന്നയയ്ക്കപ്പെടുന്ന സ്ത്രീകളാണ് പിടിക്കുന്നത്. വയനാട്ടിലെ മരിയൻ തീർത്ഥാടനകേന്ദ്രമായ പള്ളിക്കുന്നു പള്ളിയിലെ തിരുനാൾ ആ നാട്ടിലെ ഹൈന്ദവരായ പ്രത്യേകിച്ചും ആദിവാസികളുടെ ഉത്സവവും കൂടിയാണ്. ദേവാലയങ്ങൾ പണിയേണ്ടിവരുമ്പോഴും അമ്പലങ്ങളും മോസ്ക്കുകളും പണിയേണ്ടിവരുമ്പോഴും നാനാജാതി മതസ്ഥരും അങ്ങോട്ടും ഇങ്ങോട്ടും സഹായിക്കുക നമ്മുടെ നാടിന്റെ പ്രത്യേകതയായിരുന്നു. ഇങ്ങനെ വിലയിരുത്തുമ്പോൾ നൂറ്റാണ്ടുകളായി മതസൗഹാർദ്ദത്തിന്റെ കേളീരംഗമായിരുന്നു കേരളം എന്ന് സ്പഷ്ടമാകുന്നു.

ഇനിയും ചാവറയച്ചന്റെ ജീവിതത്തിലേക്കൊന്നു തിരിഞ്ഞു നോക്കുമ്പോൾ നാനാജാതി മതസ്ഥരുടെയും ഇഷ്ടതാരമായിരുന്നു അദ്ദേഹം എന്നുകാണാം. ഇതിനു കാരണം മറ്റൊന്നുമായിരുന്നില്ല. എല്ലാ മതസ്ഥരോടുമുള്ള അദ്ദേഹത്തിന്റെ തുറന്ന സമീപനരീതികളായിരുന്നു. തുട

ങ്ങുവാൻ പോകുന്ന സന്യാസ സഭയ്ക്ക് സ്ഥാപനമുണ്ടാക്കുവാൻ ചാവ റയച്ചനും ടീമംഗങ്ങളും സ്ഥലമന്വേഷണം തുടങ്ങി. ഒന്നരവർഷത്തോളം നീണ്ടുനിന്ന അന്വേഷണങ്ങൾക്കു ശേഷം അവരുടെ മനസ്സിനിണങ്ങിയ ഒരു സ്ഥലം അതിരമ്പുഴക്കടുത്തുള്ള പുല്ലരിക്കുന്നിൽ കണ്ടെത്തി. അതു വാങ്ങുവാനുള്ള സർക്കാർ നടപടികളും ആരംഭിച്ചു. അതിനുശേഷമാണ് പുല്ലരിക്കുന്നുപുറം കുമാരനല്ലൂർ ഭഗവതിയുടെ സങ്കേതമാകുന്നു എന്നും അവിടെ ദേവാലയം വെയ്ക്കുന്നതിന് അവിടുത്തുകാർക്ക് താല്പര്യമി ല്ലെന്നും മനസ്സിലായത്. അച്ചന്മാർക്ക് ഇഷ്ടപ്പെട്ട സ്ഥലമായതുകൊണ്ട് അതു വാങ്ങുവാൻ പലവിധ സഹായങ്ങളുമായി പലരും മുന്നോട്ടുവന്നു. അവരെ നിരുത്സാഹപ്പെടുത്തികൊണ്ട് ചാവറയച്ചനും കൂട്ടരും കൊടുത്ത മറുപടി ഞങ്ങൾക്ക് വഴക്കുണ്ടാക്കുവാൻ മനസ്സില്ലെന്നും സ്ഥലം മറ്റെവി ടെയായാലും വേണ്ടില്ല എന്നുമായിരുന്നു. മതസൗഹാർദ്ദത്തിന് തടസ്സ മായതെന്തും മനുഷ്യ സാഹോദര്യത്തിനു ചേർന്നതല്ല എന്നതുതന്നെ ആയിരുന്നു ചാവറയച്ചന്റെ വീക്ഷണം.

പിന്നീടു മാന്നാനത്ത് സ്ഥലം കണ്ടെത്തി പണികൾ ആരംഭിച്ചപ്പോൾ അച്ചന്മാരെ സഹായിക്കുവാൻ നാനാജാതി മതസ്ഥരും മുന്നോട്ടു വന്നി രുന്നു. സ്ഥലമന്വേഷണത്തിന്റെ ആരംഭം മുതൽ ഹിന്ദുവായ ഇട്ടൻ എപ്പോഴും തന്നെ ഇവരുടെ കൂട്ടത്തിലുണ്ടായിരുന്നു. മാന്നാനം കുന്നിൽ പള്ളിയ്ക്കും ആശ്രമത്തിനും വേണ്ടി കാടുവെട്ടിതെളിച്ചു തുടങ്ങിയപ്പോൾ ഏറ്റുമാനൂരെ വലിയൊരു കച്ചവടക്കാരൻ ഒജനാരുമേത്ത എല്ലാപണി കൾക്കും മുൻപന്തിയിലുണ്ടായിരുന്നു എന്നുമാത്രമല്ല ഒരുദിവസം ദളിത രായ പണിയാളുകളെ അയച്ച് തന്റെ സ്വന്തംചിലവിൽ കാടുവെട്ടിതെളി യ്ക്കുവാൻ സഹായിക്കുകയും ചെയ്തു. പൊവെനി, തറെൻ, മലെൻ എന്നിങ്ങനെ അന്യമതസ്ഥരായ പലരും പണികളിൽ ഔദാര്യപൂർവ്വം സഹായിച്ചിരുന്നു.

മാന്നാനത്ത് സ്ഥലം കണ്ടെത്തുന്നതിനും മറ്റും വളരെയധികം സഹായിച്ച കുടമാളൂർ തെക്കേടത്ത് കോരപ്പണിക്കരുടെ മകൻ ഇട്ടിച്ചെ റിയ എന്നയാളെ ചാവറയച്ചൻ പ്രത്യേകം സ്മരിക്കുന്നുണ്ട്. ഇതുപോലെ മാന്നാനം കുന്നിന്റെ താഴെ താമസിച്ചിരുന്ന ചിറ്റേഴത്ത് ഇച്ചരച്ചാരും കുടും ബവും കാണിച്ച സഹകരണത്തെക്കുറിച്ചും താൻ എഴുതിയ നാളാഗമ ത്തിൽ ചേർത്തിട്ടുണ്ട്.

1846 ൽ ചാവറയച്ചൻ മാന്നാനത്ത് സംസ്കൃതസ്കൂൾ ആരംഭിച്ച പ്പോൾ തൃശൂരുനിന്ന് ഒരു വാര്യരെയാണ് അദ്ധ്യാപകനായി തിരഞ്ഞെടു

ത്തത്, താൻ തുടങ്ങിയ സ്കൂളിലാകട്ടെ പൗരോഹിത്യത്തിനു പഠിക്കുന്നവരോടൊപ്പം മറ്റു മതസ്ഥർക്കും പ്രവേശനം നൽകി. പള്ളികളോടുചേർന്ന് സ്കൂളുകൾ ആരംഭിക്കണമെന്ന് അദ്ദേഹം നിർദ്ദേശം കൊടുത്തപ്പോൾ മാതൃകയായി തന്റെ ആശ്രമങ്ങളോടു ചേർന്നു നടത്തിയ സ്കൂളുകളിലെല്ലാം എപ്പോഴും അക്രൈസ്തവർക്കും പഠിക്കുവാൻ അവസരം ഉണ്ടായിരുന്നു. താഴ്ന്ന ജാതിയിൽപെട്ടവർക്കും പാവങ്ങൾക്കും സ്കൂളിൽ വന്നു പഠിക്കുവാനായി വസ്ത്രവും, ഉച്ചകഞ്ഞിയും പഠനോപകരണങ്ങളുമെല്ലാം നൽകാനും അദ്ദേഹം വഴികൾ കണ്ടെത്തിയിരുന്നു.

ചാവറയച്ചന്റെ ജീവിതത്തെ ഇപ്രകാരം പരിശോധിക്കുമ്പോൾ അദ്ദേഹത്തിന്റെ സമുദായത്തിലെ ജനങ്ങളോട് വിശ്വാസപരമായ കാര്യങ്ങളിൽ പ്രത്യേക നിലപാടുകൾ സ്വീകരിക്കുകയും വിശ്വാസത്തിലും വിശുദ്ധിയിലും വളരുവാൻ അവരെ പ്രേരിപ്പിക്കുകയും നയിക്കുകയും ചെയ്തിരുന്നെങ്കിലും മറ്റു മതവിശ്വസങ്ങളോട് ആദരവും സഹിഷ്ണുതയും, സഹകരണവും അദ്ദേഹം പുലർത്തിയിരുന്നു. അക്രൈസ്തവനായ തിരുവിതാംകൂർ രാജാവ് ഏറ്റുമാനൂർ എഴുന്നള്ളത്തിനു വന്നപ്പോൾ മാന്നാനത്തു നിന്നും സെമിനാരിക്കാരെയും വാദ്യമേളക്കാരെയും കൂട്ടികൊണ്ടുപോയി. രാജാവിന് വണക്കവും ആദരവും കാണിക്കുവാൻ പോലും ചാവറയച്ചൻ നേതൃത്വമെടുത്തിരുന്നു.

മതങ്ങളെ ഓട്ടുബാങ്കുകളായി മാറ്റി രാഷ്ട്രീയ മുതലെടുപ്പു നടത്തുന്നവർ ഇന്ന് നമ്മുടെ നാടിന്റെ മത സൗഹാർദ്ദത്തെ തകർക്കുവാൻ ശ്രമിക്കുകയാണ്. അതുവഴി സാധാരണ ജനങ്ങളിൽ വർഗ്ഗീയതയുടെ വിഷം കുത്തിവെച്ചുകൊണ്ടും മതങ്ങളെയും മതാചാര്യന്മാരെയും തമ്മിലടിപ്പിക്കാൻ പ്രേരിപ്പിക്കുകയാണ്. സാധാരണ ജനങ്ങളും വിശ്വാസികളും കഥയറിയാതെ ആട്ടം കാണുന്നവരായി മാറുകയാണ്. ഭാരതം എന്റെ നാടാണ്, ഭാരതീയർ എല്ലാവരും എന്റെ സഹോദരി സഹോദരന്മാരാണ് എന്ന് നമ്മൾ സ്കൂളുകളിൽ ഏറ്റുചൊല്ലാറുണ്ട്. എന്നിട്ട് നമ്മുടെ ജ്യേഷ്ഠസഹോദരങ്ങളിൽനിന്ന് നമ്മൾ കണ്ടുപഠിക്കേണ്ടിവരുന്നത് മതങ്ങളുടെ പേരുപറഞ്ഞ് തമ്മിലടിക്കുന്നവരെയും ചോരപ്പുഴ ഒഴുക്കുന്നവരേയും ആണ്. വിവിധ മതങ്ങൾ ഒന്നിച്ചുവളരുന്ന നാടായതുകൊണ്ടാണ് നമ്മുടെ ഇൻഡ്യൻ ഭരണഘടനയിൽ മതേതരത്വം എന്ന സിദ്ധാന്തം നടപ്പിലാക്കിയിരിക്കുന്നത്. ഓരോമതത്തിനും അതിന്റെ വിശ്വസസംഹിതകൾക്കനുസരിച്ച് വളരുവാനുള്ള സ്വാതന്ത്ര്യം ഭരണഘടന വഴി നമുക്ക് നൽകിയിരിക്കുന്നത് ഇതുകൊണ്ടാണ്. ഒരു മതാചാര്യനും മറ്റുമതങ്ങ

ളെയും മതാനുയായികളെയും ആദരിക്കരുത് എന്ന് പഠിപ്പിച്ചിട്ടില്ല. എന്നാൽ ഇന്ന് ആചാര്യന്മാരെക്കാൾ അനുയായികൾ മതവികാരങ്ങളെ ഇളക്കി വിട്ട് സഹോദരങ്ങളെ ശത്രുക്കളാക്കി മാറ്റുന്ന പ്രവണത വളർന്നു വരിക യാണ്, ഭാരതത്തെ ഭ്രാന്താലയമാക്കി മാറ്റുകയാണ്.

ഭാരതം നമ്മുടെ മാതൃരാജ്യമാണ്. സ്രഷ്ടാവും സർവ്വനന്മസ്വരൂ പനുമായ ദൈവപിതാവിനെ നമ്മൾ പല പേരുകളിലൂടെ ആരാധിക്കു ന്നു. ദൈവപിതാവിന്റെയും ഭാരതാംബയുടെയും മക്കളായ നമ്മൾ പര സ്പരം സഹോദരങ്ങളാണ്. കേരളത്തിൽ തന്നെ നൂറ്റാണ്ടുകൾ പഴക്ക മുള്ള മതങ്ങളിലെ അംഗങ്ങളാണ്. ഈ നാട്ടിൽ തന്നെ ജനിച്ചുവളർന്ന പൂർവ്വികരുടെ സന്താനപരമ്പരകളാണ് നാമെല്ലാവരും. വേറൊരു രാജ്യ ത്തുനിന്നു വന്നവർ എന്ന് ആരെക്കുറിച്ചും പറയുവാനുള്ള സാധ്യതയും കുറവാണ്. ഒരു വീട്ടിൽ ഉള്ളവർ പല പാർട്ടികളിലോ, സംഘടനക ളിലോ അംഗങ്ങളായിരിക്കുന്നതുപോലെ വിത്യസ്ത ദൈവവിശ്വാസ സംഹിതകൾ ഉൾക്കൊള്ളുന്ന വ്യത്യസ്ത മതങ്ങളിലെ അംഗങ്ങളാണെ ങ്കിലും ഭാരതമെന്ന, കേരളമെന്ന ഒരേ കുടുംബത്തിലെ അംഗങ്ങളാണ് നാമോരുരുത്തരും.

## ഗുണപാഠം

ആയിരമായിരം വർഷങ്ങൾ പഴക്കമുള്ള പല മതങ്ങൾ ആണ് കേര ളത്തിൽ ഉള്ളത്. ചില മതവിശ്വാസസംഹിതകൾ മറ്റുരാജ്യങ്ങളിൽ നിന്ന് കേരളത്തിലേക്ക് കടന്നുവന്നിട്ടുണ്ടെങ്കിലും ആ വിശ്വാസം സ്വീകരിച്ചവർ എല്ലാം ഇൻഡ്യക്കാരും ഈ നാട്ടിൽ മാത്രം പൗരത്വാവകാശമുള്ളവരുമാ ണ്. അതുകൊണ്ട് ഭാരതത്തിൽ ഇപ്പോഴുള്ള സകല മതസ്തരും ഭാരത ത്തിന്റെ മക്കളും പരസ്പരം സഹോദരങ്ങളുമാണ്. അതിനാൽ വ്യത്യസ്ത വിശ്വാസങ്ങളുടെ പേരിൽ എതിർക്കുവാനോ ഇല്ലായ്മ ചെയ്യുവാനോ ആർക്കും അവകാശമില്ല. ചാവറയച്ചൻ നമുക്ക് കാണിച്ചുതരുന്ന മാതൃക മതവ്യത്യാസങ്ങൾ കൂടാതെ എല്ലാവരെയും സ്നേഹിക്കുവാനും കഴി യുന്ന നന്മ എല്ലാവർക്കും ചെയ്തുകൊടുക്കുവാനുമാണ്. മതങ്ങളുടെ പേരു പറഞ്ഞ് ശത്രുതയോ എതിർപ്പോ കാണിക്കുന്നവരെ സ്നേഹപൂർവ്വം പറഞ്ഞു മനസ്സിലാക്കി മതസൗഹാർദ്ദം പങ്കുവെക്കുന്നവരിൽ ഒന്നാമരാ കുവാൻ നമുക്ക് ശ്രമിക്കാം.

## പ്രായോഗികം

എല്ലാ മതങ്ങളെയും അവയുടെ പ്രധാന തത്വസംഹിതകളെയും, അവയുടെ ആചാര്യന്മാരെയും കുറിച്ച്, അറിവുള്ളവരുടെ സഹായത്തോടെ പഠിച്ച് ഓരോ മതത്തെക്കുറിച്ചും 15 മിനിറ്റിനുള്ളിൽ അവതരിപ്പിക്കാവുന്ന പ്രബന്ധങ്ങൾ തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കുകയും ചർച്ചാവിഷയമാക്കുകയും ചെയ്യുക. ഇത് അദ്ധ്യാപകരുടെ നേതൃത്വത്തിൽ വേണം നടത്തുവാൻ. ഓരോ മതത്തോടും ബന്ധപ്പെടുന്ന ഉത്സവങ്ങളോ, പെരുനാളുകളോ വരുമ്പോൾ ആ മതത്തിൽപ്പെടുന്ന കൂട്ടുകാർക്ക് ആശംസകൾ അർപ്പിക്കുക. സ്വന്തമതവിശ്വാസങ്ങളെക്കുറിച്ച് ആഴത്തിൽ പഠിക്കുവാനും അതിനനുസരിച്ച് ജീവിക്കുവാനും ശ്രമിക്കുക.

**ചാവറസൂക്തങ്ങൾ**

- പിഴയ്ക്കാത്ത മനുഷ്യരില്ല, പൊറുക്കാത്ത ദൈവവുമില്ല.
- സമ്പത്തിന്റെ പേരിൽ അഹങ്കരിക്കരുത്
- കുടുംബത്തിന്റെ പ്രധാനസമ്പത്ത് ദൈവപേടിയും ഭക്തിയുമാകുന്നു.

***

# അദ്ധ്യായം - 11

# ജീവിതസഹനങ്ങളോട് എങ്ങനെ പ്രതികരിക്കാം

സുഖദു:ഖസമ്മിശ്രമായ ഒരു ലോകത്താണല്ലോ നമ്മൾ ജീവിക്കുന്നത്. സുഖകരമായ അനുഭവങ്ങളും അവസ്ഥകളും പോലെ ദു:ഖകരമായ അനുഭവങ്ങളും ജീവിതത്തിന്റെ ഭാഗമാണ്. ഇവയെ ജീവിതത്തിൽ നിന്ന് പൂർണ്ണമായി ഒഴിവാക്കാൻ സാധിക്കുകയില്ല. ദു:ഖകരമായ അനുഭവങ്ങളോടു നമ്മൾ എപ്രകാരം പ്രതികരിക്കുന്നു, അതിനോട് എന്തു മനോഭാവം വച്ചു പുലർത്തുന്നു എന്നതിനെ ആശ്രയിച്ചാണ് നമ്മുടെ ജീവിതം സമാധാനപൂർണ്ണവും സന്തോഷകരവും ആകുന്നത്.

കുറെ വർഷങ്ങൾക്ക് മുമ്പ് രണ്ടുവ്യക്തികളുടെ സഹനത്തെക്കുറിച്ചുള്ള വ്യത്യസ്ത പ്രതികരണങ്ങളെ കേൾക്കുവാനിടയായി. ഒന്നാമത്തെ ആൾക്ക് 32 വയസ്സുകാണും. അയാളുടെ അനുജൻ കോളേജുവിദ്യാർത്ഥി, കൂട്ടുകാർ ഒരുമിച്ചു യാത്ര ചെയ്തിരുന്ന കാർ അപകടത്തിൽപെട്ട് പെട്ടെന്ന് മരണമടഞ്ഞു. മൃതസംസ്കാരശുശ്രൂഷകളിൽ പങ്കെടുത്തശേഷം ജ്യേഷ്ഠൻ എന്റെയടുത്തു വന്നു ചോദിച്ചു. ദൈവമുണ്ടോ അച്ചോ, ദൈവം ഇത്ര ക്രൂരനാണോ അച്ചോ ? കൂട്ടുകാർ ഒരുമിച്ച് മദ്യപിച്ചതിന് ശേഷം കാർ ഓടിച്ചപ്പോഴാണ് അപകടം സംഭവിച്ചതെങ്കിലും അനുജന്റെ പെട്ടെന്നുള്ള മരണത്തിലുള്ള ജ്യേഷ്ഠന്റെ പ്രതികരണം ദൈവനിഷേധമല്ലെന്ന് എനിക്കറിയാമായിരുന്നു. എങ്കിലും അദ്ദേഹത്തിന്റെ മനോഭാവത്തിന്റെ പ്രത്യേകത തിരിച്ചറിഞ്ഞു.

രണ്ടാമത്തെ ആൾ നാല്പതു വയസ്സുള്ള ക്യാൻസർ രോഗിണിയാണ്. മുമ്പ് രണ്ട് ഓപ്പറേഷൻ കഴിഞ്ഞതാണ്. വീണ്ടും ഒരോപ്പറേഷൻ അടുത്തദിവസം നടക്കുവാൻ പോകുന്നു. വൈദികനെകണ്ടു കുമ്പസാരിക്കണം എന്നാവശ്യപ്പെട്ടതുകൊണ്ടാണ് ആളുടെ അടുത്തെത്തിയത്. വിട്ടുമാറാൻ സാധ്യതയില്ലാത്ത രോഗം, മൂന്നാമത്തെ ഓപ്പറേഷനു വിധേയയാകുന്നു. എന്തു വാക്കുകൾകൊണ്ട് ആശ്വസിപ്പിക്കാം എന്നറിയാതെയാണ് അടുത്തെത്തുന്നത്. സംസാരമദ്ധ്യേ ആളുടെ പ്രതികരണം ഇപ്രകാരമായിരുന്നു. ദൈവം ഇത്രമാത്രം സ്നേഹമുള്ളവനാണെന്ന് ഈ നാളുകളിലാണച്ചാ ഞാൻ തിരിച്ചറിയുന്നത്.

ജീവിതത്തിലേയ്ക്ക് കടന്നുവന്ന സഹനങ്ങളോടുള്ള രണ്ടുപേരുടെയും പ്രതികരണം വ്യത്യസ്തമായിരുന്നു. ഒരാൾ സഹനത്തിലൂടെ ദൈവത്തിന്റെ ക്രൂരതയെ കണ്ടെത്തി. മറ്റെയാൾ ദൈവം അറിഞ്ഞുകൊണ്ടു തന്നെ സംഭവിക്കുന്ന സഹനത്തിലെ ദൈവപരിപാലനയുടെയും സ്നേഹത്തിന്റെയും വശം കണ്ടെത്തി. ഒരാൾക്ക് കൂടുതൽ ദു:ഖവും നിരാശയും അനുഭവപ്പെട്ടു. മറ്റേയാൾക്ക് കൂടുതൽ ധൈര്യവും, പ്രത്യാശയും, ആശ്വാസവും അനുഭവപ്പട്ടു. എന്തായിരിക്കാം ഈ വ്യത്യാസത്തിനു കാരണം ? ജീവിതം സുഖദു:ഖ സമ്മിശ്രമാണ് എന്ന ബോദ്ധ്യങ്ങളിലുള്ള വ്യത്യാസമായിരിക്കാം ഒന്നാമത്തെ കാരണം. രണ്ടാമതായി സഹനത്തെ അഭിമുഖീകരിക്കുന്നതിനുപകരം അതിൽനിന്നും ഓടിയകലുവാൻ നടത്തുന്ന ശ്രമത്തിന്റെ ഭാഗമായിരിക്കാം ഈ വ്യത്യാസം.

നമ്മുടെ ജീവിതത്തിൽ രണ്ടുതരത്തിലുള്ള സഹനങ്ങൾ ഉണ്ട്. ഒന്ന് ശാരീരിക സഹനം മറ്റേത് മാനസിക സഹനം. ഒന്ന് ശരീരത്തിൽ അനുഭവപ്പെടുന്ന വേദനയിൽ നിന്നും മറ്റത് മനസ്സിലനുഭവപ്പെടുന്ന വേദനകളിൽ നിന്നും ഉണ്ടാകുന്നു. വീണ്ടും സഹനങ്ങൾ നമ്മൾ കാരണം ഉണ്ടാകുന്നതാകാം, മറ്റുള്ളവർ കാരണം ഉണ്ടാകുന്നതാകാം, അല്ലെങ്കിൽ സ്വാഭാവികമായി ഉണ്ടാകുന്നതാകാം. ഇവ മൂന്നിനോടും വ്യത്യസ്ത മനോഭാവങ്ങളാണ് നമ്മൾ സ്വീകരിക്കേണ്ടത്. നമ്മൾ കാരണം ഉണ്ടാകുന്ന സഹനങ്ങളുടെ ഉത്തരവാദിത്വം നമ്മൾ ഏറ്റെടുക്കണം. ഉദാഹരണമായി ഒരാൾ മദ്യപിച്ചതിനുശേഷം വേറൊരാളുമായി വഴക്കുണ്ടാക്കി. അയാൾ ഇയാളെ അടിച്ചുവീഴിക്കുകയും കൈയും കാലും ഒടിക്കുകയും ചെയ്തു. ഈ സഹനത്തിന് ഉത്തരവാദി അയാൾ തന്നെയാണ്. ഇതിന്റെ തെറ്റ് സ്വയം ഏറ്റെടുക്കുകയും, മനോഭാവത്തിലും, സ്വഭാവത്തിലും മാറ്റം വരുത്തുകയും ചെയ്യുമ്പോൾ ജീവിതം സന്തോഷകരമാകും.

നമ്മുടെ ജീവിതത്തിൽ സ്വാഭാവികമായി ഉണ്ടാകുന്ന സഹനങ്ങളോടും സഹകരിക്കേണ്ടതുണ്ട്. ഉദാഹരണമായി നമ്മുടെ ശരീരത്തിന്റെ നിറം, തലമുടിയുടെ നിറം, മുടിപൊഴിച്ചിൽ, ഉയരവ്യത്യാസം ഇവയൊക്കെ പലപ്പോഴും ചികിത്സയ്ക്കതീതമായിട്ടുള്ളതാണ്. യൂറോപ്പിലും അമേരിക്കയിലുമുള്ളവരൊക്കെ കാലാവസ്ഥയുടെ പ്രത്യേകതകൾ കൊണ്ടാകാം കൂടുതൽ വെളുത്ത ശരീരമുള്ളവരാണ്. അവർ ശരീരം കൂടുതൽ ബ്രൗൺ നിറമുള്ളതാക്കാൻ പ്രത്യേകം തൈലങ്ങൾ പൂശുകയും കടൽക്കരയിൽപോയി ചുട്ടുപഴുത്ത മണലിൽ കിടന്നുരുളുകയുമൊക്കെ ചെയ്യാറുണ്ട്. അങ്ങനെ രണ്ടാഴ്ച കഴിയുമ്പോൾ അല്പം ബ്രൗൺ നിറമൊക്കെയു

ണ്ടാകും. വീണ്ടും രണ്ടാഴ്ച കഴിയുമ്പോഴേയ്ക്കും പഴയ നിറത്തിലെത്തും. ഇൻഡ്യക്കാർ കൂടുതൽ വെളുത്തവരായികാണപ്പെടാൻ ആഗ്രഹിക്കുന്നു. അതിനായി പലതരം പൗഡറുകളും അതുപോലുള്ള വസ്തുക്കളും ഉപയോഗിക്കാറുണ്ട്. അതും അപ്രത്യക്ഷമാകുന്നു, പഴയനിറം തന്നെ അവശേഷിക്കുന്നു.

നമ്മുടെ നിറം ദൈവദാനമാണ്. അതിൽ മാറ്റം വരുത്തുവാൻ ശ്രമിച്ചാൽ നടക്കില്ല, അതിന്റെ ആവശ്യവുമില്ല എന്നുമനസ്സിലാക്കി അതംഗീകരിക്കുമ്പോൾ ഇതിനെചൊല്ലിയുള്ള നമ്മുടെ അപകർഷതാബോധം മാറിക്കിട്ടും. നമുക്കതൊരുവേദനയായി മാറുകയില്ല. നിറത്തിന്റെയും ഉയരത്തിന്റെയുമൊക്കെ വ്യത്യാസത്തിന്റെ പേരിൽ മറ്റുള്ളവരുടെ മുമ്പിൽ പ്രത്യക്ഷപ്പെടാൻ മടിക്കേണ്ടി വരില്ല. കാരണം നമ്മുടെ പരിശ്രമം കൊണ്ട് മാറ്റം വരുത്താവുന്ന ഒന്നല്ല പ്രകൃതിദത്തമായി നമുക്കുലഭിച്ചിട്ടുള്ള ഗുണങ്ങളും കഴിവുകളും. അപ്പോൾ ഉള്ളതുകൊണ്ട് തൃപ്തിപ്പെട്ടാൽ നമുക്ക് സന്തോഷമാകും.

നമ്മുടെ ജീവിതത്തിലുണ്ടാകുന്ന ചില രോഗങ്ങൾ ചിലപ്പോൾ ആജീവനാന്തം തുടരുന്നതായിരിക്കാം. ചിലതരം തലവേദന, വാതം, വലിവിന്റെ അസുഖം, ഡയബറ്റിക്സ് എന്നിവയൊക്കെ നിലനിന്നെന്നു വരാം. ചികിത്സയിലൂടെയും ഭക്ഷണസംവിധാനങ്ങളിലൂടെയുമെല്ലാം അവയെ നിയന്ത്രിക്കുവാൻ സഹകരിക്കുവാനേ നമുക്കു കഴിയൂ. അതിന്റെ പേരിൽ നിരാശപ്പെട്ടതുകൊണ്ടും എതിർത്തതുകൊണ്ടും ഫലമില്ല. ചിലപ്പോൾ മാനസികമായ ഈ എതിർപ്പുകൾ മൂലം അൾസർ പോലുള്ള രോഗങ്ങൾ പുതുതായി ഉണ്ടായെന്നു വരാം.

ചാവറയച്ചന്റെ ജീവിതത്തിൽ ചെറുപ്പംമുതലേ അദ്ദേഹത്തെ പിന്തുടർന്നിരുന്ന ഒരസുഖമാണ് വാതപ്പനി. മരണംവരെ ഇടക്കിടക്ക് അദ്ദേഹത്തെ ഈ രോഗം അലട്ടിയിരുന്നു. ഇതിന്റെ പേരിൽ രണ്ടുദിവസമൊക്കെ ബോധംകെട്ട നിലയിൽ അദ്ദേഹത്തിനു കഴിയേണ്ടി വന്നിട്ടുണ്ട്. ഇതോടൊപ്പം ചെറിയൊരളവിൽ അദ്ദേഹത്തെ മന്തുരോഗം ബാധിച്ചിരുന്നു എന്നും ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നുണ്ട്. ഇവക്കൊന്നും അമിതമായ പ്രാധാന്യം കൊടുക്കാതെ ആവുന്നിടത്തോളം ജോലികൾ ചെയ്തുകൊണ്ട് അദ്ദേഹം ധാരാളം യാത്ര ചെയ്തിരുന്നു. യാത്രചെയ്തിരുന്ന പല അവസരങ്ങളിൽ പനിയും, ബോധക്ഷയവുമൊക്കെ ഉണ്ടായതിന്റെ പേരിൽ അദ്ദേഹത്തെ എടുത്ത് ആശ്രമത്തിലെത്തിച്ചിട്ടുള്ള സംഭവങ്ങൾ വിവരിക്കുന്നുണ്ട്.

ചാവറയച്ചന്റെ മരണത്തിന് ഏതാനും നാൾമുമ്പ് മൂന്നുമാസത്തോളം അദ്ദേഹത്തിന്റെ കണ്ണുകൾക്ക് അതിശക്തമായ വേദനയും ഏതാണ്ട് പൂർണ്ണമായ അന്ധതയും ഉണ്ടായി. ഈ സന്ദർഭങ്ങളെ എങ്ങിനെ അഭിമുഖീകരിച്ചു എന്ന് ഒപ്പമുണ്ടായിരുന്നവർ വിവരിക്കുന്നുണ്ട്. ഈ അവസരങ്ങൾ ദൈവത്തോട് കൂടുതൽ അടുക്കുന്നതിനുള്ള നിമിഷങ്ങളായി അദ്ദേഹം മാറ്റിക്കൊണ്ട് ഒരിക്കലും പരാതിയുടേതോ ദു:ഖത്തിന്റേതോ ആയ പ്രതികരണങ്ങൾ കാണിച്ചില്ല. മറിച്ച് മരണത്തിനുള്ള നാളുകൾ അടുത്തു എന്നു മനസ്സിലാക്കിക്കൊണ്ട് അതിനുള്ള അടുത്ത ഒരുക്ക നിമിഷങ്ങളായി ഈ അവസ്ഥയെ സ്വീകരിച്ചു. ഒപ്പം ഭയം കൂടാതെ മരണത്തെ അഭിമുഖീകരിക്കുവാൻ പ്രാർത്ഥനമാത്രമാണദ്ദേഹം യാചിച്ചത്. കഠിനമായ ശാരീരികവേദനകൾ അനുഭവിച്ചുള്ള സഹനങ്ങൾ സന്തോഷപൂർവ്വം സ്വീകരിച്ച് തന്റെ സമയവും കഴിവുകളും ത്യാഗങ്ങളും മറ്റുള്ളവരുടെ നന്മക്കായി സ്വയം സമർപ്പിച്ച് അതിൽ ആനന്ദിച്ചു.

ചാവറയച്ചന്റെ കാലത്ത് വസൂരി എന്ന പകർച്ചവ്യാധി നാട്ടിൽ പലപ്പോഴും ഉണ്ടാകാറുണ്ടായിരുന്നു. വസൂരി പിടിപെട്ടാൽ മരണത്തിലേ അവസാനിക്കാറുണ്ടായിരുന്നുള്ളൂ. വസൂരി പിടിപെട്ടവരോടിടപെട്ടാൽ അവരെയും ഈ രോഗം കാർന്നു തിന്നുമായിരുന്നു. മരണാസന്നനായ ഒരു വസൂരിരോഗിയെ ചാവറയച്ചൻ ചെന്നുകണ്ട് ആശ്വസിപ്പിക്കുകയും, ശുശ്രൂഷിക്കുകയും മരണത്തിന് ആത്മീയമായി ഒരുക്കുകയും ചെയ്ത ഒരു സന്ദർഭത്തെക്കുറിച്ച് അദ്ദേഹത്തിന്റെ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മരണം വരിക്കേണ്ടിവന്നാലും നിരാലംബരായ രോഗികളെ സഹായിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച ശക്തി ദൈവസ്നേഹത്തോടു ചേർന്നു നില്ക്കുന്ന പരസ്നേഹം തന്നെ ആയിരുന്നു. മറ്റൊരു വാക്കിൽ പറഞ്ഞാൽ തന്നോളം വില തന്റെ സഹോദരനും കൊടുക്കുവാൻ അദ്ദേഹം തയ്യാറായി.

രോഗികളോടും അവശത അനുഭവിക്കുന്നവരോടുമുള്ള ചാവറയച്ചന്റെ മനോഭാവം കാരുണ്യത്തിന്റെയും ഔദാര്യത്തിന്റേയും, പങ്കുവെയ്ക്കലിന്റേതുമായിരുന്നു. 1855 മുതൽ 1867 വരെ 12 വർഷം ശരീരം തളർന്ന് രോഗിയായി കട്ടിലിൽ തന്നെ മാന്നാനത്തു കഴിഞ്ഞയാളാണ് നെല്ലിശ്ശേരി തോമ്മാച്ചൻ എന്ന വൈദികൻ. 1864 വരെ ചാവറയച്ചൻ മാന്നാനത്തു താമസിച്ചിരുന്നപ്പോൾ എത്ര തിരക്കുള്ള ദിവസങ്ങളായിരുന്നാലും ദിവസത്തിൽ ഒരു പ്രാവശ്യമെങ്കിലും തോമ്മാച്ചന്റെ മുറിയിൽ ചെല്ലുകയും അദ്ദേഹത്തോടു കുശലാന്വേഷണങ്ങൾ നടത്തുകയും അടുത്തിരുന്ന്

സുകൃതസംഭാഷണങ്ങൾ നടത്തുകയും ചെയ്യുമായിരുന്നു. 1864 മുതൽ ചാവറയച്ചൻ കൂനമ്മാവിൽ ആയതിനുശേഷം എപ്പോൾ മാന്നാനത്തു ചെന്നാലും തോമ്മാച്ചന്റെ മുറിയിൽ ആദ്യം ചെന്നതിനുശേഷമേ അദ്ദേഹം മറ്റുകാര്യങ്ങൾ അന്വേഷിക്കാറുണ്ടായിരുന്നുള്ളൂ. 12 വർഷം കിടന്ന കിടപ്പിൽ കിടന്നുള്ള നെല്ലിശ്ശേരി തോമ്മാച്ചന്റെ യാതൊരു പരാതിയും അതൃപ്തിയും കൂടാത്ത മാതൃകാപരമായ ജീവിതം ചാവറയച്ചനെ വളരെയധികം ആകർഷിച്ചിരുന്നു. സഹനത്തിന്റെ അർത്ഥം കണ്ടെത്തിയ ഇദ്ദേഹത്തെ കുറിച്ച് ചാവറയച്ചൻ സ്തുതിച്ചു പറയുമായിരുന്നു. അതുമല്ല, രോഗിയായ ഒരാളെ ശുശ്രൂഷിക്കാൻ അവസരം ലഭിക്കുന്ന ആശ്രമം അനുഗ്രഹിക്കപ്പെട്ടതാണെന്ന് അദ്ദേഹം തറപ്പിച്ചു പറഞ്ഞിരുന്നു. രോഗാവസ്ഥയിൽ മനുഷ്യർ ദൈവത്തോട് കൂടുതൽ അടുക്കുന്നു. ദൈവത്തോടടുക്കുന്നവരുടെ കൂട്ടത്തിൽ ദൈവവും ഉണ്ടായിരിക്കുമല്ലോ. ഈ ചെറിയവരിൽ ഒരുവന് എന്തെങ്കിലും നന്മചെയ്തു കൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തു തന്നത് എന്ന ക്രിസ്തുവിന്റെ വാക്യത്തിൽ ആഴമായ ബോദ്ധ്യമുണ്ടായിരുന്നതുകൊണ്ടാണ് ചാവറയച്ചൻ രോഗികളുടെ സാന്നിദ്ധ്യം ദൈവസാന്നിദ്ധ്യമാണെന്ന് പറഞ്ഞത്, രോഗികളെ പരിചരിക്കാനുള്ള ഉപവി ശാല തുടങ്ങുവാൻ കൈനകരിക്കാരെ പ്രേരിപ്പിച്ചത്.

ശാരീരികമായി വേദനിക്കുന്നവരെക്കാൾ കൂടുതൽ മാനസികമായി വേദനിക്കുന്നവരുടെ എണ്ണമാണ് ഇന്ന് ലോകത്തിൽ ഉള്ളത്. ഇവർക്കാണ് കൂടുതൽ ആശ്വാസവും പ്രത്യാശയും ആവശ്യമായിരിക്കുന്നത്. അവരവരുടെ മാനസിക പ്രശ്നങ്ങളെ സ്വയം അംഗീകരിച്ച് അതിനുള്ള പ്രതിവിധികളോട് സഹകരിച്ചെങ്കിൽ മാത്രമേ ഇവരെ മോചിപ്പിക്കാനാകൂ. ഇതിന് ശത്രുക്കളേയും സ്നേഹിക്കാൻ മനസ്സുണ്ടാകണം. ഇങ്ങോട്ടുപദ്രവം ചെയ്യുന്നവർക്ക് അങ്ങോട്ടു നന്മചെയ്യാൻ സാധിക്കണം. നമ്മെ അംഗീകരിക്കാത്തവരെ അങ്ങോട്ടംഗീകരിക്കാൻ തയ്യാറാകണം. നമ്മെ പീഡിപ്പിക്കുന്നവരോട് ക്ഷമിക്കുവാൻ കഴിയണം. നമ്മിൽ നിന്നകന്നുപോകുന്നവരെ അങ്ങോട്ടുചെന്ന് സ്നേഹിക്കുവാൻ സാധിക്കണം. നമ്മെ എതിർക്കുകയും, ഒറ്റപ്പെടുത്തുകയും വെറുക്കുകയും ചെയ്യുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ കഴിയണം. നമുക്ക് ചെയ്തുകിട്ടണമെന്നാഗ്രഹിക്കുന്നതൊക്കെ മറ്റുള്ളവർക്ക് ചെയ്തുകൊടുക്കുവാൻ തയ്യാറാകണം. ഇവയെല്ലാംകൂടി ഒറ്റവാക്കിൽ പറഞ്ഞാൽ ക്ഷമിച്ചുകൊണ്ടും സഹിച്ചുകൊണ്ടും മറ്റുള്ളവരെ സ്നേഹിക്കുവാൻ സാധിക്കണം. മനുഷ്യൻ മനുഷ്യനെ സ്നേഹിക്കുമ്പോൾ ദൈവം മനസ്സിൽ ജനിക്കും, മനുഷ്യൻ മനുഷ്യനെ വെറുക്കുമ്പോൾ ദൈവം മനസ്സിൽ മരിക്കുന്നു. നമ്മുടെ മനസ്സിൽ ദൈവത്തിന്

സ്ഥാനമുണ്ടാകുമ്പോൾ മാത്രമേ നമ്മുടെ സഹോദരങ്ങളായ സഹജീവികളിൽ നിന്നുണ്ടാകുന്ന കയ്പേറിയ അനുഭവങ്ങൾ ക്ഷമിച്ച് അവരെ സ്നേഹിക്കുവാനും ശുശ്രൂഷിക്കുവാനും സാധിക്കൂ.

## ഗുണപാഠം

ശാരീരികമാനസിക സഹനങ്ങൾ ജീവിതത്തിന്റെ ഭാഗമാണ്. അവയെ നാം അഭിമുഖീകരിച്ചേ പറ്റൂ. ഈ ശാരീരിക മാനസ്സിക സഹനങ്ങൾക്ക് ചിലപ്പോൾ നാം തന്നെയായിരിക്കാം കാരണക്കാർ. എങ്കിൽ അതിനുള്ള കാരണങ്ങൾ കണ്ടെത്തി അവയെ തിരുത്താൻ തയ്യാറാകുമ്പോൾ നാം കൂടുതൽ സന്തോഷവും സമാധാനവും ഉള്ളവരും മറ്റുള്ളവർക്ക് സന്തോഷവും സമാധാനവും കൊടുക്കേണ്ടവരും ആകും. പല സഹനങ്ങളും നമ്മുടെ അറിവോ സമ്മതമോ കൂടാതെ നമ്മുടെ ജീവിതത്തിലേക്ക് കടന്നു വരുന്നവയാണ്. പ്രകൃതിയിൽ നിന്നു വരുന്നതിനെ ചികിത്സകൊണ്ടും, മറ്റിതര കഴിവുകൾ ഉപയോഗിച്ചും നിയന്ത്രിക്കുവാനും ഇല്ലാതാക്കുവാനും പരിശ്രമിക്കുന്നതോടൊപ്പം ആത്യന്തികമായി ദൈവപരിപാലനയ്ക്ക് സമർപ്പിക്കുന്നതിലൂടെ നമ്മൾ കൂടുതൽ സന്തോഷവും സമാധാനവും ഉള്ളവരായിത്തീരും. ഇവിടെ ദൈവത്തിന് കൂടുതൽ പ്രാധാന്യം കൊടുക്കണം.

മനുഷ്യരിൽ നിന്നുള്ള കാരണങ്ങളാൽ നമ്മുടെ ജീവിതത്തിലേക്ക് കടന്നു വരുന്ന സഹനങ്ങൾ സ്വീകരിക്കുക മറ്റുള്ളവരെ നീതീകരിക്കാൻ ശ്രമിക്കുക, ദൈവം പാപികളോടു ക്ഷമിക്കുന്നതുപോലെ അവരോടു ക്ഷമിക്കാൻ തയ്യാറാകുക. അപകർഷതാബോധത്തിൽ നിന്നു നമ്മെതന്നെ പീഡിപ്പിച്ചുണ്ടാക്കുന്ന സഹനത്തെ അതിജീവിക്കാനുള്ള എളുപ്പവഴി നമുക്കുള്ളതു പലതും ഇല്ലാത്തവരുമായി നമ്മെ താരതമ്യം ചെയ്യുകയാണ്. മറിച്ച് നമ്മിലില്ലാത്തതു പലതും ഉള്ളവരുമായി താരതമ്യം ചെയ്യുമ്പോഴാണ് നമ്മിൽ അപകർഷതാബോധം ഉടലെടുക്കുന്നത്. നമ്മൾ കൂടുതൽ സ്വാർത്ഥമതികളാകുമ്പോഴാണ് അപകർഷതാബോധത്തിൽപെട്ട് വേദനിക്കുന്നവരാകുന്നത്.

## പ്രായോഗികം

നമ്മിൽ ദീനാനുകമ്പ വളർത്തിയെടുക്കുവാൻ പലവിധ രോഗികൾ ഉള്ള വലിയ ഹോസ്പിറ്റലുകളിലെ അത്യാഹിത വിഭാഗവും പ്രത്യേകിച്ച് ജനറൽ വാർഡും സന്ദർശിച്ച് രോഗികളുടെയും അവരെ പരിചരിക്കുന്ന

പരുടെയും അനുഭവങ്ങൾ നോക്കി കാണുകയും അവരുടെയടുത്തു ചെന്ന് വിശേഷങ്ങൾ ആരായുകയും ചെയ്യുക. അംഗവൈകല്യം ഉള്ള, ബുദ്ധി മാന്ദ്യമുള്ള കുട്ടികളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങളിൽ സന്ദർശനം നടത്തി ജീവിതകാലം മുഴുവൻ അവർ ഏറ്റെടുക്കേണ്ടിവരുന്ന സഹന ത്തിന്റെ ആധിക്യം മനസ്സിലാക്കുക. ഇതിനായി അദ്ധ്യാപകരുടെ നേതൃ ത്വത്തിൽ ഹോസ്പിറ്റലുകളും സ്ഥാപനങ്ങളും സന്ദർശിക്കുക. ഏതെല്ലാം കാരണങ്ങളാലാണ് നമ്മൾ മറ്റുള്ളവർക്ക് സഹനത്തിന് കാരണക്കാരാകു ന്നത് എന്ന് ക്ലാസ്സിൽ ചർച്ചാ വിഷയമാക്കി ഇവക്കെതിരായ സൽപ്രവർത്തി കൾ എങ്ങിനെ വളർത്തിയെടുക്കാമെന്ന് തീരുമാനിച്ച് നടപ്പിലാക്കുക. നമു ക്കിഷ്ടമില്ലാത്തതു സംഭവിക്കുമ്പോൾ ദൈവത്തെ പഴിക്കാതിരിക്കുക.

***

## അദ്ധ്യായം - 12

# ചാവറയച്ചൻ കുട്ടികളോട് സംസാരിക്കുന്നു

**കു**ട്ടികളെ വളരെയധികം സ്നേഹിച്ചിരുന്ന ചാവറയച്ചൻ അവർ അറിവിലും കഴിവിലും വളർന്ന് മാതാപിതാക്കൾക്കും സമൂഹത്തിനും സ്വീകാര്യരും നന്മചെയ്യുന്നവരും ആയിത്തീരണമെന്ന് ആഗ്രഹിച്ചിരുന്നു. ജാതിമതഭേദമന്യേ എല്ലാവർക്കും ഒരുമിച്ചിരുന്നു പഠിക്കുവാൻ അവസരം ഒരുക്കിത്തന്ന നവോത്ഥാനനായകനാണ് ചാവറയച്ചൻ. അദ്ദേഹം കുട്ടികൾക്കായി നല്കുന്ന 31 വചനങ്ങൾ നമുക്ക് മനഃപാഠമാക്കാം.

1. മക്കളെ, നിങ്ങൾ മാതാപിതാക്കളുടെ കൈകളിലെ ദൈവ നിക്ഷേപമാകുന്നു.
2. ദൈവസ്നേഹവും ദൈവഭയവും ഉള്ള മക്കൾ മാതാപിതാക്കളെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യും.
3. അമ്മയിൽ ആശ്രയിക്കുക. അമ്മയുടെ അപേക്ഷ കുഞ്ഞിന്റെ അപേക്ഷപോലെ ദൈവം കേൾക്കും.
4. വളരുവാൻ ഭക്ഷണം എന്നതു പോലെ അറിവും വിശുദ്ധിയും ആത്മീയ ഭക്ഷണമാകണം.
5. കൃത്യമായി സ്കൂളിൽ പോകുകയും പഠിപ്പിക്കുന്നവ ആഴ്ചതോറും ഓർമ്മ പുതുക്കുകയും ചെയ്യുക.
6. മടി സർവ്വ ദുർഗുണങ്ങളേയും വളർത്തുന്നു.
7. ദൈവ സ്നേഹികളാകട്ടെ നിങ്ങളുടെ കൂട്ടുകാർ. നല്ല കൂട്ടുകാർ നിങ്ങളെ നല്ലവരാക്കും.
8. നിങ്ങളുടെ കൂട്ടുകാർ ആരെന്നുപറഞ്ഞാൽ നിങ്ങൾ ആരാണെന്നു ഞാൻ പറയാം.
9. ചീത്ത പുസ്തകങ്ങൾ സൂക്ഷിക്കുന്നത് വൈക്കോലിൽ തീ ഒളിച്ചു വെയ്ക്കുന്നതു പോലെയാകുന്നു.
10. പതിവായി സദ്ഗ്രന്ഥങ്ങൾ വായിച്ച് ധ്യാനിക്കുക. അത് ബുദ്ധിയെ പ്രകാശിപ്പിക്കും.
11. സമയ ക്രമീകരണത്തിലൂടെ കൃത്യനിഷ്ഠരാകുക.
12. മോശമായ സാഹചര്യങ്ങളിൽപെട്ടാൽ, മാലാഖമാരായ നിങ്ങൾ പിശാചുക്കളായി മാറും.

13. നിങ്ങൾ സന്ധ്യയ്ക്കു മുമ്പേ വീട്ടിൽ എത്തി സന്ധ്യാനമസ്കാരങ്ങളിൽ പങ്കുചേരണം.

14. പ്രായത്തിനടുത്ത വസ്ത്രധാരണവും ആത്മവിശുദ്ധിയും ഉള്ളവരാകണം.

15. അമിതമായ വേഷാലങ്കാരം നിങ്ങളെ തിന്മയിലേയ്ക്കു നയിക്കും.

16. ലോകനടപ്പെന്നു പറഞ്ഞ് ചെറുപ്പത്തിൽ തന്നെ നുണയും സൂത്രവും, വഞ്ചനയും അഭ്യസിക്കേണ്ട.

17. നിങ്ങളുടെ കഴിവ് ജീവക്രമത്തിലും, ദൈവഭക്തിയിലും, ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുന്നതിലുമായിരിക്കട്ടെ.

18. നിങ്ങൾ സത്യത്തേയും നീതിയേയും സ്നേഹിക്കണം.

19. വഞ്ചനകൊണ്ടും കളവുകൊണ്ടും സമ്പാദിച്ചവ മഞ്ഞുപോലെ വേഗം അലിഞ്ഞുപോകും.

20. നിങ്ങളുടെ അറിവിനും പ്രായത്തിനും അനുസരിച്ചുള്ള തൊഴിൽ ചെയ്യണം.

21. മറ്റുള്ളവർക്ക് നന്മചെയ്യാത്ത ദിവസം നിന്റെ ജീവിതത്തിലുണ്ടാകാതിരിക്കട്ടെ.

22. നിങ്ങളെ ഒരാൾ അപമാനിച്ചു, നിങ്ങളോടു വഴക്കുകൂടി എന്നതൊക്കെ വാശിയും വൈരാഗ്യവും വർദ്ധിപ്പിക്കാൻ കാരണമാകരുത്.

23. പാവപ്പെട്ടവരെ നിന്ദിക്കുകയോ ബുദ്ധിമുട്ടിക്കുകയോ അരുത്.

24. നിങ്ങളുടെ ജീവിതാന്തസ്സിനെ നിശ്ചയിക്കുന്നത് ദൈവവും തിരഞ്ഞെടുക്കുന്നത് നിങ്ങളുമാണ്.

25. നിങ്ങൾ ജീവിത പങ്കാളിയെ തിരഞ്ഞെടുക്കുമ്പോൾ സ്വഭാവഗുണവും ജീവിതമര്യാദകളും ഉള്ളവരെ തിരഞ്ഞെടുക്കുക.

26. നിങ്ങൾ പ്രായത്തിലും പ്രാപ്തിയിലും എത്തിയാലും മാതാപിതാക്കൾക്കു കൊടുക്കേണ്ട അംഗീകാരവും വിധേയത്വവും നല്കണം.

27. സ്വന്തം സഹോദരങ്ങളെ വെറുക്കരുത്.

28. വാർദ്ധക്യത്തിലെത്തിയ മാതാപിതാക്കളെ സംരക്ഷിക്കുക മക്കളുടെ കടമയാണ്.

29. നിങ്ങളെ ഓർത്ത് മാതാപിതാക്കൾ കണ്ണീർ വീഴ്ത്താൻ ഇടവരുത്തരുത്. അവരെ വേദനിപ്പിച്ചാൽ ഈ ലോകത്തിൽ തന്നെ നിങ്ങൾ ശിക്ഷ അനുഭവിക്കേണ്ടി വരും.

30. എളിയ ഭാവം കാണിക്കുന്നവനാണ് മനുഷ്യരിൽ ഏറ്റം ഉന്നതൻ.

31. നിങ്ങൾ ദൈവത്തിന്റെ സ്വന്തമാകയാൽ ദൈവത്തിനു തിരിച്ചേല്പിക്കപ്പെടേണ്ടവരാണ്.

# വിഷയ സൂചിക


1. **ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ Vol. I**
   നാളാഗമങ്ങൾ, ചാവറയച്ചൻ
   (ed.) Publishing Committee,
   St.Joseph's press, Mannanam, 1981

2. **വാഴ്ത്തപ്പെട്ട ദിവ്യശ്രീ ചാവറകുറിയാക്കോസ് ഏലിയാസച്ചൻ**
   ഫാ. വലേരിയൻ സി.ഡി.
   സെന്റ്. ജോസഫ് പ്രസ്സ്, മാന്നാനം, 1939

3. **ചാവറയച്ചൻ ഒരു രേഖാ ചിത്രം**
   ഫാ.തോമസ് പന്തപ്ലാക്കൽ സി.എം.ഐ,
   അനശ്വര പ്രിന്റേഴ്സ്, കൊച്ചി, 2004

4. **A Pearl Truely Indian**
   Fr.Thomas Panthaplackal CMI.
   Anaswara printers, Kochi, 2005

5. **ചാവറയച്ചൻ**
   A Deepika Publication, Kottayam, 2004

# KRISTU JYOTI GROUP

**KRISTU JYOTI HIGHER SECONDARY SCHOOL**
**PLACID VIDYA VIHAR SENIOR SECONDARY SCHOOL**
**KRISTU JYOTI COLLEGE OF MANAGEMENT & TECHNOLOGY**
**KRISTU JYOTI KINDERGARTEN & PLAY SCHOOL**

SYNONYM OF EXCELLENCE

KRISTU JYOTI GROUP
SINCE 1982


Chethipuzha, Kurisummoodu P. O, Changanacherry , Kottayam - 686 104
Ph: 0481 - 2722037, 2721980, 2721937 , Fax : 0481 - 2722124
URL : www.kristujyoti.com, E-mail : placidchn@sancharnet.in